# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോഴിക്കോട് ജില്ലപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , കോഴിക്കോട് ജില്ല
ജോയിന്റ് ഡയറക്ടറുടെ കാര്യാലയം
e-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.കെ.ഡി.പി 8/871 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം

സിവിൽ സ്റ്റേഷൻ, കോഴിക്കോട് .20

ഫോൺ. 0495-2371012

E-mail: dokkd.ksad@kerala.gov.in

തീയ്യതി : 24.05.2017

ജോയിന്റ് ഡയറക്ടർ,

കോഴിക്കോട്

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ജില്ലപഞ്ചായത്ത്, കോഴിക്കോട്

സർ

വിഷയം : കോഴിക്കോട് ജില്ലപഞ്ചായത്ത് - 2015-16സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

***************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോഴിക്കോട് ജില്ലപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ജില്ലാപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997ലെ കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), ചട്ടം 20, 23, 1997 കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

<u>പകർപ്പ്:</u>

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

3)കാര്യാലയ പ്രതി

നം കെ.എസ്.എ/കെ.കെ.ഡി.പി.8 /871/2017 തീയതി : 24.05.2017

## കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.01.2015 മുതൽ 31.03.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 55 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ.പി.ഉണ്ണികൃഷ്ണൻ, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 06.09.2016മുതൽ 31.03.2017 വരെ വിവിധ തീയ്യതികൾ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| ശ്രീ. സബിത.എസ് | ഓഡിറ്റ് ഓഫീസർ |
| ശ്രീ. ഷിപിൻ പീറ്റർ.സി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി. ഇന്ദുകല.സി.വി | ഓഡിറ്റർ |
| 13.03.2017 മുതൽ 25.03.2017 വരെ (പ്രത്യേക ബാച്ച്) | |
| ശ്രീ.കെ.പി.രതനസിംഗ് | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ.കെ.എം.ബാലകൃഷ്ണൻ | ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഗിരീശൻ പാറപ്പൊയിൽ | ഓഡിറ്റ് ഓഫീസർ |
| ശ്രീ.എ.കെ.ബാലസുബ്രമണ്യം | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ഷൈന.എ.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഉണ്ണികൃഷ്ണൻ.പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 17.04.2017 മുതൽ 22.04.2017 വരെ | |
| ശ്രീ.കെ.എം.ബാലകൃഷ്ണൻ | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ഷൈന.എ.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.കാനത്തിൽ ജമീല | 01.04.2015മുതൽ 31.10.2015വരെ |
| | ശ്രീ.ബാബു പാറശ്ശേരി | 11.11.2015മുതൽ 31.03.2016വരെ |
| സെക്രട്ടറി | ശ്രീ.എം.സലീം | 01.04.2015മുതൽ 31.03.2016വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| പേര് | തസ്തിക | കാലയളവ് |
|---|---|---|
| ശ്രീമതി.വി.കെ.ശ്രീലത. | ജില്ല വനിത വികസന ഓഫീസർ | 01.04.2015 മുതൽ 31.03.2016 വരെ |
| ശ്രീമതി.ജയശ്രീ.പി.എൻ. | ഡപ്യൂട്ടി ഡയറക്ടർ, കൃഷി | 01.04.2015 മുതൽ 31.03.2016 വരെ |
| ഡോ.പി.പി.കണാരൻ | ഡപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം | 01.04.2015 മുതൽ 31.03.2016 വരെ |
| ശ്രീ.ടി.അഹമ്മദ് കബീർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ(കൃഷി) | 01.04.2015 മുതൽ 31.03.2016 വരെ |
| ശ്രീ.സുരജിത്ത്.എ.വി | സൂപ്രണ്ട്, ടൈലറിംഗ് & ഗാർമെന്റ്സ് മേക്കിംഗ് ട്രെയിനിംഗ് സെന്റർ, വടകര | 01.04.2015 മുതൽ 31.03.2016 വരെ |
| ശ്രീമതി.ബീന.പി | സൂപ്രണ്ട്, ടൈലറിംഗ് & ഗാർമെന്റ്സ് മേക്കിംഗ് ട്രെയിനിംഗ് സെന്റർ, മലാപ്പറമ്പ് | 01.04.2015 മുതൽ 31.03.2016 വരെ |
| ഡോ.ഗിരീഷ് ചോലയിൽ | ഡപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം | 01.04.2015 മുതൽ 31.03.2016 വരെ |
| ശ്രീ. കെ.മുഹമ്മദ് ഇസ്മയിൽ | ജില്ലാ മിഷൻ കോഡിനേറ്റർ കുടുംബശ്രീ | 01.04.2015 മുതൽ 15.04.2015 വരെ |
| ശ്രീ. മുഹമ്മദ് ബഷീർ. ടി. പി | | 16.04.2015 മുതൽ 31.03.2016 വരെ |
| ശ്രീ. പി.എ ശശി | ജില്ലാ പട്ടികജാതി വികസന ഓഫീസർ | 01.04.2015 മുതൽ 31.07.2015 വരെ |
| ശ്രീ. കെ പത്മരാജൻ | | 01.08.2015 മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| ശ്രീമതി.ടി.പി.സാറാമ്മ<br><br>ശ്രീമതി.ഹഫ്സത്ത്.ടി. | ഐ.സി.ഡി.എസ്<br>ജില്ലാ പ്രോഗ്രാം ഓഫീസർ | 01.04.2015 മുതൽ 29.05.2015 വരെ<br>30.05.2015 മുതൽ 31.03.2016 വരെ |
| ശ്രീമതി.ടി.എം.മറിയം ഹസീന | ഡപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് | 01.04.2015 മുതൽ 31.03.2016 വരെ |
| ശ്രീ.ജോഷി ജോസഫ്.എം | ഡപ്യൂട്ടി ഡയറക്ടർ, ഡയറീസ് | 01.04.2015 മുതൽ 12.01.2016 വരെ |
| ശ്രീമതി.ശോഭന.എം. | | 13.01.2016 മുതൽ 31.03.2016 വരെ |
| ശ്രീമതി.ടി.പി.സാറാമ്മ | ജില്ലാ സാമൂഹ്യ നീതി ഓഫീസർ | 01.04.2015 മുതൽ 31.03.2016 വരെ |
| ഡോ.പി.കെ.മോഹനൻ | ജില്ല മെഡിക്കൽ ഓഫീസർ, (അലോപ്പതി) | 01.04.2015 മുതൽ 15.05.2015 വരെ |
| ഡോ.സമീറ.എ. | | 16.05.2015 മുതൽ 24.05.2015 വരെ |
| ഡോ.പി.കെ.മോഹനൻ | | 25.05.2015 മുതൽ 31.05.2015 വരെ |
| ഡോ.പിയൂഷ്.എം | | 31.05.2015 മുതൽ 22.06.2015 വരെ |
| ഡോ.നാരായണ നായിക്.കെ | | 22.06.2015 മുതൽ 16.11.2015 വരെ |
| ഡോ.സരിത.ആർ.എൽ. | | 16.11.2015 മുതൽ 18.11.2015 വരെ |
| ഡോ.പിയൂഷ്. എം. | | 18.11.2015 വരെ 25.11.2015 വരെ |
| ഡോ.സരിത.ആർ.എൽ | | 26.11.2015 മുതൽ 31.03.2016 വരെ |
| ഡോ.വി.എം.സാലി | ജില്ല മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01.04.2015 മുതൽ 31.05.2015 വരെ |
| ഡോ.വൽസമ്മ മംഗലശ്ശേരി | | 01.06.2015 മുതൽ 06.09.2015 വരെ |
| ഡോ.സി.പി.അംബുജം | | 07.09.2015 മുതൽ 10.02.2016 വരെ |
| ഡോ.ജയശ്രീ.എസ്. | | 11.02.2016 മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| ഡോ.ആമിന.ടി.പി. | സൂപ്രണ്ട് ജില്ല ആശുപത്രി, വടകര | 01.04.2015 മുതൽ 31.03.2016 വരെ |
| ശ്രീ.കൃഷ്ണൻ.കെ | ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർ | 01.04.2015 മുതൽ 15.04.2015വരെ |
| ശ്രീമതി.പി.ശാന്ത(i/c) | | 16.04.2015മുതൽ 21.05.2015വരെ |
| ശ്രീ.മൂസ ആയക്കോടൻ | | 22.05.2015 മുതൽ 30.05.2015 വരെ |
| ശ്രീ.വി.ശശീന്ദ്രൻ | | 31.05.2015 മുതൽ 31.03.2016 വരെ |
| ശ്രീമതി. ജലജാമണി.വി.ഡി<br>ശ്രീ.മുഹമ്മദ് അഷ്റഫ്.എ | എക്സിക്യൂട്ടിവ് എൻജിനീയർ, എൽ.എസ്.ജി.ഡി | 01.04.2015 മുതൽ 24.09.2015 വരെ<br>25.09.2015 മുതൽ 31.03.2016 വരെ |
| ശ്രീ.പി.രവീന്ദ്രൻ | പ്രോജക്ട് ഡയറക്ടർ,<br>ദാരിദ്ര്യ ലഘൂകരണം | 01.04.2015 മുതൽ 31.03.2016 വരെ |
| ശ്രീ.വി.കെ.ചന്ദ്രശേഖരൻ | അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ശുചിത്വം) | 01.04.2015 മുതൽ 04.10.2015 വരെ |
| ശ്രീ.പി.അബ്ദുൾ അസീസ് | | 05.10.2015 മുതൽ 31.12.2015 വരെ |
| ശ്രീമതി.ഗീത കുമാരി.കെ | | 01.01.2016 മുതൽ 19.01.2016 വരെ |
| ശ്രീമതി.വി.കെ.ശ്രീലത | | 19.01.2016 മുതൽ 14.02.2016 വരെ |
| ശ്രീ.കെ.പി.വേലായുധൻ | | 15.02.2016 മുതൽ 31.03.2016 വരെ |
| ശ്രീ. ഡാനിയൽ മാത്യൂ | ഫാം സൂപ്രണ്ട്, കുത്താളി | 01.04.2015 മുതൽ 31.03.2016 വരെ |
| ശ്രീമതി.ഹാജ്ജുറുമ്മബി.എ.എം.<br>ശ്രീ.ശശി പൊന്നാന. | സീനിയർ കൃഷി ഓഫീസർ, പേരാമ്പ്ര | 01.04.2015 മുതൽ 09.03.2016 വരെ<br>09.03.2016 മുതൽ 31.03.2016 വരെ |
| ഡോ.വൽസമ്മ മംഗലശ്ശേരി | സൂപ്രണ്ട്/<br>സീനിയർ മെഡിക്കൽ ഓഫീസർ<br>ജില്ല ആശുപത്രി, | 01.04.2015 മുതൽ 06.09.2015 വരെ |
| ഡോ.പി.സി.ജെസ്സി | | 07.09.2015 മുതൽ 05.11.2015 വരെ |

| | | |
|---|---|---|
| | | |
| ഡോ.വൽസമ്മ മംഗലശ്ശേരി | ആയുർവ്വേദം | 06.11.2015 മുതൽ 31.01.2016 വരെ |
| ഡോ.പി.കെ.സോമൻ | | 01.02.2016 മുതൽ 16.02.2016 വരെ |
| ഡോ.പി.വി.ശ്രീദേവി | | 17.02.2016 മുതൽ 01.03.2016 വരെ |
| ഡോ.പി.കെ.സോമൻ | | 02.03.2016 മുതൽ 31.03.2016 വരെ |
| ഡോ.സിബി.വൽസലൻ | സൂപ്രണ്ട് ജില്ല ആശുപത്രി, ഹോമിയോ | 01.04.2015 മുതൽ 12.11.2015 വരെ |
| ഡോ.പുഷ്പം.ജെ.ചുണ്ടമല | | 13.11.2015 മുതൽ 31.03.2016 വരെ |
| ശ്രീ.സുരേഷ്.എച്ച്. | കൃഷി അസിസ്റ്റന്റ് ഡയറക്ടർ, തിക്കോടി ഫാം | 01.04.2015 മുതൽ 31.03.2016 വരെ |
| ഡോ.കെ.നീന കുമാർ | സീനിയർ വെറ്റിനറി സർജ്ജൻ / അസിസ്റ്റന്റ് ഡയറക്ടർ, റീജിയണൽ പൗൾട്രി ഫാം ഫാം സൂപ്രണ്ട്, പുതുപ്പാടി | 01.04.2015 മുതൽ 23.04.2015 വരെ |
| ഡോ.കെ.ചന്ദ്രൻ | | 24.04.2015 മുതൽ 15.06.2015 വരെ |
| ഡോ.ടി.യു.ഷാഹിന | | 16.06.2015 മുതൽ 20.07.2015 വരെ |
| ഡോ.സി.സലാഹുദ്ദീൻ | | 21.07.2015 മുതൽ 08.09.2015 വരെ |
| ഡോ.സി.ജലാലുദ്ദീൻ | | 09.09.2015 മുതൽ 31.03.2016 വരെ |
| ശ്രീമതി. ശാന്തി.പി. | | 01.04.2015 മുതൽ 31.03.2016 വരെ |

<u>ഓഡിറ്റ് റിപ്പോർട്ടിന്റെ ഉള്ളടക്കം</u>

ഈ റിപ്പോട്ടിൽ നാല് ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.

| ഭാഗം -1 | |
|---|---|
| 1-1 | ബജറ്റ് |
| 1-2 | സാമ്പത്തിക വിശകലനം |
| 1-3 | ഫണ്ട് വിനിയോഗം |
| 1-4 | പദ്ധതി അവലോകനം |

| | |
|---|---|
| 1-5 | തനതു വരുമാനം |
| 1-6 | ക്യാഷ് വെരിഫിക്കേഷൻ |
| 1-7 | സ്ഥാപനത്തിൽ മറ്റ് ഓഡിറ്റ് വിഭാഗങ്ങൾ ഓഡിറ്റ് നടത്തിയതിന്റെ വിവരം. |
| ഭാഗം-2 | |
| 2-1 | വാർഷിക കണക്കിലെ അപാകതകൾ. |
| 2-2 | രശീതികൾ നഷ്ടപ്പെട്ടത് - നിയമ പ്രകാരമുള്ള നടപടി സ്വീകരിച്ചില്ല. |
| 2-3 | രശീതി പ്രകാരമുള്ള പിരിവും പണം അടവാക്കലും - അപാകതകൾ. |
| 2-4 | ചെറുവണ്ണൂർ - നല്ലളം ഇൻഡസ്ട്രിയൽ പ്ലോട്ട് - ഹയർ പർച്ചേസ് വിലയിൽ കുടിശ്ശിക പിരിച്ചെടുത്തില്ല. |
| 2-5 | കൃഷി ഫാമുകളിൽ നിന്നും വിതരണം ചെയ്ത ഉൽപ്പന്നങ്ങളുടെ വില ലഭ്യമായിട്ടില്ല. |
| 2-6 | ഉപയോഗയോഗ്യമായ വസ്തുവകകളുടെ ലേലം - വരവിൽ കൃത്യതയില്ല. |
| 2-7 | കൈമാറികിട്ടിയ ഫാമുകളിലെ ക്വാർട്ടേഴ്സ് വാടക പൊതുമരാമത്ത് വകുപ്പിന് നൽകുന്നു. |
| ഭാഗം-3 | |
| 3-1 | റോഡ് മെയിന്റനൻസ് ഗ്രാന്റ്- അർഹമായതിലും കൂടുതൽ തുക ലഭ്യമാകുന്ന കാര്യം സർക്കാരിനെ അറിയിച്ചില്ല. |
| 3-2 | ഗവ: ഹൈസ്കൂളിൽ കമ്പ്യൂട്ടർ വാങ്ങൽ- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ |
| 3-3 | ലാബ് ഉപകരണങ്ങൾ വാങ്ങൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. |
| 3-4 | വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലകളിലുള്ള പ്രവർത്തനങ്ങൾക്ക് സമാനമായി പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കി. |
| 3-5 | മേഖല ചുമതലകൾ മറികടന്ന് പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികൾക്ക് കരകൗശലന പരിശീലനം. |
| 3-6 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം- മാർഗനിർദ്ദേശങ്ങൾ പാലിച്ചില്ല. |
| 3-7 | ജില്ല ആശുപത്രി - ആവർത്തന ചെലവുകൾക്ക് പദ്ധതി പണം വിനിയോഗിക്കുന്നു. |
| 3-8 | കൈമാറികിട്ടാത്ത ആരോഗ്യ സ്ഥാപനങ്ങളിലേക്ക് നിയമ വ്യവസ്ഥകൾ പാലിക്കാതെ മരുന്ന് വാങ്ങി നൽകി. |
| 3-9 | ജില്ല ആശുപത്രിയിൽ പഞ്ചായത്തിന്റെ അധീനതയിൽ ട്രസ്റ്റ് രൂപീകരിച്ചു. |
| 3-10 | ജില്ല ആശുപത്രിയിൽ ജില്ല പഞ്ചായത്തിന്റെ പദ്ധതികൾക്ക് സമാനമായി നഗരസഭ വക ആവർത്തന പദ്ധതികൾ. |

| | |
|---|---|
| 3-11 | സോളാർ വാട്ടർ ഹീറ്റർ സ്ഥാപിച്ചതിലെ അപാകതകൾ. |
| 3-12 | ആയുർയോഗ - മേഖല ചുമതല, മാർഗ്ഗരേഖ എന്നിവയിൽ പെടാത്ത പദ്ധതി നടപ്പാക്കി. |
| 3-13 | സർക്കാർ അനുമതിയില്ലാതെ കൈമാറികിട്ടാത്ത സ്ഥാപനത്തിലേക്ക് സഞ്ചരിയ്ക്കുന്ന പാൽ ഗുണനിയന്ത്രണ ലാബും, ഫാർമർ ഫെസിലിറ്റേഷൻ കം ഇൻഫോർമേഷൻ സെന്ററും. |
| 3-14 | കൂത്താളി ഹൈടെക്ക് ഡയറി ഫാം പശുവാങ്ങൽ. |
| 3-15 | തെരുവ് നായ നിയന്ത്രണ പദ്ധതി നടപ്പാക്കിയില്ല - ലഭ്യമായ തുക മുതനിക്ഷേപമായി സൂക്ഷിക്കുന്നു. |
| 3-16 | പട്ടികവർഗ്ഗ കോളനി വൈദ്യുതീകരണത്തിനായി കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ച തുക 7 വർഷമായി വിനിയോഗിച്ചില്ല. |
| 3-17 | പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും വീഴ്ച – വിവിധ മേഖലകളിലെ നിർമ്മാണ പ്രവൃത്തികൾക്ക് വകയിരുത്തിയ തുകയിൽ 50.72 കോടി രൂപ നഷ്ടമായി. |
| 3-18 | ടാറിംഗിന് അധിക നിരക്ക് നൽകി. |
| 3-19 | ചെയ്യാത്ത പ്രവൃത്തി ചെയ്തതായി സാക്ഷ്യപ്പെടുത്തി തുക അനുവദിച്ചു. |
| 3-20 | പിഴ ഈടാക്കാതെ പ്രവൃത്തി പൂർത്തീകരിക്കാൻ സമയം ദീർഘിപ്പിച്ചു നല്കി. |
| 3-21 | കാരന്തൂർ - പരപ്പമ്മൽ ഏട്ടക്കുണ്ട് റോഡ് (കുന്ദമംഗലം ഗ്രാമ പഞ്ചായത്ത് ) - അപാകതകൾ. |
| 3-22 | ഐ.ആർ.സി.സ്പെസിഫിക്കേഷന് വിരുദ്ധമായി അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ച് റോഡ് നിർമ്മിച്ചു. റോഡിന്റെ ഗുണനിലവാരം ഉറപ്പുവരുത്താൻ കഴിഞ്ഞില്ല. |
| 3-23 | കളത്തിക്കണ്ടി മുക്ക്-പുല്ലാച്ചിറക്കുന്ന് റോഡ് - അപാകതകൾ (ചെക്യാട് ഗ്രാമ പഞ്ചായത്ത്). |
| 3-24 | പുതിയ റോഡിന്റെ നിർമ്മാണം - സൈഡ് ഫോർമേഷന് തുക നൽകി. |
| 3-25 | റോഡ് പ്രവൃത്തികൾക്ക് ക്വാറി മക്ക് ഉപയോഗിച്ചത് - ആവശ്യകത വ്യക്തമാക്കുന്ന രേഖകൾ ഇല്ല. |
| 3-26 | കോൺക്രീറ്റ് പ്രവൃത്തികൾക്ക് അധിക നിരക്ക് നൽകി. |
| 3-27 | എച്ച് എം സിയിൽ നിന്ന് ചെലവഴിക്കാൻ തീരുമാനിച്ച തുക ജില്ലപഞ്ചായത്ത് ചെലവഴിച്ചു - ഇരട്ടിപ്പ് പരിശോധിക്കപ്പെട്ടിട്ടില്ല. |
| 3-28 | പാറക്കുന്നത്ത് കുടിവെള്ള പദ്ധതി തയ്യാറാക്കിയതിലേയും നിർവ്വഹണത്തിലേയും അപാകതകൾ. |

| | |
|---|---|
| 3-29 | കൃത്യമായ രേഖകളില്ലാതെ പ്രവൃത്തിക്ക് തുക കൈമാറി, വിനിയോഗ വിവരമില്ല. |
| 3-30 | പൊളിച്ചുമാറ്റിയ സാധനങ്ങളുടെ വില നിശ്ചയിച്ച് ലേലം ചെയ്തില്ല. |
| 3-31 | വികസന ഫണ്ട് ഉപയോഗിച്ച് 10 ലക്ഷത്തിൽ കുറഞ്ഞ തുകയുള്ള പ്രൊജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കി. |
| 3-32 | ശരിയായ പരിശോധന നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നു. |
| 3-33 | പദ്ധതി ഫയലുകൾ പരിശോധനക്കായി ഹാജരാക്കിയില്ല. |
| 3-34 | എൽ.എസ്.ജി.ഡി ഓഫീസിന് പുതിയ വാഹനം - പഴയ വാഹനം കയ്യൊഴിഞ്ഞതിന്റെ വിവരമില്ല. |
| 3-35 | കൂത്താളി കൃഷിഫാമിൽ കിണറിൽ പമ്പ്സെറ്റ് സ്ഥാപനവും പൈപ് ലൈനിടുന്ന പ്രവൃത്തിയും-അപാകതകൾ. |
| 3-36 | കൂത്താളി കൃഷിഫാമിൽ വാട്ടർടാങ്കും പൈപ്പ് ലൈനും നിർമ്മാണം-അപാകതകൾ. |
| 3-37 | പുതുപ്പാടി സീഡ്ഫാം ഡി,ഇ ബ്ലോക്കുകൾക്ക് സംരക്ഷണഭിത്തി നിർമ്മാണം-അപാകതകൾ. |
| 3-38 | വിവിധ ഫാമുകളിൽ ഫെൻസിംഗ്/ചുറ്റുമതിൽ നിർമ്മാണം - പദ്ധതി ലക്ഷ്യം പൂർത്തികരിച്ചില്ല. |
| 3-39 | അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ(കൃഷി)-കാഷ് ബുക്കിലെ അപാകതകൾ. |
| 3-40 | കസ്റ്റം ഹയറിംഗ് സെന്ററിലെ കാർഷിക യന്ത്രോപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ. |
| 3-41 | ഫാം പരിധിയിലെ കാട് വെട്ടുന്നതിനായി സ്വകാര്യ വ്യക്തിയെ ചുമതലപ്പെടുത്തി. |
| 3-42 | കുടുംബശ്രീ ജില്ലാ മിഷൻ കോഡിനേറ്റർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ. |
| 3-43 | ജൈവഗ്രാമം - ശുചിത്വഗ്രാമം (സമ്പൂർണ്ണ ശുചിത്വ പദ്ധതി) ചെലവ് രേഖകൾ ഹാജരാക്കിയില്ല. |
| 3-44 | ഭൗതിക സൗകര്യം ഒരുക്കൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. |
| 3-45 | കായക്കൊടി ഗ്രാമപഞ്ചായത്തിലെ പൂളക്കണ്ടി അംഗനവാടിയ്ക്കു കെട്ടിട നിർമ്മാണം-ജില്ലപഞ്ചയത്ത് വിഹിതം നൽകൽ. |
| 3-46 | കമ്പ്യൂട്ടർ എ.എം.സി. - സർക്കാർ നിർദ്ദേശവും വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല സമിതിയുടെ നിർദ്ദേശവും പാലിച്ചില്ല. |
| 3-47 | സർക്കാർ അനുമതിയില്ലാതെ എസ്.പി.സി. പ്രവർത്തനങ്ങൾക്ക് സംഭാവന നൽകി. |
| 3-48 | നിയമവിരുദ്ധമായി തസ്തികകൾ സൃഷ്ടിച്ച് നിയമനങ്ങൾ നടത്തുന്നു. |
| ഭാഗം-4 | |

| | |
|---|---|
| 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. |
| 4-2 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിശദാംശങ്ങൾ. |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്. |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | ചാർജ്ജ്/ സർചാർജ്ജ് നടപടികൾ സ്വീകരിച്ചതിന്റെ വിവരം. |
| 4-8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം. |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ. |
| അനുബന്ധം.1 - ഓഡിറ്റ് സാക്ഷ്യപത്രം | |
| അനുബന്ധം.2 - ടാറിംഗ് നിരക്ക് അധികം നൽകിയതിന്റെ വിശദാംശങ്ങൾ | |
| അനുബന്ധം.3 - സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ പുതുക്കിയ ബജറ്റ് 14.03.2017തിയതിയിലെ 14/16 തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് തുക താഴെ കൊടുക്കുന്നു.

| | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 6,38,46,352 | 56,59,50,871 | (-)50,21,04,519 |
| വരവ് | 79,63,38,569 | 41,24,90,509 | (+)38,38,48,060 |
| ആകെ | 86,01,84,921 | 97,84,41,380 | (-)11,82,56,459 |
| ചെലവ് | 82,65,49,874 | 81,42,97,395 | (+)1,22,52,479 |
| നീക്കിയിരിപ്പ് | 3,36,35,047 | 16,41,43,985 | (-)13,05,08,938 |

- വാർഷിക കണക്കുകളിലെ വരവ് ചെലവുകളും ബജറ്റ് പ്രകാരമുള്ള അനുമാന രേഖപ്പെടുത്തലുകളും തമ്മിൽ വളരെ വ്യത്യാസം കാണുന്നു. ഇതിൽ നിന്നും വരവ് ചെലവുകൾ എസ്റ്റിമേറ്റ് ചെയ്യാൻ ധനകാര്യ വിഭാഗത്തിന് കഴിഞ്ഞില്ല എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

- 16.11.2013ലെ(എം.എസ്)362/2013/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം (ഖണ്ഡിക നം.14)ഓരോ സാമ്പത്തിക വർഷത്തേക്കും വേണ്ടി തദ്ദേശ ഭരണ സ്ഥാപനം അംഗീകരിക്കുന്ന ബജറ്റിൽ ജില്ല ആസൂത്രണ സമിതി അംഗീകരിച്ച വാർഷിക പദ്ധതി കൂടി ഉൾപ്പെടുത്തേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ ബജറ്റ് അംഗീകരിക്കുന്നതിനു മുമ്പായി പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടില്ലായെങ്കിൽ അംഗീകാരം ലഭിച്ചയുടനെ പദ്ധതി കൂടി

ഉൾപ്പെടുത്തി ബജറ്റ് പുതുക്കി തയ്യാറാക്കേണ്ടതും പുതുക്കിയ ബജറ്റ് ഭരണസമിതി അംഗീകരിക്കേണ്ടതുമാണ്. എന്നാൽ മേൽ ഉത്തരവിലെ നിർദ്ദേശം പാലിച്ചിട്ടല്ല ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. തൻവർഷത്തെ വാർഷിക ബജറ്റ് പ്രകാരം 86,01,84,921/- രൂപയും, വാർഷിക കണക്ക് പ്രകാരം 97,84,41,380/- രൂപയുമാണ് ആകെ വരവ്. എന്നാൽ വാർഷിക പദ്ധതിക്കായി വകയിരുത്തിയത് 1,38,60,57,902/- രൂപയാണ്. സംസ്ഥാന ബജറ്റിന്റെ നാലാം ഉപപട്ടികയിൽ ഓരോ വർഷവും വിവധ മേഖലകളിൽ ചെലവാക്കേണ്ട തുകയുടെ വിശദാംശങ്ങൾ ലഭ്യമാകുകയും ആയതിന്റെയടിസ്ഥാനത്തിൽ വാർഷിക പദ്ധതി തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങി ബജറ്റ് തയ്യാറാക്കണം എന്നിരിക്കേ ബജറ്റും, വാർഷിക കണക്കും പരസ്പര പൂരകമല്ലാതെ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് നിയമങ്ങൾ, ചട്ടങ്ങൾ എന്നിവയുടെ ലംഘനമാണ്.

## 1-2 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 56,59,50,871 |
| വരവ് | 41,24,90,509 |
| ആകെ | 97,84,41,380 |
| ചെലവ് | 81,42,97,395 |
| നീക്കിയിരിപ്പ് | 16,41,43,985 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | ആകെ തുക | ചെലവ് തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 151913211 | 136597329 | 24945748 | 288510540 | 288510540 | 100 |
| വികസന ഫണ്ട് (എസ്.സി.പി) | 44793908 | 60532476 | 24945748 | 105326384 | 105326384 | 100 |
| വികസന ഫണ്ട് (ടി.എസ്.പി) | 653082 | 3626918 | | 4280000 | 4280000 | 100 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 178123464 | 139384063 | | 317507527 | 317507527 | 100 |
| സംരക്ഷണ ഗ്രാന്റ് | 35631610 | 31610463 | | 67242073 | 67242073 | 100 |

| | | | | | | |
|---|---|---|---|---|---|---|
| (റോഡിതരം) | | | | | | |
| ബി.ഫണ്ട് | ---- | 15927129 | | 15927129 | 15927129 | 100 |
| കേന്ദ്ര ഫണ്ട് | 1852964 | 2445503 | | 4298467 | 868901 | 20.2 |

## 1-4 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | **പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 836 | 535 | ലഭ്യമല്ല | 301 | ---- |

**മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, നിർമ്മാണ ഏജൻസികൾ, അർദ്ധ സർക്കാർ സ്ഥാപങ്ങൾ തുടങ്ങിയവർക്ക് വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി പദ്ധതി വിഹിതം കൈമാറിയിട്ടുണ്ട്. എന്നാൽ മേൽ സ്ഥാപനങ്ങൾ പദ്ധതി ലക്ഷ്യം വച്ച രീതിയിൽ അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിച്ചിട്ടില്ലാത്തതിനാൽ പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം കണക്കാക്കുവാൻ കഴിയില്ല.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ എണ്ണം | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 17 | 11 | 42597184 | 35212625 | 82.66 |
| ജില്ല വനിത വികസന ഓഫീസർ | 1 | 1 | 500000 | 384539 | 76.90 |
| ഡപ്യൂട്ടി ഡയറക്ടർ, കൃഷി | 1 | 1 | 813000 | 796998 | 98.03 |
| ഡപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം | 4 | 3 | 19273793 | 928372 | 4.81 |
| അസി.എക്സി.എൻജിനീയർ (കൃഷി) | 20 | 18 | 12326620 | 9742004 | 79.03 |
| സൂപ്രണ്ട്, ടൈലറിംഗ് & ഗാർമെന്റ്സ് മേക്കിംഗ് ട്രെയിനിംഗ് സെന്റർ | 4 | 4 | 1400000 | 1171630 | 83.68 |
| ഡപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം | 10 | 9 | 39670993 | 39066324 | 98.47 |
| ജില്ല മിഷൻ കോഡിനേറ്റർ കുടുംബശ്രീ | 3 | 2 | 4520375 | 2396045 | 53 |
| ജില്ലാപട്ടികജാതി വികസന ഓഫീസർ | 3 | 3 | 8149067 | 5523000 | 67.77 |
| ഐ.സി.ഡി.എസ് ജില്ല പ്രോഗ്രാം ഓഫീസർ | 6 | 5 | 4420000 | 285979 | 6.47 |
| ഡപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് | 1 | 1 | 350000 | 336000 | 96 |
| ഡപ്യൂട്ടി ഡയറക്ടർ, ഡയറീസ് | 1 | 1 | 1000000 | 1000000 | 100 |
| ജില്ല സാമൂഹ്യ നീതി ഓഫീസർ | 3 | 2 | 5225000 | 5017776 | 96.03 |
| ജില്ലാമെഡിക്കൽ ഓഫീസർ, (അലോപ്പതി) | 4 | 4 | 4200000 | 3304821 | 78.68 |
| ജില്ലാ മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 3 | 3 | 4337400 | 3714028 | 85.62 |

| | | | | | |
|---|---|---|---|---|---|
| സൂപ്രണ്ട് ജില്ല ആശുപത്രി, വടകര | 5 | 5 | 7045000 | 7005754 | 99.44 |
| ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർ | 2 | 1 | 1163082 | 280000 | 24.07 |
| എക്സിക്യൂട്ടിവ് എൻജിനീയർ, എൽ.എസ്.ജി.ഡി | 725 | 440 | 1128473694 | 554820294 | 49.16 |
| പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണം | 3 | 3 | 74305000 | 74305000 | 100 |
| അസിസ്റ്റന്റ്ഡവലപ്പ്മെന്റ് കമ്മീഷണർ (ശുചിത്വം) | 3 | 2 | 7035319 | 76980 | 1.09 |
| ഫാം സൂപ്രണ്ട്, കൂത്താളി | 6 | 6 | 3070000 | 3034399 | 98.84 |
| സീനിയർ കൃഷി ഓഫീസർ,പേരാമ്പ്ര | 3 | 3 | 1653125 | 1653046 | 99.99 |
| സൂപ്രണ്ട് ജില്ല ആശുപത്രി, ആയുർവ്വേദം | 2 | 2 | 3650000 | 3649793 | 99.99 |
| സൂപ്രണ്ട് ജില്ലാ ആശുപത്രി, ഹോമിയോ | 3 | 3 | 1450000 | 1449949 | 99.99 |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ, തിക്കോടി ഫാം | 1 | 1 | 200000 | 199503 | 99.75 |
| അസിസ്റ്റന്റ് ഡയറക്ടർ, റീജിയണൽ പൗൾട്രി ഫാം | 2 | 1 | 9229250 | 1478617 | 16.02 |
| ആകെ | 836 | 535 | 1386057902 | 756833476 | 54.60 |

## 1-5 തനത് വരുമാനം.

സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വരുമാനമുണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | % (+)/(-) |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 1,67,54,163 | 1,82,51,268 | 14,97,105 | (+)8.9 |
| പലിശ | 61,21,213 | 25,40,702 | 35,80,511 | (-)41.5 |
| ജനറൽ പർപ്പസ് ഫണ്ട് | 2,15,00,000 | 2,29,00,000 | 14,00,000 | (+)6.51 |
| ആകെ | 4,43,75,376 | 4,36,91,970 | 6,83,406 | (-)1.5 |

## 1-6 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.03.2017ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 22.03.2017 ന്

ക്യാഷ് നീക്കിയിരിപ്പില്ല.

## 1-7 സ്ഥാപനത്തിൽ മറ്റ് ഓഡിറ്റ് വിഭാഗങ്ങൾ ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് വിഭാഗം | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ്/ വർഷം | ഓഡിറ്റ് റിപ്പോർട്ട് സ്ഥാപനത്തിന് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 04.08.2015 | 22.04.2014 മുതൽ 31.03.2015 വരെ | 31/എ.1/2015/ ആർ.പി.എ.കൃ/കെ.കെ.ഡി. 03.11.2015 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.03.2016 | 2012-13 മുതൽ 2015-16വരെ | LBA(HQ)VI-8A/2461/73, 29.07.2016 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കിലെ അപാകതകൾ.

2015-16സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകളിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. ജില്ലപഞ്ചായത്തിന് പിരിഞ്ഞ് കിട്ടാനുള്ളതും ലഭ്യത സംശയാസ്പദവുമായിട്ടുള്ള തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
2. അസിസ്റ്റന്റ് എൻജിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രവൃത്തികളിൽ അടവാക്കിയ വാറ്റ്, നിർമ്മാണ തൊഴിലാളി ക്ഷേമനിധി, ആദായനികുതി എന്നിവ വാർഷിക ധനകാര്യ പത്രികയിൽ ചേർത്തിട്ടില്ല.
3. ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം തൻവർഷം നടത്തിയ പർച്ചേസുകളുടെ മൂല്യം ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.
4. സ്റ്റോക്ക് രജിസ്റ്റർ സെക്രട്ടറി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
5. ആസ്തി രജിസ്റ്റർ കാലികമാക്കി എല്ലാ ആസ്തികളുടെയു മൂല്യം ബാലൻസ് ഷീറ്റിലുൾപ്പെടുത്തിയിട്ടില്ല.

മേൽ വിശദീകരിച്ച കാരണങ്ങളാൽ ഓഡിറ്റിന് സമർപ്പിച്ച വാർഷിക ധനകാര്യ പത്രിക ശരിയായ രീതിയിൽ ജില്ലപഞ്ചായത്തിന്റെ കണക്കുകൾ അക്കൗണ്ട് ചെയ്യപ്പെടുന്നില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-2 രശീതികൾ നഷ്ടപ്പെട്ടത് - നിയമ പ്രകാരമുള്ള നടപടി സ്വീകരിച്ചില്ല.

ജില്ലപഞ്ചായത്തിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഉപയോഗിച്ച രശീതികളും അതിന്റെ പകർപ്പും രശീതി പുസ്തകത്തിൽ നിന്നും നീക്കം ചെയ്തതായി കാണുന്നു. ആയവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| രശീതി ഉപയോഗിച്ച സ്ഥാപനം | രശീതി നം, തീയ്യതി | കളക്ഷൻ രജിസ്റ്റർ പ്രകാരം ഈടാക്കിയ തുക | കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയ തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗം | 440/73 (05.05.2014) | 25 | 09.12.2014 |
| ജില്ലാ കൃഷിത്തോട്ടം, കൂത്താളി | 705/69 (05.02.2016) | 160 | 06.02.2016 |

രശീതി പുസ്തകത്തിലെ ഒറിജിനൽ രശീതി, പകർപ്പ് എന്നിവ ലഭ്യമല്ലാത്തതിനാൽ ഈ രശീതി ഉപയോഗിച്ച് പിരിച്ചെടുത്ത തുകയുടെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല. രശീതി പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി 17.03.2017 തീയതിയിൽ സൂപ്രണ്ട്, ജില്ലാകൃഷിത്തോട്ടം, കൂത്താളിയ്ക്കും, 29.03.2017 തീയതിയിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി വിഭാഗത്തിനും ഓഡിറ്റ് റിക്വസിഷൻ നൽകിയിട്ടുണ്ട്. ആയതിന് എത്രയും വേഗം വിശദീകരണം നൽകുന്നതിനും, ഇക്കാര്യത്തിൽ സ്ഥാപനം സ്വീകരിച്ച നിയമനടപടി അറിയിക്കുന്നതിനുമായി യഥാക്രമം 18/18.03.2017, 32/28.03.2017 നമ്പറുകളായി ജില്ലാകൃഷിത്തോട്ടം, കൂത്താളിയ്ക്കും, എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി വിഭാഗത്തിനും ഓഡിറ്റ് എൻക്വയറി നൽകിയിട്ടുണ്ട്. എന്നാൽ, രശീതി പരിശോധനയ്ക്ക് ഹാജരാക്കുകയോ, അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. 1994 ലെ കേരള ലോക്കൽ ഫണ്ട് നിയമം, വകുപ്പ്.21പ്രകാരം ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ പണത്തിന്റെയോ സ്റ്റോഴ്സിന്റെയോ നഷ്ടം കണ്ടുപിടിക്കപ്പെട്ടാൽ എക്സിക്യൂട്ടീവ് അതോറിറ്റി ആ വസ്തുത ഉടനേതന്നെ, നഷ്ടത്തിലേക്ക് നയിച്ച സാഹചര്യത്തെപ്പറ്റിയുള്ള വിശദവിവരം ഡയറക്ടർക്കും, കൺട്രോളിംഗ് അതോറിറ്റിയ്ക്കും, സർക്കാറിനും റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഇത്തരത്തിലുള്ള നടപടി സ്വീകരിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്

## 2-3 രശീതി പ്രകാരമുള്ള പിരിവും പണം അടവാക്കലും - അപാകതകൾ

ജില്ലപഞ്ചായത്തിൽ നിന്നും, അതിനു കീഴിൽ പ്രവർത്തിക്കുന്ന ഫാമുകളിലേക്ക് ഫാം ഉൽപ്പന്നങ്ങളുടെ വില ഈടാക്കുന്നതിനും, എൽഎസ്.ജിഡി വിഭാഗത്തിലേക്ക് വിവിധ കളക്ഷനുകൾക്കുമായി ഇഷ്യൂചെയ്യുന്ന രശീതികൾ പ്രകാരം തുക പിരിക്കുന്നതിലും, തുക ജില്ലപഞ്ചായത്തിലേക്ക് അടവാക്കുന്നതിലും, രശീതികൾ കൃത്യമായി സൂക്ഷിച്ചു പോരുന്നതിലും വീഴ്ച വന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

I. എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗം

2015-16 ഓഡിറ്റിന്റെ ഭാഗമായി എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗത്തിലെ 09.12.2014 മുതൽ 31.03.2016 വരെയുള്ള രശീതികൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

- രശീതി പ്രകാരം പിരിച്ചെടുത്ത തുക ജില്ലാ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല

താഴെ പറയുന്ന രശീതികൾ പ്രകാരം പിരിച്ചെടുത്ത തുകകൾ കലക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തി പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയതായി കാണുന്നില്ല.

| ക്രമ നം. | രശീതി നം, തീയതി. | തുക അടവാക്കിയ ആളിന്റെ പേര് | പിരിച്ചെടുത്ത തുക | |
|---|---|---|---|---|
| | | | തുക | വാറ്റ് |

| | | | | |
|---|---|---|---|---|
| 1 | 440/97 തീ. - cost of photocopy of Estimate | ശ്രീ. സുനീന്ദ്രൻ. ഇ.എം | 30 | - |
| 2 | 440/93 തീ. 03.03.2015 cost of photocopy of Estimate | ശ്രീ. പീർ മുഹമ്മദ്, കാരശ്ശേരി | 25 | - |
| 3 | 440/94 തീ. - cost of photocopy of Estimate | ശ്രീ. മുജീബ് റഹ്മാൻ, മുക്കം | 50 | - |
| 4 | 316/3 തീ. 20.07.2015 Cost of Tender Forrm+VAT | ശ്രീ. ആനന്ദൻ. കെ, പി.ഡബ്ല്യൂ.ഡികോൺട്രാക്ടർ | 500 | 25 |
| 5 | 316/4 തീ. 20.07.2015 Cost of Tender Forrm+VAT | ശ്രീ. ആനന്ദൻ. കെ, പി.ഡബ്ല്യൂ.ഡികോൺട്രാക്ടർ | 500 | 25 |
| 6 | 316/13തീ. - Cost of Tender Forrm+VAT | ലിങ്ക് വെൽ ടെലി സർവ്വീസസ് | 500 | 25 |
| 7 | 316/14 തീ. - Cost of Tender Forrm+VAT | ശ്രേയസ്സ് ഇൻഫോ സിസ്റ്റം | 500 | 25 |
| | | | 2,105 | 100 |

- <u>രശീതി നൽകാതെ വരവ് തുക നേരിട്ട് പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നു.</u>

ഓഡിറ്റ് കാലയളവിൽ എൽ.എസ്.ജി.ഡി വിഭാഗം മുഖേന കളക്ട് ചെയ്ത താഴെ പറയുന്ന തുകകൾ മാന്വൽ രശീതി നൽകാതെ, നേരിട്ട് ജില്ലാ പഞ്ചായത്തിൽ അടവാക്കിയതായി കാണുന്നു. രശീതി നൽകാതെ കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തി നേരിട്ട് ജില്ലാ പഞ്ചായത്തിൽ അടവാക്കുകയാണ് ചെയ്തിരിക്കുന്നത്.

| ക്രമ നം. | ജില്ലാ പഞ്ചായത്ത് രശീതി നം., തീയതി | കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തി അടവാക്കിയ തുക |
|---|---|---|
| 1 | 11501100021/25.04.2015 | 486/- ഇതിൽ 222/- രൂപയ്ക്ക് രശീതി നൽകിയിട്ടില്ല |
| 2 | 11401100276/17.12.2014 | 1,67,958/-(1,30,200 + VAT 37,758) |
| 3 | 11501100020/ 25.04.2015 | 1,050(1,000 + VAT 50) |
| 4 | 11501100179/29.09.2015 | 1,00,000 |

| | | |
|---|---|---|
| 5 | 11501100181/30.09.2015 | 492 (467 + VAT 25) |
| 6 | 11501100262/07.12.2015 | 7,11,087 |
| 7 | 11501100375/18.03.2016 | 26,92,983 |

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങളിലെ ചട്ടം.20 പ്രകാരം പഞ്ചായത്തിൽ ലഭിക്കുന്ന ഏതൊരു പണം വരവിനും ഇൻസ്ട്രുമെന്റ് രേഖപ്പെടുത്തി രശീത് നൽകേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഇത്തരത്തിൽ രശീതി നൽകാതെ മേൽ തുകകൾ പണമായി സ്വീകരിച്ച് ജില്ലപഞ്ചായത്തിൽ അടവാക്കിയതായി കാണുന്നു.

- മറ്റ് അപാകതകൾ

1. കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങളിലെ ചട്ടം 20.2.(സി) പ്രകാരം കൈയെഴുത്ത് സമ്പ്രദായത്തിൽ നൽകുന്ന രശീതുകൾ ഡബിൾസൈഡ് കാർബൺ ഉപയോഗിച്ച് എഴുതിയവയായിരിക്കണം എന്നി നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഓഡിറ്റ് കാലയളവിൽ ഉപയോഗിച്ച 440, 316 നം.രശീതിബുക്കുകളിൽ 440 നം. രശീതിബുക്കിലെ ഏതാനും രശീതികളിൽ മാത്രമേ ഡബിൾസൈഡ് കാർബൺ ഉപയോഗിച്ചിട്ടുള്ളൂ.

2. എഗ്രിമെന്റ് ബുക്കിന്റെ വില ഈടാക്കുന്ന സംഗതിയിൽ, ഓരോ വ്യക്തികൾക്കും പ്രത്യേക രശീതി നൽകുന്നില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | രശീതി നം, തീയതി. | എഗ്രിമെന്റ് ബുക്കുകളുടെ എണ്ണം | ഈടാക്കിയ നിരക്ക് | തുക |
|---|---|---|---|---|
| 1 | 440/83 തീ. 05.01.2015 | 6 | 6 | 36 |
| 2 | 440/84 തീ. 05.01.2015 | 14 | 6 | 84 |
| 3 | 440/87 തീ. 28.01.2015 | 12 | 6 | 72 |
| 4 | 440/88 തീ. 29.01.2015 | 38 | 6 | 228 |
| 5 | 440/89 തീ. 04.02.2015 | 44 | 6 | 264 |

കൂടാതെ ഇത്തരം രശീതികൾ മുഖേന ഈടാക്കുന്ന തുകകളിൽ നികുതി, നികുതിയേതര വരുമാനം ഇനം തിരിച്ച് കാണിക്കുന്നില്ല.

II. ജില്ല കൃഷി ഫാം, കൂത്താളി

- വരവുതുക ജില്ലപഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നതിൽ കുറവ്.

കൃഷി ഫാമിന് ഇഷ്യൂ ചെയ്ത രശീതി മുഖേന പിരിച്ചെടുക്കുന്ന വരവ് തുകകൾ ജില്ലപഞ്ചായത്ത് അടവാക്കുന്നതിൽ കുറവ് വരുന്നു. ഓഡിറ്റ് കാലയളവിലെ രശീതികൾ പരിശോധിച്ചതിൽ തുക അടവാക്കിയതിൽ താഴെ പറയും പ്രകാരം കുറവ് വന്നതായി കാണുന്നു.

| ക്രമ നം. | രശീതി നം, തീയതി | രശീതി പ്രകാരം അടവാക്കിയ തുക | ഡെയിലി കലക്ഷൻ പ്രകാരമുള്ള തുക | കുറവ് തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 742/90, 20.12.2014 | 20 | 10 | 10 |
| 2 | 763/95, 15.01.2015 | 240 | - | 240 |
| 3 | 763/96, 15.01.2015 | 320 | - | 320 |
| 4 | 763/97, 15.01.2015 | 50 | - | 50 |
| 5 | 763/98, 15.01.2015 | 60 | - | 60 |
| 6 | 763/99, 15.01.2015 | 160 | - | 160 |
| 7 | 763/100, 15.01.2015 | 100 | - | 100 |
| 8 | 764/82, 22.01.2015 | 207.50 | 70 | 137.50 |
| 9 | 769/83, 06.02.2015 | 300 | 100 | 200 |
| | | | | 1,277.50 |

- സ്റ്റോക്ക് രജിസ്റ്ററിലെ അപാകതകൾ

രശീതി ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. രശീതി ബുക്കുകൾ ഇഷ്യൂ ചെയ്യുമ്പോൾ ആയവ കൈപ്പറ്റുന്നവർ സ്റ്റോക്ക് രജിസ്റ്ററിൽ പേരെഴുതി ഒപ്പ് രേഖപ്പെടുത്തുന്നില്ല.
2. 07.09.2015 മുതൽ ഉപയോഗിച്ച 339 നമ്പർ രശീതി ബുക്ക് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

- വരവ് തുക ജില്ലപഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നതിൽ കാലതാമസം
  കൃഷി ഫാമിന്റെ ദിനം പ്രതിയുള്ള വരവ് തുകകൾ പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നതിൽ കാലതാമസം വരുന്നു. ഉദാ:-

| അടവാക്കിയ തീയതി | തുക | കാലതാമസം |
|---|---|---|
| 16.12.2014 | 48,673 | 20 ദിവസം |
| 22.12.2014 | 73,146 | 6 ദിവസം |
| 05.01.2015 | 53,454 | 13 ദിവസം |
| 29.01.2015 | 2,62,869 | 25 ദിവസം |

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, ചട്ടം 23 പ്രകാരം ക്യാഷ്, മണിയോർഡർ, ചെക്ക്, ഡ്രാഫ്റ്റ് അല്ലെങ്കിൽ മറ്റേതെങ്കിലും രൂപത്തിൽ ലഭിക്കുന്ന തുകകൾ 500/- രൂപയിൽ അധികരിക്കുകയാണെങ്കിൽ അതേ ദിവസം തന്നെയോ തൊട്ടടുത്ത പ്രവൃത്തിദിവസമോ ബന്ധപ്പെട്ട ബാങ്ക്/ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. വിദൂരപ്രദേശങ്ങളുമായി സർക്കാർ നോട്ടിഫൈ ചെയ്യുന്ന പ്രദേശങ്ങളിലെ പഞ്ചായത്തുകളിൽ തുക അടയ്ക്കുന്നതിനുള്ള പരമാവധി സമയം ഒരാഴ്ച ആയിരിക്കുന്നതാണ്. അപാകത പരിശോധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ഫാം സൂപ്രണ്ടിന് 18.03.2017 ന് 18/2015-16 നമ്പർ അന്വേഷണ കുറിപ്പ് നൽകിയെങ്കിലും ആയതിന് മറുപടി സമർപ്പിക്കുകയോ, അടവാക്കുന്നതിൽ കുറവ് വന്ന തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കുകയോ ചെയ്തിട്ടില്ല.

III. ജില്ലാ വെറ്ററിനറി ക്ലിനിക്ക്, കോഴിക്കോട്

- വരവ് തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നതിൽ കാലതാമസം.

വെറ്ററിനറി ക്ലിനിക്കിന്റെ വരവ് തുകകൾ പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നതിൽ കാലതാമസം വരുന്നു

| അടവാക്കിയ തീയതി | തുക | കാലതാമസം |
|---|---|---|
| 24.03.2015 | 12,680 | |
| 30.04.2015 | 11,430 | 37 ദിവസം |
| 18.05.2015 | 3,995 | 18 ദിവസം |
| 08.06.2015 | 6,170 | 21 ദിവസം |
| 18.06.2015 | 16,730 | 10 ദിവസം |
| 11.08.2015 | 14,340 | 54ദിവസം |
| 07.09.2015 | 4,340 | 28ദിവസം |
| 26.09.2015 | 4,175 | 19ദിവസം |
| 14.10.2015 | 2,935 | 19ദിവസം |
| 21.10.2015 | 1,990 | 8ദിവസം |
| 09.11.2015 | 3,350 | 20ദിവസം |
| 24.11.2015 | 3,520 | 46ദിവസം |

| | | |
|---|---|---|
| 22.12.2015 | 3,640 | 29ദിവസം |
| 29.01.2016 | 5,400 | 39ദിവസം |
| 22.02.2016 | 6,235 | 24ദിവസം |
| 08.04.2016 | 9,855 | 47ദിവസം |

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 7(2), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടം 23 എന്നിവ പ്രകാരം പഞ്ചായത്തിന് ലഭിച്ച ക്യാഷ്, മണിയോർഡർ, ചെക്ക്, ഡ്രാഫ്റ്റ് അല്ലെങ്കിൽ മറ്റേതെങ്കിലും രൂപത്തിൽ ലഭിക്കുന്ന തുകകൾ 500 രൂപയിൽ അധികരിക്കുകയാണെങ്കിൽ അതേ ദിവസം തന്നെയോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ ബന്ധപ്പെട്ട ബാങ്ക്/ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. വിദൂരപ്രദേശങ്ങളായി സർക്കാർ നോട്ടിഫൈ ചെയ്യുന്ന പ്രദേശങ്ങളിലെ പഞ്ചായത്തുകളിൽ തുക അടയ്ക്കുന്നതിനുള്ള പരമാവധി സമയം ഒരാഴ്ച ആയിരിക്കുന്നതാണ്.

- <u>വരവുതുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നതിൽ കുറവ്</u>

ജില്ലവെറ്ററിനറി ആശുപത്രിക്കായി ഇഷ്യൂ ചെയ്ത രശീതി മുഖേന പിരിച്ചെടുക്കുന്ന വരവ് തുകകൾ പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നതിൽ കുറവ് വരുന്നു. ഓഡിറ്റ് കാലയളവിലെ രശീതികൾ പരിശോധിച്ചതിൽ തുക അടവാക്കിയതിൽ താഴെ പറയും പ്രകാരം കുറവ് വന്നതായി കാണുന്നു.

28.04.2015 ലെ കലക്ഷൻ 13,240/- രൂപയും, 29.04.2015 ലെ കലക്ഷൻ 215/- രൂപയും ചേർത്ത് കലക്ഷൻ 13,255/- രൂപ അടവാക്കുന്നതിന് പകരം 30.04.2015 ൽ ജില്ലാ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിരിക്കുന്നത് 11,430/- രൂപയാണ്(11501100027/30.04.2015). കുറവ് വന്ന 2,025/- രൂപ ഓഡിറ്റ് തീയതി വരെയും അടവാക്കിയതായിട്ടില്ല.

മറ്റ് ഉദാഹരണങ്ങൾ .

| ക്രമ നം. | അടവാക്കിയ ആളിന്റെ പേര് | രശീതി നം, തീയതി | അടവാക്കിയ തുക | ഡെയിലി കലക്ഷൻ പ്രകാരമുള്ള തുക | കുറവ് |
|---|---|---|---|---|---|
| 1 | ജിതേഷ്, പൂക്കാട് | 1223/46, 22.04.2015 | 10 | 5 | 5 |
| 2 | ഷാലിൻ, കോഴിക്കോട് | 1223/54, 22.04.2015 | 10 | 5 | 5 |
| 3 | ഗണേശൻ, മാങ്കാവ് | 1224/10, 24.04.2015 | 10 | 5 | 5 |
| 4 | ബാബു, മെഡിക്കൽ കോളേജ് | 1224/48, 25.04.2015 | 10 | 5 | 5 |
| 5 | ആഷിഷ്, ചേമഞ്ചേരി | 1224/62, 25.04.2015 | 10 | 5 | 5 |
| 6 | ജയപ്രകാശ്, ചേളാരി | 1225/54, 28.04.2015 | 10 | 5 | 5 |
| 7 | രാമചന്ദ്രൻ, | 1225/56, | 10 | 5 | 5 |

| | | | | | |
|---|---|---|---|---|---|
| | നടക്കാവ് | 28.04.2015 | | | |
| 8 | പ്രജിത്ത്, കൊല്ലങ്കോട്ട് | 2111/2, 30.04.2015 | 10 | 5 | 5 |
| 9 | പുഷ്പരാജ്, എരഞ്ഞിക്കൽ | 2116/82, 08.05.2015 | 10 | 5 | 5 |
| 10 | അനൂപ്, പാലാഴി | 2122/19, 21.05.2015 | 10 | 5 | 5 |
| 11 | ഉണ്ണകൃഷ്ണൻ, മുക്കം | 314/49, 29.05.2015 | 15 | 5 | 10 |
| 12 | സുസ്മിത, എരഞ്ഞിപ്പാലം | 328/49, 27.06.2015 | 10 | 5 | 5 |
| 13 | അരുൺ, കുണ്ടുപറമ്പ | 398/90, 10.09.2015 | 5 | - | 5 |
| 14 | ജിതിൻ, കുത്താളി | 398/91, 10.09.2015 | 5 | - | 5 |
| 15 | ഷൈജു, മാങ്കാവ് | 398/5, 07.09.2015 | 10 | 5 | 5 |
| 16 | പ്രവ്യ, പന്തീരങ്കാവ് | 415/54, 03.11.2015 | 30 | 5 | 25 |
| 17 | ഷഹീബ്, കാലിക്കറ്റ് | 479/62, 25.01.2016 | 10 | 5 | 5 |
| 18 | സുനിൽ, കാരന്തൂർ | 480/47, 27.01.2016 | 10 | 5 | 5 |
| 19 | പ്രിൻസ്, കുറ്റ്യാടി | 480/27.01.2016 | 15 | 5 | 10 |
| 20 | പ്രകാശൻ, കാരന്തൂർ | 481/84, 01.02.2016 | 10 | 5 | 5 |
| 21 | ഷാജി, തൊണ്ടയാട് | 481/54, 31.01.2016 | 5 | - | 5 |
| 22 | അഭിനവ്, REC | 483/40, 04.02.2016 | 10 | 5 | 5 |
| 23 | അനീഷ്, കുന്നത്ത് പാലം | 483/10, 30.02.2016 | 10 | 5 | 5 |
| 24 | അഖിലേഷ്, കുരുവട്ടൂർ | 484/98, 08.02.2016 | 10 | 5 | 5 |
| 25 | വിജയൻ | 485/52, 09.02.2016 | 10 | 5 | 5 |

| | | | | | |
|---|---|---|---|---|---|
| 26 | പുഷ്പ, നടക്കാവ് | 485/22, 08.02.2016 | 10 | 5 | 5 |
| 27 | നൗഷാദ്, ഉണേരി | 486/24, 11.02.2016 | 10 | 5 | 5 |
| | | | | | 165 |

അപാകത പരിശോധിച്ച് വിശദീകരണം ലഭ്യമാക്കുവാനതിന് 20.03.2017 ൽ 23/2015-16 നമ്പറായി അന്വേഷണ കുറിപ്പ് നൽകിയെങ്കിലും ആയതിന് മറുപടി സമർപ്പിക്കുകയോ, അടവാക്കുന്നതിൽ കുറവ് വന്ന തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കുകയോ ചെയ്തിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 7(2), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടം 23 എന്നിവ പ്രകാരം പഞ്ചായത്തിനായി ലഭിച്ച 500/- രൂപയിൽ അധികരിക്കാത്ത തുക അതേ ദിവസം തന്നെയോ, തൊട്ടടുത്ത പ്രവർത്തി ദിവസമോ ബന്ധപ്പെട്ട അക്കൗണ്ടിൽ അടവാക്കേണ്ടതാണ്. പൊതുപണം സൂക്ഷിപ്പുമായിട്ടുള്ള ചട്ടങ്ങൾ പാലിക്കാത്തതിന് വിശദീകരണം നൽകേണ്ടതും, കുറവ് വന്നതുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതുമാണ്.

<u>IV. ജില്ലാ പഞ്ചായത്ത് കാര്യാലയം</u>

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22.04.2014 ലെ 48544/എബി1/13 നം. സർക്കുലർ ഖണ്ഡിക.1 പ്രകാരം ഫ്രണ്ട് ഓഫീസ് വഴി ക്യാഷ് രശീതായും തപാൽ കൈപ്പറ്റ് രശീതായിട്ടും ഒരേ രീതിയിലുള്ള സ്റ്റേഷനറി ഉപയോഗിക്കാതെ വ്യത്യസ്ത രീതിയിലുള്ള സ്റ്റേഷനറി ഉപയോഗിച്ച് പ്രിന്റ് ചെയ്യേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കുന്ന തുകയ്ക്ക് പ്രത്യേക ഫോർമാറ്റിലുള്ളതും പ്രത്യേക നിറത്തിലുള്ളതുമായ ക്യാഷ് രസീത് നൽകേണ്ടതാണ്. എന്നാൽ ജില്ലപഞ്ചായത്ത് ഓഫീസിൽ പണം ഒടുക്കുന്നതിനും, തപാൽ കൈപ്പറ്റ് രശീതായും ഒരേ സ്റ്റേഷനറി(നീല നിറത്തിലുള്ളത്) തന്നെയാണ് ഉപയോഗിച്ചു വരുന്നത്. മേൽ പറഞ്ഞ രണ്ട് ആവശ്യങ്ങൾക്കും വ്യത്യസ്ത രീതി അവലംബിക്കേണ്ടതും, സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

## 2-4 <u>ചെറുവണ്ണൂർ - നല്ലളം ഇൻഡസ്ട്രിയൽ പ്ലോട്ട് - ഹയർ പർച്ചേസ് വിലയിൽ കുടിശ്ശിക പിരിച്ചെടുത്തില്ല.</u>

2007 ലെ കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ ചെറുവണ്ണൂർ നല്ലളം വ്യവസായ വികസന പ്ലോട്ടിലുള്ള ഭൂമി വ്യവസായികൾക്ക് നല്കുന്നതിനുള്ള നിയമാവലിയിലെ, വ്യവസ്ഥ 14 പ്രകാരം തവണ വ്യവസ്ഥയിൽ ഭൂമി ലഭിയ്ക്കുന്ന അലോട്ടി ഭൂമി കൈവശപ്പെടുത്തുന്നതിനു മുൻപ് പതിനൊന്നാം ചട്ടമനുസരിച്ച് നിർണ്ണയിക്കുന്ന വിലയുടെ ബാക്കിവരുന്ന 80%തുക 9% വാർഷിക പലിശ നിരക്കിൽ 10വാർഷിക ഗഡുക്കളായി 10വർഷത്തെ കാലപരിധിയ്ക്കുള്ളിൽ ജില്ലപഞ്ചായത്ത് ഫണ്ടിൽ അടച്ചു തീർക്കേണ്ടതാണ്. ആദ്യ ഗഡു ഭൂമി കൈമാറ്റം ചെയ്യപ്പെടുന്ന തീയതി മുതൽ ഒരു വർഷം തികയുന്ന ദിവസവും തുടർന്നു വരുന്ന ഓരോ ഗഡുവും അതേ തീയതിയ്ക്ക് മുൻപ് അടച്ചിരിക്കേണ്ടതാണ്. ഗഡുക്കൾ കുടിശ്ശിക വരുത്തിയാൽ ആയത് അടയ്ക്കുന്ന നാൾവരെ 9% നിരക്കിൽ പലിശ ഈടാക്കാവുന്നതാണ് എന്ന് 15, 16 വ്യവസ്ഥകളിൽ പറയുന്നു. അലോട്ടിയ്ക്ക് ഭൂമി പതിച്ചു നൽകുന്നതുവരെ ഭൂമിയിലുള്ള എല്ലാ അധികാരവും ഉടമസ്ഥാവകാശവും ജില്ലപഞ്ചായത്തിൽ നിക്ഷിപ്തമായിരിയ്ക്കുന്നതാണ്. കൂടാതെ ഒരു അലോട്ടിയുടെ പേരിൽ ഒന്നിലധികം പ്ലോട്ടുകൾ കൈവശം വയ്ക്കുകയും, അവയെല്ലാം തന്നെ കുടിശ്ശിക വരുത്തുകയും ചെയ്തിട്ടുണ്ട്. 2015-16 വർഷം 34 അലോട്ടികൾ

3,01,30,662/- അടയ്ക്കാൻ കുടിശ്ശിക വരുത്തിയിട്ടുണ്ട്. ആയത് ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കണമെന്നാവശ്യപ്പെട്ടു ഓഡിറ്റ് എൻക്വയറി 31/15-16നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക നല്കാൻ ബാക്കിയുള്ള അലോട്ടികളുടെ പേരു വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര്, മേൽവിലാസം, പ്ലോട്ട് നം | വായ്പ തുക | അടവാക്കിയ തുക | കുടിശ്ശിക തുക | അവസാനം അടവാക്കിയ തീയതി. |
|---|---|---|---|---|---|
| 1. | മുജീബ് റഹ്മാൻ, ബൈത്തുൽ റഹ്മാൻ, നല്ലളം,പി.ഒ., 2A | 2843329 | 200000/- | 2843329 | 23.03.2016 |
| 2. | അബ്ദുൾ റൗഫ്.ഇ S/oമാമുക്കോയ, നല്ലളം പി.ഒ. 2B | 1194720 | 200000/- | 1194552 | 17.06.2016 |
| 3 | എ.പ്രബീഷ് കുമാർ, അടിയോട്ടിൽ (ഹ) എരഞ്ഞിപ്പാലം 48 | 1194720 | 1141621 | 618748 | 30.12.2016 |
| 4. | ആഷിക് റഹ്മാൻ, പിവി.ചെറിക്കൽ വീട്. വെള്ളയിൽ റോഡ്, 3 | 1616755 | 1238774 | 1077187 | 15.09.2015 |
| 5. | സജീവ്.എൻ.,നെച്ചലത്ത് വീട്, നല്ലളം പി.ഒ. ,5 | 581640 | 410512 | 426771 | 17.11.2014 |
| 6. | എ.എസ്. നിഷാദ്, സിറാജ് നിവാസ്, ചെറുമനശ്ശേരി(റോഡ്), കല്ലായി. പി ഒ., 6, 7 | 931672 | 1072088 | 277322 | 31.10.2016 |
| 7. | | 1164590 | 1330841 | 349377 | 30.06.2016 |
| 8. | എം .കുഞ്ഞാമുട്ടി.ഫാമ,നല്ലളം ,പി.ഒ, 8 | 1756238 | 1943165 | 699437 | 30.06.2016 |
| 9. | ഡോ,വി.ഷീബ., 5/753, സുപ്രഭ, രാരിച്ചം(റോഡ്). എരഞ്ഞിപ്പാലം, 10 | 698754 | 614036 | 349172 | 05.12.2014 |
| 10. | ജിക്കി ജോൺ, സൂപ്പർ കമ്പ്യൂട്ടർ ഫോംസ്. മാങ്കാവ്, കോഴിക്കോട്., 11 | 2986800 | 2934130 | 1319445 | 04.06.2015 |
| 11. | എം.പ്രസന്നൻ, മേക്കയിൽ വീട്, നല്ലളം.പി.ഒ., 138 | 484176 | 452453 | 264470 | 31.03.2016 |
| 12. | എം. നഫീസ, ഭാവന, കുന്നമ്മേൽ,പി.ഒ, 14 | 1848135 | 2236846 | 553982 | 14.11.2016 |
| 13. | സി.വി.രാധിക.ചാന്ദിനി, പൂനത്താനം,പുതിയറ, 15 | 1433664 | 1541008 | 517616 | 29.08.2016 |
| 14. | മധു.സി.ജി.ഗ്ലോബൽ പെട്രോളിയം പ്രോഡക്ട്സ്. (പ്രൈവ)ലിമിറ്റഡ്, 782Aഈസ്റ്റ് കല്ലായ് ക്രോസ് | 3492015 | 1846918 | 2094573 | 28.10.2014 |

| | | | | | |
|---|---|---|---|---|---|
| | റോഡ്, 16, 17, 18 | | | | |
| 15. | സി.പി.ഫാത്തിമ, വൃന്ദാവൻ, ചക്കിട്ടട, എരഞ്ഞിപ്പാലം, കോഴിക്കോട്, 19, 20 | 2062014 | 1666800 | 1348719 | 18.11.2016 |
| 16. | ഷാജി.എം.എലസ്.സിറാജ് നിവാസ്, ചെറുമനശ്ശേരി(റോഡ്). കല്ലായി-3, 21A, 22 | 2538780 | 2555573 | 1013509 | 30.04.2016 |
| 17. | കെ.സുരേഷ് കുമാർ, കൈലാസ്, തുണ്ടിയിൽ.പി.ഒ. പേരാവൂർ, കണ്ണൂർ, 23 | 933375 | 865039 | 465658 | 09.12.2015 |
| 18. | രമിത.പി.ലൗഡയിൽ, വലിയ കുളം പറമ്പ് തിരുവണ്ണൂർ.പി.ഒ. കോഴിക്കോട്, 24 | 558690 | 545000 | 264073 | 18.12.2014 |
| 19. | സുന്ദർ രാജൻ,പ്ലസ് പോളി, അഞ്ചില്ലത്ത്, കൊളത്തറ, 25A | 1340287 | 750000 | 1328929 | 30.04.2015 |
| 20. | സക്കീർ ഹുസൈൻ,കൈലാസ് മന്ദിരം,ബേപ്പൂർ, 258 | 1317179 | 200000 | 1317179 | 04.09.2011 |
| 21. | എം.സലിം, എം.എം.(ഹ) കൊളത്തറ പി.ഒ. കോഴിക്കോട്, 26 | 1151276 | 1224304 | 455808 | 30.06.2016 |
| 22. | എം.സജീഷ്, മടയിൽ (ഹ) ആർ.കെ.മിഷൻ സ്കൂൾ,കല്ലായി, 27 | 1151268 | 904016 | 697227 | 30.10.2014 |
| 23. | എം.ഷൈലേഷ്, മടയിൽ(ഹ), ആർ.കെ.മിഷൻ സ്കൂൾ, കല്ലായി, 28 | 114556 | 1197338 | 458009 | 05.11.2015 |
| 24. | സജിത്ത്.സി. രേവതി ഹൗസ്, പരപ്പനങ്ങാടി, മലപ്പുറം-676303, 29 | 1145890 | 1374038 | 243665 | 24.11.2015 |
| 25 | അപ്പുക്കുട്ടൻ.പി. പടിഞ്ഞാറെ പുരയ്ക്കൽ(ഹൗസ്) മണ്ണൂർ.പി.ഒ, കടലുണ്ടി, 30 | 1164590 | 720683 | 1047984 | 30.07.2015 |
| 26. | എ.സലിം, എം.എം.ഹൗസ്. കൊളത്തറ.പി.ഒ, കോഴിക്കോട്, 31 | 1075248 | 1115945 | 430065 | 30.06.2016 |

| | | | | | |
|---|---|---|---|---|---|
| 27. | സി.വി.ഗോകുൽ ദാസ്, സോനാസ് പൈപ്പ് ലൈൻ റോഡ്. കോട്ടൂളി, 32, 32A | 946619 | 95779 | 473309 | 26.05.2016 |
| 28. | അബ്ദുൾ മനാഫ്.ഇ. എളയടത്ത്(ഹൗസ്) റഹ്മാൻ ബസാർ, കൊളത്തറ.പി.ഒ, 33 | 1163280 | 1196058 | 1120535 | 13.12.2015 |
| 29. | സതീഷ് കുമാർ.പി. പോളിയോടത്ത് (ഹ) കരകളിപറമ്പ് മണ്ണൂർ, 34 | 1164590 | 600000 | 1164590 | 21.07.2016 |
| 30. | ഷരീഫ് അബ്ദുൾ, മരക്കയിൽ(ഹ) കുരുവൻ തുരുത്തി പി.ഒ, 35 | 2022116 | 1200000 | 1670038 | 18.11.2014 |
| 31. | സന്തോഷ്.കെ.കെ. കുഴിക്കണ്ടത്തിൽ(ഹൗസ്) വെള്ളത്തുംപാടം, നല്ലളം.പി.ഒ, 37 | 1151276 | 941619 | 976894 | 21.07.2016 |
| 32. | സിഎം.മുസ്തഫ തൗഫീക്ക്,താഴെ പീടിക,ധർമ്മടം പി.ഒ, 38 | 930624 | 200000 | 930624 | 15.07.2016 |
| 33. | അശ്വിൻ പവിത്രൻ.പി.പവിത്രം, റ്റി.കെറോഡ്, തിരുവണ്ണൂർ.പി.ഒ., കോഴിക്കോട്, 39 | 2389440 | 2173019 | 1190984 | 31.12.2015 |
| 34. | സുരേഷ് കുമാർ.പി.കെ, പനയൻ കണ്ടി(ഹ) കൊളത്തറ.പി.ഒ. ശാരദാമഠം-673635, 40 | 1744920 | 1482809 | 946882 | 31.10.2014 |
| ആകെ കുടിശ്ശിക | | | | 30130662 | |

അപാകത പരിശോധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതും കുടിശ്ശിക തുക അലോട്ടികളിൽ നിന്നും പിഴപ്പലിശ സഹിതം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 2-5 <u>കൃഷി ഫാമുകളിൽ നിന്നും വിതരണം ചെയ്ത ഉൽപ്പന്നങ്ങളുടെ വില ലഭ്യമായിട്ടില്ല.</u>

ജില്ലപഞ്ചായത്തിന് കൈമാറി കിട്ടിയ കൃഷിഫാമുകളിൽ നിന്നും ഉല്പാദിപ്പിച്ച് വിതരണം ചെയ്ത വിവധയിനം വിത്തുകൾ, തൈകൾ തുടങ്ങിയവയുടെ വിലയിനത്തിൽ 37,86,857/- പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| കൂത്താളി കൃഷി ഫാം (2014-15 വരെ ലഭിക്കുവാനുള്ളത്.) | | | |
|---|---|---|---|
| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ഇൻവോയ്സ് നം, തീയ്യതി | തുക |
| 1 | സീഡ് ഫാം, പുതുപ്പാടി | 24/11-12, 09.11.2011 | 300 |

| | | | |
|---|---|---|---|
| 2 | | 29/11-12, 18.12.2012 | 490 |
| 3 | തിക്കോടി കൃഷി ഫാം | 11/12-13, 25.07.2012 | 365 |
| 4 | | 14/12-13, 16.10.2012 | 1,650 |
| 5 | | 10/13-14, 12.10.2013 | 1,250 |
| 6 | | 12/13-14, 29.10.2013 | 4,250 |
| 7 | സീഡ് അതോറിറ്റി, തൃശ്ശൂർ | 20/14-15, 13.06.2014 | 8,355 |
| 8 | കൃഷി ഭവൻ, ഒളവണ്ണ | 53A/13-14, 10.12.2013 | 11,000 |
| 9 | കൃഷി ഭവൻ, ബാലുശ്ശേരി | 35/13-14, 27.11.2013 | 980 |
| 10 | കൃഷി ഭവൻ, വടകര | 83/14-15, 29.09.2014 | 7,730 |
| 11 | കൃഷി ഭവൻ, കക്കോടി | 105/14-15, 09.10.2014 | 3,030 |
| 12 | കൃഷി ഭവൻ, കിഴക്കോത്ത് | 126/14-15, 16.10.2014 | 5,230 |
| 13 | കൃഷി ഭവൻ, വളയം | 133/14-15, 17.10.2014 | 4,300 |
| 14 | കൃഷി ഭവൻ, പെരുവയൽ | 143/14-15, 20.10.2014 | 4,900 |
| 15 | കൃഷി ഭവൻ, തിക്കോടി | 155/14-15, 24.10.2014 | 4,480 |
| 16 | പി.എ.ഒ, വയനാട് | 02/12-13, 02.12.2013 | 2,750 |
| | | | 61,060 |
| 2015-16 വർഷത്തിൽ ലഭിക്കുവാനുള്ളത് | | | |
| കുറ്റികുരുമുളക് | | | |
| 1 | കൃഷി ഭവൻ, നല്ലളം | 1/15-16, 05.05.2015 | 25,000 |
| 2 | കൃഷി ഭവൻ, കോഴിക്കോട് | 05/15-16, 06.05.2015 | 9,000 |
| | | 06/15-16, 07.05.2015 | 27,000 |
| | | 19/15-16, 14.05.2015 | 14,000 |
| 3 | കൃഷി ഭവൻ, എലത്തൂർ | 14/15-16, 11.05.2015 | 27,000 |
| 4 | കൃഷി ഭവൻ, ചാത്തമംഗലം | 16/15-16, 12.05.2015 | 11,000 |
| 5 | കൃഷി ഭവൻ, കുന്ദമംഗലം | 18/15-16, 12.05.2015 | 11,000 |
| 6 | കൃഷി ഭവൻ, പെരുവയൽ | 21/15-16, 15.05.2015 | 11,000 |
| 7 | കൃഷി ഭവൻ, പെരുമണ്ണ | 23/15-16, 15.05.2015 | 11,000 |
| 8 | കൃഷി ഭവൻ, മുക്കം | 27/15-16, 21.05.2015 | 11,000 |
| 9 | കൃഷി ഭവൻ, കൊടിയത്തൂർ | 29/15-16, 21.05.2015 | 11,000 |
| | | 43/15-16, 04.06.2015 | 2,000 |
| 10 | കൃഷി ഭവൻ, മടവൂർ | 41/15-16, 04.06.2015 | 11,000 |
| 11 | കൃഷി ഭവൻ, കാരശ്ശേരി | 44/15-16, 09.06.2015 | 11,000 |
| 12 | കൃഷി ഭവൻ, കുരുവട്ടൂർ | 47/15-16, 12.06.2015 | 11,000 |
| കുരുമുളക് വള്ളി | | | |
| 1 | കൃഷി ഭവൻ, പുതിയറ | 191/15-16, 19.12.2015 | 50,000 |
| 2 | കൃഷി ഭവൻ, ഫറോക്ക് | 218/15-16, 12.02.2016 | 37,000 |
| 3 | കൃഷി ഭവൻ, കടലുണ്ടി | 229/15-16, 18.02.2016 | 51,500 |
| 4 | കൃഷി ഭവൻ, രാമനാട്ടുകര | 234/15-16, 24.02.2016 | 26,000 |
| 5 | കൃഷി ഭവൻ, ഏറാമല | 236/15-16, 25.02.2016 | 48,500 |
| 6 | കൃഷി ഭവൻ, അഴിയൂർ | 237/15-16, 25.02.2016 | 18,500 |
| 7 | കൃഷി ഭവൻ, ഒഞ്ചിയം | 238/15-16, 25.02.2016 | 18,500 |
| 8 | കൃഷി ഭവൻ, ചോറോട് | 239/15-16, 25.02.2016 | 26,000 |
| 9 | കൃഷി ഭവൻ, ഒളവണ്ണ | 244/15-16, 01.03.2016 | 27,000 |
| പച്ചക്കറി വിത്ത് | | | |
| 1 | കൃഷി ഭവൻ, ബാലുശ്ശേരി | 159/15-16, 29.10.2015 | 9,460 |
| | | 202/15-16, 02.02.2016 | 8,140 |
| 2 | കൃഷി ഭവൻ, കൂരാച്ചുണ്ട് | 165/15-16, 05.11.2015 | 4598 |
| 3 | കൃഷി ഭവൻ, ആയഞ്ചേരി | 221/15-16, 15.02.2016 | 2,134 |

| | | | |
|---|---|---|---|
| 4 | കൃഷി ഭവൻ, കടലുണ്ടി | 235/15-16, 25.02.2016 | 5,068 |
| കമുകിൻ തൈ | | | |
| 1 | കൃഷി ഭവൻ, കൊടിയത്തൂർ | 42/15-16, 04.06.2015 | 176 |
| | | | 5,35,576 |
| പേരാമ്പ്ര കൃഷി ഫാം (2014-15 വരെ ലഭിക്കുവാനുള്ളത്.) | | | |
| 1 | സീഡ് അതോറിറ്റി | പച്ചക്കറി വിത്ത് | 5,73,000 |
| 2 | | നെല്ല് | 7,05,690 |
| | | | 12,78,690 |
| 2015-16 വർഷത്തിൽ ലഭിക്കുവാനുള്ളത് | | | |
| 1 | സീഡ് അതോറിറ്റി | പച്ചക്കറി വിത്ത് | 3,91,455 |
| 2 | | നെല്ല് | 1,67,400 |
| 3 | കൃഷിഭവൻ, തിരുവള്ളൂർ | തൈകൾ | 5,010 |
| 4 | കൃഷിഭവൻ, ആയഞ്ചേരി | തൈകൾ | 1,700 |
| | | | 5,65,565 |
| തിക്കോടി ഫാം (2014-15 വരെ ലഭിക്കുവാനുള്ളത്.) | | | |
| 1 | കൃഷിഭവൻ, ചോറോട് | | 1,000 |
| 2 | കൃഷിഭവൻ, മരുതോങ്കര | | 1,800 |
| 3 | കൃഷിഭവൻ, വേളം | | 1,800 |
| 4 | കൃഷിഭവൻ, വില്യാപ്പള്ളി | | 1,800 |
| 5 | കൃഷിഭവൻ, കീഴരിയൂർ | | 7,200 |
| 6 | കൃഷിഭവൻ, ഏറാമല | | 1,408 |
| 7 | കൃഷിഭവൻ, തിരുവള്ളൂർ | | 6,800 |
| 8 | കൃഷിഭവൻ, ഒളവണ്ണ | | 10,000 |
| 9 | കൃഷിഭവൻ, മുക്കം | | 3,808 |
| 10 | കൃഷിഭവൻ, എടച്ചേരി | | 210 |
| 11 | കൃഷിഭവൻ, വളയം | | 22,888 |
| | | | 58,714 |
| 2015-16 വർഷത്തിൽ ലഭിക്കുവാനുള്ളത് | | | |
| 1 | കൃഷിഭവൻ, നാദാപുരം | | 4,425 |
| 2 | കൃഷിഭവൻ, മേപ്പയ്യൂർ | | 17,500 |
| 3 | കൃഷിഭവൻ, കുത്താളി | | 4,425 |
| 4 | കൃഷിഭവൻ, ചേളന്നൂർ | | 4,425 |
| 5 | കൃഷിഭവൻ, കുന്ദമംഗലം | | 4,425 |
| 6 | കൃഷിഭവൻ, കൊടിയത്തൂർ | | 4,425 |
| | | | 39,625 |
| സ്റ്റേറ്റ് സീഡ് ഫാം, പുതുപ്പാടി (2014-15 വരെ ലഭിക്കുവാനുള്ളത്.) | | | |
| 1 | സീഡ് അതോറിറ്റി | നെല്ല്, ഗണ്ണി ബാഗ് | 4,96,199 |
| | | പച്ചക്കറി വിത്ത് | 1,09,228 |
| | | | 6,05,427 |
| 2015-16 വർഷത്തിൽ ലഭിക്കുവാനുള്ളത് | | | |
| 1 | കൃഷിഭവൻ, മാവൂർ | പച്ചക്കറി വിത്ത് | 15,560 |
| 2 | കൃഷിഭവൻ, കുന്ദമംഗലം | | 15,560 |
| 3 | കൃഷിഭവൻ, മുക്കം | | 15,560 |
| 4 | കൃഷിഭവൻ, നടുവണ്ണൂർ | | 3,320 |
| 5 | സീഡ് അതോറിറ്റി | നെല്ല് ഗണ്ണി | 5,92,200 |
| | | | 6,42,200 |

ഫാം ഉൽപ്പനങ്ങൾ വിതരണം ചെയ്ത് വില ലഭ്യമാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കാത്ത പക്ഷം ബന്ധപ്പെട്ട ഫാം

സൂപ്രണ്ട്/സീനിയർ കൃഷി ഓഫീസറിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

## 2-6 ഉപയോഗയോഗ്യമായ വസ്തുവകകളുടെ ലേലം - വരവിൽ കൃത്യതയില്ല.

1. ലേല ഡയറി, തുക ഒടുക്കിയതിന്റെ രശീതി എന്നിവ ഹാജരാക്കിയില്ല.

ജില്ലാപഞ്ചായത്തിന്റെ അധീനതയിലുള്ള വിവിധ സ്കൂളുകളുടെയും, ഓർക്കാട്ടേരി C.H.Cയുടെയും പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി ആയവയുടെ ഉപയോഗയോഗ്യമായ വസ്തുവകകളുടെ വില നിശ്ചയിച്ച് എക്സിക്യൂട്ടീവ് എഞ്ചിനീയർ സർവ്വേ റിപ്പോർട്ട് നൽകിയിട്ടുണ്ട്. ലേലം നടന്നതു സംബന്ധിച്ച ലേലഡയറി, തുക ഒടുക്കിയതുമായി ബന്ധപ്പെട്ട രശീതികൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | പൊളിച്ചു മാറ്റിയ സാധനങ്ങൾക്ക് എക്സി. എഞ്ചിനീയർ നിശ്ചയിച്ച വില | റിമാർക്സ് |
|---|---|---|---|
| 1 | C.H.C ഓർക്കാട്ടേരി പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റൽ | 1,73,859/- | |
| 2 | GHSS Boys School മടപ്പള്ളി - പഴയ ഓടിട്ട കെട്ടിടം പൊളിച്ചുമാറ്റിയാൽ കിട്ടുന്ന ഉപയോഗപ്രദമായ വസ്തുവകകൾ | 4,58,665/- | പൊളിച്ചു മാറ്റുന്നതിനു മുമ്പായി സ്കൂൾ അധികാരികൾ മുഖാന്തിരം DDE യുടെ അനുമതി വാങ്ങേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി 41/15-16 തീ. 30.03.2017 പ്രകാരം 2056.81 കിലോ ട്രസ്സ്, 281.87$m^2$ റൂഫിംഗ് ഷീറ്റ് എന്നിവ പൊളിച്ചുമാറ്റിയതിന് ആകെ 15,597/-രൂപ കൊടുത്തതായും പൊളിച്ച മാറ്റിയ സാധനങ്ങളുടെ വില നിശ്ചയിച്ച് ലേലം ചെയ്ത് കൊടുത്തതിന്റെ വിശദാംശങ്ങൾ ആരായുകയും ചെയ്തിട്ടുണ്ട്. ബാക്കി തുക -443068/- |
| 3 | GHSS ശിവപുരം – കെട്ടിടത്തിന്റെ ടിൻ ഷീറ്റ് മേഞ്ഞ സെമി പെർമനന്റ് ഹാളിന്റെ നിലവിലെ മേൽക്കൂര പൊളിച്ചുമാറ്റിക്കിട്ടുന്ന വസ്തുവകകൾ | 81,098/- D2/SR/14 തീ.16.04.2014 | 11501100272/14.12.2015 പ്രകാരം 13,750/- രൂപ, 115000236/ 13.11.2015 പ്രകാരം 12,500/- എന്നിവ ചേർത്ത് 26,250/- രൂപ അടവാക്കി. ബാക്കി തുക 54848/- രൂപ അടവാക്കിയതിന്റെ രേഖകൾ ഇല്ല |

2.വസ്തുവകകളുടെ ലേലം സംബന്ധിച്ച താഴെ പറയുന്ന ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

- GHSS പെരിങ്ങളം ക്ലാസ്സ് റൂം പൊളിച്ചുമാറ്റിയ വസ്തുവകകളുടെ ലേലം
- GHSS നായർകുഴി പഴയ ബിൽഡിംഗ് പൊളിച്ചുമാറ്റിയതുമായി ബന്ധപ്പെട്ട പുന:ലേലം
- GHSS ചെറുവാടി പഴയ ബിൽഡിംഗ് പൊളിച്ചുമാറ്റിയതുമായി ബന്ധപ്പെട്ട ലേലം

3. ലേലം സംബന്ധിച്ച ഫയലുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

ഓരോ വർഷത്തെയും ലേലം സംബന്ധിച്ച ഫയലുകൾ കൃത്യമായി വർഷം തിരിച്ച് സൂക്ഷിക്കുന്നില്ല. ഇതുപോലെ ഓരോ ലേലം സംബന്ധമായ ലേലഫയലുകളും വെവ്വേറെ സൂക്ഷിക്കുന്നില്ല.

അപാകത സംബന്ധിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും (47/30.03.2017) മറുപടി ലഭ്യമാക്കിയിട്ടില്ല. ലേലം ഇനത്തിൽ അടവാക്കാൻ ശേഷിക്കുന്ന 6,71,775/- (1,73,859+443068+54848) രൂപ അടവാക്കി അറിയിക്കേണ്ടതാണ്.

## 2-7 കൈമാറികിട്ടിയ ഫാമുകളിലെ ക്വാർട്ടേഴ്സ് വാടക പൊതുമരാമത്ത് വകുപ്പിന് നൽകുന്നു.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 173(1), പട്ടിക.5 പ്രകാരം ജില്ല പഞ്ചായത്തിലേക്ക് കൈമാറിക്കിട്ടിയതാണ് ഫാമുകളുടെ നടത്തിപ്പ് ചുമതല. 08.10.1996ലെ (എം.എസ്) നം.310/96/കൃഷി ഉത്തരവിലൂടെ കൃഷി വകുപ്പിൽ നിന്ന് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലേക്ക് കൈമാറുന്ന അധികാരങ്ങൾ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ജില്ല പഞ്ചായത്തിന് കൈമാറികിട്ടിയ കിട്ടിയ ഫാമുകളിലെ കെട്ടിടങ്ങൾ പണിയുന്നതിനും, പരിപാലിക്കുന്നതിനും ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിനനുസരിച്ച് കോഴിക്കോട് ജില്ലയിലെ 4 ഫാമുകളിലെ കെട്ടിടങ്ങൾ, ജീവനക്കാർക്കുള്ള വാസഗൃഹങ്ങൾ എന്നിവ നിലവിൽ പരിപാലിക്കുന്നതിന് ജില്ല പഞ്ചായത്ത് വിവിധ ഫണ്ടുകളിൽ നിന്നായി തുക ചെലവഴിക്കുന്നുണ്ട്.

27.02.2003 ലെ (ആർ.റ്റി) നം.677/03/ത.സ്വ.ഭ.വ. നം ഉത്തരവിലൂടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ആസ്തികളിൽ നിന്നുള്ള വരുമാനം ബന്ധപ്പെട്ട സ്ഥാപനത്തിന്റെ തനതു വരുമാനമായി പരിഗണിക്കണമെന്നും ആയവ അതാത് തദ്ദേശ ഭരണ സ്ഥാപനത്തിന്റെ തനത് വരുമാനമായി വിനിയോഗിക്കാമെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് കാലയളവ് വരേയും ജില്ലപഞ്ചായത്തിന് കൈമാറികിട്ടിയ ഫാമുകളിലെ ക്വാർട്ടേഴ്സുകളുടെ വാടകയിനത്തിലെ തുക വരവ് വന്നിട്ടില്ല. അപാകത പരിശോധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതും ഫാം ക്വാർട്ടേഴ്സുകളുടെ വാടക വാടകക്കാരിൽ നിന്നും സർക്കാർ നിർദ്ദേശിച്ച നിരക്കിൽ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 റോഡ് മെയിന്റനൻസ് ഗ്രാന്റ്- അർഹമായതിലും കൂടുതൽ തുക ലഭ്യമാകുന്ന കാര്യം സർക്കാരിനെ അറിയിച്ചില്ല.

റോഡ് മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ ജില്ലപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള റോഡുകളുടെ പുനരുദ്ധാരണത്തിന് ആവശ്യമായതിലും പതിന്മടങ്ങ് തുക 2011-12 വർഷം മുതൽ അനുവദിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി മേൽ ഗ്രാന്റിനത്തിൽ അർഹമായ തുക മാത്രം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്ന് 2014-15 വർഷത്തെ റിപ്പോർട്ടിൽ (ഖണ്ഡിക3-1) ഓഡിറ്റ് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇക്കാര്യത്തിൽ സ്ഥാപനം ഓഡിറ്റ് കാലയളവ് വരേയും നടപടി സ്വീകരിച്ചിട്ടില്ല. ഓഡിറ്റ് വർഷത്തിലും ക്രമാതീതമായ തുക ഈ ഇനത്തിൽ ലഭിച്ചതിനാൽ മുൻവർഷങ്ങളിൽ എന്നതു പോലെ 99.97 ശതമാനവും വിനിയോഗിച്ചത് ഗ്രാമപഞ്ചായത്തുകളുടെ ആസ്തികളിന്മേലാണ്. ഓഡിറ്റ് വർഷത്തിൽ 52.42 കോടി രൂപ മേൽ ഗ്രാന്റ് ഇനത്തിൽ ലഭിച്ചതിൽ 30.09 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്. ഇതിൽ ജില്ലപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള നാല് റോഡുകൾക്കായി ആകെ 61.46 ലക്ഷം രൂപ മാത്രമാണ് വിനിയോഗിച്ചിരിക്കുന്നത്. 2010 വർഷത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന 141 റോഡുകൾ ജില്ലപഞ്ചായത്തിന് കൈമാറിയതിനെ തുടർന്നാണ് 2011-12 സാമ്പത്തിക വർഷം മുതൽ റോഡ് സംരക്ഷണ ഗ്രാന്റ് അനുവദിക്കുന്നതിൽ സർക്കാർ വർദ്ധനവ് വരുത്തിയത്. എന്നാൽ 2012ൽ മേൽ റോഡുകൾ സർക്കാർ തിരിച്ച് പൊതുമരാമത്തിനു കൈമാറി. ഇതിനനുസൃതമായി സ്ഥാപനത്തിന് ലഭിച്ചു കൊണ്ടിരുന്ന ഗ്രാന്റിൽ തുടർ വർഷങ്ങളിൽ കുറവുവരുത്താത്തതാണ്, സ്ഥാപനത്തിന്റെ ആസ്തികളിൽ വിനിയോഗിച്ചിട്ടും ഭീമമായ തുക നീക്കിയിരിപ്പാകാൻ കാരണമായതെന്നും, മറ്റ് സ്ഥാപനങ്ങളുടെ ആസ്തികളിൽ ഇത് വിനിയോഗിക്കാൻ സ്ഥാപനത്തെ പ്രേരിപ്പിച്ചതെന്നും മുൻ റിപ്പോർട്ടിൽ നിരീക്ഷിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പാലിക്കാത്തതിനും മറ്റ് സ്ഥാപനങ്ങളുടെ ആസ്തികളിൽ തുക

ചെലവഴിച്ചതിനും വ്യക്തമായ വിശദീകരണം നൽകേണ്ടതാണ് .

## 3-2 ഗവ: ഹൈസ്കൂളിൽ കമ്പ്യൂട്ടർ വാങ്ങൽ– പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

പ്രൊജക്റ്റ് നം. : S0787/16

നിർവ്വഹണം : വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

അടങ്കൽ തുക : 20,00,000(മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)

ചെലവ് തുക : 19,86,883/-
[ബിൽ നം. 03/2015-16 തീ. 06.02.2016(9,93,450), 04/15-16 തീ. 06.02.2016 (9,93,433/-)]

ജില്ലാപഞ്ചായത്തിനു കൈമാറികിട്ടിയ 48 സ്കൂളുകളിലേയ്ക്ക് ആവശ്യമായ കമ്പ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായാണ് തുക വകയിരുത്തിയിരിക്കുന്നത്. പർച്ചേസിംഗ് കമ്മറ്റിയുടെ 09.09.2015 ലെ 54/15 നം തീരുമാന പ്രകാരം സിഡ്കോ സെയിൽസ് എംപോറിയം, കെൽട്രോൺ എന്നിവർ തുല്യമായി ക്വാട്ട് ചെയ്തതിനാലും തുടർന്ന് മേൽ സ്ഥാപനങ്ങളുമായി നെഗോഷിയേഷൻ പ്രകാരം 26,850/- രൂപയ്ക്ക് നൽകാമെന്ന് ഇരു സ്ഥാപനങ്ങളും അറിയച്ചതിനെ തുടർന്ന് ഇരു സ്ഥാപനങ്ങൾക്കും 50:50 അവസരം നൽകിക്കൊണ്ട് ഡെസ്ക്ക്ടോപ്പ് കമ്പ്യൂട്ടർ വാങ്ങുന്നതിന് തീരുമാനിച്ചു. ജില്ലാപഞ്ചായത്ത് ഭരണ സമിതിയുടെ 19.09.2015 ലെ 55/15 നം തീരുമാന പ്രകാരം ഇത് അംഗീകരിക്കുകയും ചെയ്തു. ആയതു പ്രകാരം സിഡ്കോ, സെയിൽസ് എംപോറിയത്തിൽ നിന്നും 37 കമ്പ്യൂട്ടറുകളും, കെൽട്രോണിൽ നിന്നും 37കമ്പ്യൂട്ടറുകളും ഉൾപ്പടെ 74 കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനായി 19,86,883/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| SIDCO Sales Emporium | |
|---|---|
| Accer Desktop PC with Intel Dual Core Processor, Intel/OEM mother Board, 2GB DDR 3RAM, 500 GB SATA Hard Disk, 18.5” wide LCD Monitor 25,571 x 37 | 9,46,127 |
| VAT@5% | 47,306.35 |
| Round of | 0.35 |
| Total | 9,93,433 |
| KELTRON | |
| Accer Veriton M200 H81 Intel Pentium Dual Core Processor, Intel/OEM mother Board, 2GB DDR 3RAM, 500 GB SATA Hard Disk, 18.5” wide LCD Monitor 25,571.43 x 37 | 9,46,142.91 |
| VAT@5% | 47,307.15 |
| Round of | 0.06 |
| Total | 9,93,450 |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. സർക്കാർ ഉത്തരവ് 1/2006/എസ്.പി.ഡി 02.02.2006 പ്രകാരം സർക്കാർ സ്ഥാപനങ്ങളും തദ്ദേശ ഭരണ സ്ഥാപനങ്ങളും ടെണ്ടർ നടപടി കൂടാതെ കമ്പ്യൂട്ടറുകളും അനുബന്ധ സാധനങ്ങളും വാങ്ങാൻ കെൽട്രോണിനെ സമീപിക്കുമ്പോൾ കെൽട്രോൺ നിർമ്മിക്കാത്തവ/അസംബിൾ ചെയ്യാത്തവ ഓർഡർ തുകയുടെ പകുതി വില വരുന്നത്

മാത്രമേ നൽകാൻ പാടുള്ളൂ. എന്നാൽ ഇത്തരം നടപടിക്രമങ്ങൾ പാലിച്ചില്ല.

2. സിഡ്കോ സെയിൽസ് എംപോറിയത്തിൽ നിന്നും കമ്പ്യൂട്ടറുകൾ വാങ്ങി നൽകുന്നതിന് സർക്കാർ അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവ് ഹാജരാക്കിയിട്ടില്ല. കൂടാതെ, സിഡ്കോ നിർമ്മിതമല്ലാത്ത ACERകമ്പ്യൂട്ടറുകൾ പൊതുവിപണിയിൽ ലഭ്യമാണെന്നിരിക്കേ ടെണ്ടർ നടപടി കൂടാതെ, സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങിയതിന്റെ ആധികാരികത വ്യക്തമല്ല.

3. കമ്പ്യൂട്ടറുകൾ വാങ്ങിയത് സ്റ്റോക്കിലെടുക്കുകയോ, ഇതിനായി ഒരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

4. 15.02.2012 ൽ സംസ്ഥാന പബ്ലിക്ക് ഇൻസ്ട്രക്ഷൻ ഡയറക്ടർ എൻ.ഇ.പി3/80281/07 നം. ഉത്തരവിലൂടെ സംസ്ഥാനത്തെ സർക്കാർ വിദ്യാലയങ്ങളിൽ വാങ്ങി നൽകേണ്ട ഐ.ടി. ഉപകരണങ്ങളുടെ ഏറ്റവും കുറഞ്ഞ സ്പെസിഫിക്കേഷൻ ഉള്ളതും, പരമാവധി വില ഉൾപ്പെടുത്തിയതുമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം നികുതി ഉൾപ്പടെ കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്ക് ഏറ്റവും കൂടിയ നിരക്ക് 22,400/- രൂപയാണ്. ഇത് പ്രകാരം ഇവിടെ വിതരണം ചെയ്തിരിക്കുന്ന കമ്പ്യൂട്ടർ ഒന്നിന് നികുതി ഉൾപ്പടെ 26,850/- രൂപ വില വരും. ഒരു കമ്പ്യൂട്ടറിന് 4450/- രൂപ കൂടുതലായി നൽകി. ഇത് പ്രകാരം 3,29,300/- രൂപ അധികമായി (സിഡ്കോ - 1,64,650/-, കെൽട്രോൺ-1,64,650/-) നൽകിയിട്ടുണ്ട്. അധികമായി നൽകിയ 3,29,300/- രൂപയും ചെലവിനടിസ്ഥാനമാക്കിയ അനുമതി വിവരം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക തടസ്സം ചെയ്യുന്നു.

## 3-3 ലാബ് ഉപകരണങ്ങൾ വാങ്ങൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പദ്ധതി പേര്, നം | ഗവ: സ്കൂളുകളിൽ ലാബ് ഉപകരണങ്ങൾ വാങ്ങൽ, 786/16 |
| അടങ്കൽ തുക | 15,81,000(മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| ചെലവ് തുക | 15,80,975/-(ബിൽ നം. 11/2015-16 തീ. 30.03.2016) |
| പദ്ധതി പേര്, നം | വി.എച്ച്.എസ്.ഇ യിലേക്ക് ആവശ്യമായ ലാബ് ഉപകരണങ്ങൾ വാങ്ങൽ, 792/16 |
| അടങ്കൽ തുക | 15,00,000(മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| ചെലവ് തുക | 14,99,810/-(ബിൽ നം. 13/2015-16 തീ. 30.03.2016) |
| നിർവ്വഹണം | വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് |

ജില്ലപഞ്ചായത്തിന് കൈമാറികിട്ടിയ 48 ഗവ: സ്കൂളുകളിലേക്കും, 2 വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലേക്കും ആവശ്യമായ ലാബ് ഉപകരണങ്ങൾ, ലാബ് റീ-ഏജന്റുകൾ എന്നിവ വാങ്ങുന്നതിനായാണ് മേൽ വിവരിച്ച പദ്ധതികൾ പ്രകാരം തുക വകയിരുത്തി ചെലവഴിച്ചിരിക്കുന്നത്. പർച്ചേസിംഗ് കമ്മറ്റിയുടെ 09.09.2015 ലെ 58/15 നം തീരുമാന പ്രകാരം സിഡ്കോ മാർക്കറ്റിംഗ് സെൽ, പുതിയറയിൽ നിന്നും ലാബ് ഉപകരണങ്ങൾ, ലാബ് റീ-ഏജന്റുകൾ എന്നിവ ടെണ്ടർ നടപടി കൂടാതെ നേരിട്ട് വാങ്ങുന്നതിന് തീരുമാനിച്ചു. 19.09.2015 ലെ 55/2015 നം ഭരണ സമിതി തീരുമാന പ്രകാരം ഇത് അംഗീകരിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ലാബ് ഉപകരണങ്ങളായ പൊട്ടൻഷ്യോ മീറ്റർ, മീറ്റർ ബ്രിഡ്ജ്, ഗാൽവനോമീറ്റർ, സോണോമീറ്റർ, മൈക്രോസ്കോപ്പ് തുടങ്ങി 35ൽ അധികം ലാബ് ഉപകരണങ്ങളും, 30 ൽ അധികം റീ-ഏജന്റുകളും സോളാർ ഫാൻ, സോളാർ കുക്കർ എന്നിവയും സിഡ്കോയിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 03.01.2013 ലെ 4/13 എസ്.പി.ഡി ഉത്തരവിലൂടെ ആശുപത്രി ഫർണ്ണിച്ചർ, ലാബ് ഉപകരണങ്ങൾ എന്നിവ ടെണ്ടർ നടപടി കൂടാതെ സിഡ്കോവിൽ നിന്നും വാങ്ങുന്നതിനാണ് സർക്കാർ അനുമതി നൽകിയിരിക്കുന്നത്. സ്കൂളുകൾക്കാവശ്യമായ ലാബ് ഉപകരണങ്ങൾ, കെമിക്കലുകൾ എന്നിവ ടെണ്ടർ നടപടി കൂടാതെ സിഡ്കോ മുഖേന വാങ്ങുന്നതിന് അനുമതി ഇല്ല.

2. സിഡ്കോയിൽ നിന്നും നേരിട്ട് സാധനങ്ങൾ വാങ്ങുന്നതിനു മുന്നോടിയായി പ്രസ്തുത സാധനങ്ങൾക്ക് സംസ്ഥാന സർക്കാരിന്റെ റേറ്റ് കോൺട്രാക്ട്, ഡി.ജി.എസ്.ഡി റേറ്റ് കോൺട്രാക്ട് എന്നിവ നിലവിലില്ല എന്ന് പർച്ചേസിംഗ് ഓഫീസർ ഉറപ്പുവരുത്തേണ്ടതുണ്ട്. ഇത്തരം നടപടി സ്വീകരിച്ചതിന്റെ രേഖകൾ ഫയലിൽ ഇല്ല.
3. ലാബ് ഉപകരണങ്ങൾ സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങുമ്പോൾ ആയവ സിഡ്കോ, അല്ലെങ്കിൽ സിഡ്കോയിൽ രജിസ്റ്റർ ചെയ്ത എം.എസ്.എം.ഇ യൂണിറ്റുകൾ നിർമ്മിച്ചവയാണെന്ന് സിഡ്കോ അധികാരികൾ ഉറപ്പ് നൽകേണ്ടതുണ്ട്.
4. ഉപകരണങ്ങൾ, കെമിക്കലുകൾ എന്നിവ വാങ്ങിയത് സ്റ്റോക്കിലെടുത്തിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും, ഹൈസ്കൂൾ, വി.എച്ച്.എസ്.ഇ ലാബ് ഉപകരണങ്ങൾ, കെമിക്കലുകൾ എന്നിവ സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവ് ഹാജരാക്കേണ്ടതുമാണ്. ഇതിനായി ചെലവഴിച്ച 30,80,785/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-4 വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലകളിലുള്ള പ്രവർത്തനങ്ങൾക്ക് സമാനമായി പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കി.

നിർവഹണ ഉദ്യോഗസ്ഥൻ - ഡെപ്യൂട്ടി ഡയറക്ടർ, പൊതു വിദ്യാഭ്യാസം

പദ്ധതിയുടെ പേര്,നമ്പർ - സമഗ്ര വിദ്യാഭ്യാസ പദ്ധതി, 785/15-16

ഹയർ സെക്കന്ററി സ്മാർട്ട് ക്യാംപസ്, 881/15-16

ജില്ലാപഞ്ചായത്തിനു കൈമാറി കിട്ടിയതും, എയ്ഡഡ് മേഖലയിലുള്ളതുമായ ഹൈസ്കൂൾ ഹയർ സെക്കന്ററി വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠന പരിശീലന ക്ലാസ്സുകൾ, കൌമാരസഭ, കൌൺസിലിംങ്, വ്യക്തിത്വ വികസനം, ബാലവകാശ സംരക്ഷണം, വിജയോൽസവം, കരിയർ ഗൈഡൻസ് തുടങ്ങിയവ ഉൾപ്പടുത്തിയാണ് തൻവർഷം വിദ്യാഭ്യാസ മേഖലയിൽ മേൽ പറഞ്ഞ രണ്ട് പദ്ധതികളും രൂപീകരിച്ചിട്ടുള്ളത്. പദ്ധതി നടപ്പിലാക്കുന്നതിലൂടെ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പരീക്ഷകളിൽ മികച്ച ഗ്രേഡും ഉയർന്ന വിജയശതമാനവും ഉറപ്പാക്കും. ശ്രീ.കെ.കെ.ശിവദാസൻ, അദ്ധ്യാപകൻ, ബാലുശ്ശേരി ജി.ജി.എച്ച്.എസ്.എസ്, (വിദ്യാഭ്യാസ കോർഡിനേറ്റർ) എന്നവരുടെ നേതൃത്വത്തിലാണ് പദ്ധതികളുടെ വിവിധ ഘട്ടങ്ങൾ നടത്തിയത്. പദ്ധതികൾക്കായി ജില്ലാപഞ്ചായത്ത് ഫണ്ട് വകയിരുത്തിയതിന്റെയും, ചെലവഴിച്ചതിന്റെയും വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതി നമ്പർ | അടങ്കൽ തുക | ചെലവ് തുക | ബിൽ നമ്പർ,തീയ്യതി |
|---|---|---|---|
| 785/16 | 89,993 | 89,993 | 06/15-16, 23.03.2016 |
| 881/16 | 1,00,000 | 22,050 | 14/15-16, 30.03.2016 |
| ആകെ | | 1,12,043 | |

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. 1994 ലെ കേരള പഞ്ചായത്ത് രാജ് വകുപ്പ് 173(1) പട്ടിക-5 പ്രകാരം സർക്കാർ ഹൈസ്കൂളുകൾ, ഹയർ സെക്കന്ററി സ്കൂളുകൾ, സാങ്കേതിക സ്കൂളുകൾ, തൊഴിലധിഷ്ഠിത ഹയർ സെക്കന്ററി സ്കൂളുകൾ, വിദ്യാഭ്യാസത്തിനും പരിശീലനത്തിനുമുള്ള ജില്ലാ ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവയുടെ നടത്തിപ്പ്, വിദ്യാഭ്യാസം സംബന്ധിച്ച കേന്ദ്ര സംസ്ഥാന സ്പോൺസേഡ് പരിപാടികളെ ഏകോപിപ്പിക്കുക എന്നിവയാണ് ജില്ലാ പഞ്ചായത്തിനു വിദ്യാഭ്യാസ മേഖലയിൽ അനുവദിച്ച ചുമതലകൾ. 18.01.1996ലെ (എം.എസ്)14/96/പൊ.വി. നമ്പർ ഉത്തരവിലൂടെ പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്ത സ്ഥാപനങ്ങളും അധികാരങ്ങളും, നടപ്പാക്കേണ്ട പദ്ധതികളും എന്തെല്ലാമാണ് സംബന്ധിച്ച പൊതുമാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വിദ്യാർത്ഥികളുടെ അഡ്മിഷൻ, പഠന വിഷയങ്ങൾ, സിലബസ്, പാഠപുസ്തകങ്ങൾ, പരീക്ഷ നടത്തിപ്പ്, ഗ്രേഡിംഗ് തുടങ്ങിയവ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലകളിൽപെടുന്നില്ല. ഇത്തരം കാര്യങ്ങൾ നിലവിലും സർക്കാരിന്റെ ചുമതലയിലാണ്.
2. 16.11.2013ലെ(എം.എസ്)362/13/ ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം (പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖ)തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലയിൽ നിക്ഷിപ്തമല്ലാത്തതും, തദ്ദേശ ഭരണ സ്ഥാപനത്തെ സർക്കാർ ഏൽപ്പിച്ചിട്ടില്ലാത്തതും, ഏതെങ്കിലും വകുപ്പുകളുടെ ചുമതലയിലുള്ളതുമായ പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും മേൽ ഉത്തരവിലെ നിർദ്ദേശങ്ങളും പാലിക്കാതെയാണ് പദ്ധതികൾ നടപ്പാക്കിയിട്ടുള്ളത്.
3. പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ ഉത്തവ് അനുബന്ധം-1 ഖണ്ഡിക 6(iv) പ്രകാരം പഠനത്തിൽ പിന്നോക്കക്കാരായ കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുമ്പോൾ ഹോണറേറിയമോ, വേതനമോ കൂടാതെ സന്നദ്ധ

മനോഭാവത്തോടെ പ്രവർത്തിക്കാൻ തയ്യാറുള്ളവരെ ഉൾപ്പെടുത്തി ചെയ്യണമെന്നാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ മേൽ നിർദ്ദേശം പാലിച്ചില്ല.

4. പദ്ധതി നടപ്പാക്കുന്നതിനായി വിദ്യാർത്ഥികളിൽ നടത്തിയ വിവരശേഖരണം, ആയതിനനുസരിച്ച് ഫാക്കൽറ്റികളെ തെരഞ്ഞെടുത്തതിന്റെ വിശദാംശങ്ങൾ, ഓണറേറിയം നിശ്ചയിച്ച് നൽകിയത് എന്നിവ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലകളിൽപെട്ട പ്രവർത്തനങ്ങളിൽ ജില്ലപഞ്ചായത്ത് പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കിയതിനുള്ള ചെലവ് തുക 1,12,043/- അർഹമായ അനുമതിയുടെ അഭാവത്തിൽ തടസ്സം ചെയ്യുന്നു.

## 3-5 മേഖല ചുമതലകൾ മറികടന്ന് പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികൾക്ക് കരകൗശലന പരിശീലനം.

| |
|---|
| പദ്ധതി പേര്, നം - പട്ടികജാതി വിദ്യാർത്ഥികൾക്ക് കരകൗശലന പരിശീലനം, 885/16<br>നിർവ്വഹണ ഉദ്യോഗസ്ഥൻ - ജില്ല പട്ടികജാതി വികസന ഓഫീസർ, കോഴിക്കോട്<br>അടങ്കൽ തുക - 4,00,000 രൂപ (വികസന ഫണ്ട് - എസ്.സി.പി.)<br>ചെലവ് തുക - 4,00,000 രൂപ (ബിൽ നം. 01 /15-16 തി.16.10.2015) |
| പദ്ധതി പേര്, നം - പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് കരകൗശല പരിശീലനം, 848/16<br>നിർവ്വഹണ ഉദ്യോഗസ്ഥൻ - ട്രൈബൽ ഡവലപ്പ്മെൻറ് ഓഫീസർ, കോഴിക്കോട്<br>അടങ്കൽ തുക – 4,00,000/- (വികസന ഫണ്ട് - ടി.എസ്.പി)<br>ചെലവ് തുക – 2,80,000/-, (ബിൽ നം. 01/15-16, തീ.18.03.2016) |

സർക്കാർ, എയിഡഡ് സ്കൂളിലെ 9, 11 ക്ലാസുകളിലെ പട്ടികജാതി/വർഗ്ഗ വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് ഒഴിവുകാലത്ത് കരകൗശല നിർമ്മാണത്തിൽ വൈദഗ്ദ്യം നൽകാനാണ് മേൽ വിവരിച്ച പ്രൊജക്ട് തയ്യാറാക്കി നടപ്പാക്കിയത്. ഇതു പ്രകാരം ഇരിങ്ങൽ സർഗാലയയിൽ വെച്ച് പ്രസ്തുത വിദ്യാർത്ഥികൾക്ക് മേൽ വിവരിച്ച ബിൽ തുക ചെലവഴിച്ച് പരിശീലനം നൽകിയിട്ടുണ്ട്.

പദ്ധതി നടപ്പിലാക്കിയത് സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു

1. 1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 173 (1) പട്ടിക – 5പ്രകാരം പട്ടിക ജാതി/ പട്ടിക വർഗ്ഗ വികസന മേഖലയിൽ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ നടത്തിപ്പ്, പട്ടിക ജാതി- പട്ടിക വർഗ്ഗക്കാർക്കായുള്ള തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങളുടെ നടത്തിപ്പ് എന്നിവ മാത്രമാണ് ഉൾപ്പെടുന്നത്. വിദ്യാർത്ഥികൾക്ക് കരകൗശല ട്രെയിനിംഗ് എന്നത് ജില്ല പഞ്ചായത്തിന്റെ മേഖല ചുമതലയിൽപ്പെടുന്ന ഇനമല്ല. വിദ്യാർത്ഥികൾക്ക് കരകൗശല പരിശീലനം നൽകുകയെന്നത് വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയാണ്. പഞ്ചായത്ത് രാജ് നിയമ പ്രകാരം ജില്ലപഞ്ചായത്തിന്റെ ചുമതലയിൽ നിക്ഷിപ്തമല്ലാത്തതും, ജില്ലപഞ്ചായത്തിനെ സർക്കാർ ഏൽപ്പിച്ചിട്ടില്ലാത്തതുമായ ഏതെങ്കിലും വകുപ്പുകളുടെ ചുമതലയിലുള്ള പ്രവർത്തനങ്ങൾ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തേണ്ടതില്ല. (16.11.2013ലെ(എം.എസ്)362/13/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് ഖണ്ഡിക നം - 4 കാണുക)
2. സബ്സിഡി മാർഗരേഖ പ്രകാരം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനു മുന്നോടിയായേ പരിശീലനം നൽകാവൂ. എന്നാൽ ഇത്തരത്തിൽ ഒരു തൊഴിൽ നൽകുന്നതിനു മുന്നോടിയായുള്ള പരിശീലനമല്ല ഇവിടെ നടത്തിയത്. കൂടാതെ പ്രസ്തുത വിദ്യാർത്ഥികൾക്ക് ഇത്തരത്തിലുള്ള പരിശീലനം നൽകാൻ മാർഗരേഖയിൽ വ്യവസ്ഥയും ഇല്ല.
3. പരിശീലന പരിപാടിയിൽ എത്ര വിദ്യാർത്ഥികൾ പങ്കെടുത്തെന്ന് വ്യക്തമാക്കി സ്ഥാപനം നൽകിയ രേഖ ലഭ്യമല്ല. പകരം നിർവ്വഹണ ഉദ്യോഗസ്ഥർ നൽകിയ ലിസ്റ്റിൽ, കോഴ്സ് കോർഡിനേറ്റർ ഒപ്പിട്ടു നൽകുകയാണ് ചെയ്തത്.
4. പരിശീലനത്തിൽ പങ്കെടുത്ത വിദ്യാർത്ഥികളുടെ ഹാജർ, അവർക്ക് പരിശീലനം പൂർത്തിയാക്കിയപ്പോൾ നൽകിയ സർട്ടിഫിക്കറ്റിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കിയിട്ടില്ല.
5. പരിശീലനത്തിന് ശേഷം ഈ വിദ്യാർത്ഥികൾ ഭാഗികമായെങ്കിലും തൊഴിലിൽ ഏർപ്പെട്ടതിന്റേയോ, അവർക്ക് ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും വരുമാനം ലഭിച്ചതിന്റേയോ വിവരം ലഭ്യമല്ല.

കേരള പഞ്ചായത്ത് രാജ് നിയമം, പഞ്ചവൽസര പദ്ധതി സബ്സിഡി മാർഗ്ഗരേഖ എന്നിവ പ്രകാരം അനുമതിയില്ലാത്തതും, സർക്കാർ പ്രത്യേകമായി ഏൽപ്പിച്ചിട്ടില്ലാത്തതുമായ പ്രവർത്തനങ്ങൾക്ക് പദ്ധതി രൂപീകരിച്ച പണം ചെലവഴിച്ചതിനടിസ്ഥാനമാക്കിയ അനുമതി വിവരം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക തടസ്സം ചെയ്യുന്നു.

## 3-6 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം- മാർഗനിർദ്ദേശങ്ങൾ പാലിച്ചില്ല.

പദ്ധതി പേര്, നം - പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം, 879/16

നിർവ്വഹണ ഉദ്യോഗസ്ഥൻ - ജില്ലാ പട്ടിക ജാതി വികസന ഓഫീസർ.

അടങ്കൽ തുക - 54,40,000/- രൂപ (വികസന ഫണ്ട്-എസ് സി പി.)
ചെലവ് തുക - 20,15,000/- രൂപ (ബിൽ നം. 2/15-16 തി. 14.03.2016)
9,61,000/- രൂപ (ബിൽ നം. 4/15-16 തി. 31.03.2016)
1,55,000/- രൂപ (ബിൽ നം. 6/15-16 തി. 31.03.2016)
9,30,000/- രൂപ (ബിൽ നം. 7/15-16 തി. 31.03.2016)
ആകെ- 40,61,000 രൂപ

പദ്ധതി പ്രകാരം, ഗുണഭോക്താക്കളെ ഗ്രാമസഭ തെരഞ്ഞെടുക്കുകയും, അപേക്ഷകർ അധികം ഉണ്ടെങ്കിൽ വരുമാനത്തിന്റെ അളവ് പഠിക്കുന്ന വർഷം കണക്കാക്കി ആനുകൂല്യം നൽകുന്നു. കൂടാതെ, ആനുകൂല്യം ലഭിക്കേണ്ട വിദ്യാർത്ഥികൾ കോഴ്സ് സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ്, ഗ്രാമപഞ്ചായത്തിൽ നിന്നും, പട്ടികജാതി വികസന ഓഫീസറിൽ നിന്നും ലാപ്ടോപ്പ് ലഭിച്ചിട്ടില്ല എന്ന സർട്ടിഫിക്കറ്റ്, ഹാജരാക്കേണ്ടതാണ്. ഈ പ്രൊജക്ടിൽ, 37,300 രൂപ നിരക്കിൽ 145 ഗുണഭോക്താക്കൾക്ക് ലാപ്ടോപ്പ് നൽകാനാണ് ഉദ്ദേശിച്ചത്.

പ്രൊജക്ട് പ്രകാരം നിർവ്വഹിച്ച പ്രവൃത്തികൾ ഇവയാണ്.

ഡി.ജിഎസ് & ഡി റേറ്റ് നിരക്കിൽ DIGI Business System എന്ന സ്ഥാപനത്തിൽ നിന്നും 131 തോഷിപ ലാപ്ടോപ്പ് 31,000/- രൂപ നിരക്കിൽ വാങ്ങി. 3 വർഷ വാറന്റിയോടെയാണ് സാധനങ്ങൾ വാങ്ങിയത്. ഈ ലാപ്ടോപ്പുകൾ 34 ഗ്രാമപഞ്ചായത്തുകളിലെ 131 വിദ്യാർത്ഥികൾക്കാണ് നൽകിയത്.

പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു .

- സർക്കാർ ഉത്തരവ് അനുസരിച്ച് ജില്ലപഞ്ചായത്തിനെ ചുമതലപ്പെടുത്തിയില്ല.

18.03.2015ലെ (സാധാ) 787/2015 ത.സ്വ.ഭ.വ. സർക്കാർ ഉത്തരവിലൂടെ പ്രൊഫഷണൽ, പോസ്റ്റ് ഗ്രാജ്വേറ്റ്, കമ്പ്യൂട്ടർ അധിഷ്ഠിത കോഴ്സുകളിലും, പോളിടെക്നിക്കുകളിലും പഠിക്കുന്ന പട്ടികജാതി/ പട്ടിക വർഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്/കമ്പ്യൂട്ടർ വാങ്ങി നൽകാൻ ഗ്രാമപഞ്ചായത്തുകൾക്കും, മുനിസിപ്പാലിറ്റി/ കോർപ്പറേഷനുകൾക്കുമാണ് അനുമതി നൽകിയത്. ജില്ലപഞ്ചായത്ത് സ്ഥാപനങ്ങൾക്ക് പ്രസ്തുത പദ്ധതി നടപ്പാക്കുവാൻ അനുമതി നൽകിയിട്ടില്ല.

- ഗുണഭോക്താക്കളെ തെരഞ്ഞെടുത്തപ്പോൾ മാനദണ്ഡം പാലിച്ചില്ല.

പദ്ധതി നടപ്പാക്കുന്നതിനായി ഗുണഭോക്താക്കളുടെ ലിസ്റ്റ് ആവശ്യപ്പെട്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് കത്ത് മുഖേന നിർദ്ദേശം നൽകിയെങ്കിലും ലിസ്റ്റ് ലഭ്യമാകാത്തതിനാൽ 13.08.2015 ലെ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് പത്രപരസ്യം നൽകുവാൻ തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പത്രപരസ്യം നൽകിയാണ് ഗുണഭോക്താക്കളിൽ നിന്ന് അപേക്ഷ ക്ഷണിച്ചത്. ലഭ്യമായ അപേക്ഷകരുടെ പേര് അതാത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് നൽകി ഗ്രാമസഭയുടെ അംഗീകാരം ലഭ്യമാക്കുവാൻ അയച്ചു കൊടുത്തു. 34 ഗ്രാമപഞ്ചായത്തുകളിൽ നിന്നായി 331 ഗുണഭോക്താക്കളുടെ ലിസ്റ്റ് നൽകുകയും ഇതിൽ നിന്ന് 131 പേരെ തെരഞ്ഞെടുക്കുകയുമാണ് ചെയ്തത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി രൂപീകരണത്തിലെ ഒരു പ്രധാന രേഖയാണ് ഗുണഭോക്താക്കളുടെ സമ്പൂർണ്ണമായ അന്തിമ ലിസ്റ്റ്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 3എ(സി) പ്രകാരം പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയിട്ടുള്ള പദ്ധതികൾ നടപ്പാക്കുമ്പോൾ നിശ്ചയിക്കപ്പെട്ട മാനദണ്ഡങ്ങൾക്കനുസരിച്ച് മുൻഗണനാക്രമത്തിൽ അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമാക്കി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന് നൽകേണ്ടത് ഗ്രാമസഭകളാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഗുണഭോക്താക്കളെ

ലക്ഷ്യമിട്ട നടപ്പാക്കുന്ന പദ്ധതികളിൽ ഗ്രാമസഭകളുടെ പങ്ക്, ജനപങ്കാളിത്തം, ഗുണഭോക്തൃ തെരഞ്ഞെടുപ്പ് തുടങ്ങിയവയുടെ സുതാര്യത ഉറപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് 02.09.1998 ലെ (പി)നം.181/98/ത.സ്വ.ഭ, 09.07.1999ലെ (പി) നം.138/99/ത.സ്വ.ഭ.വ എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ വിശദമായ മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുള്ളത്. ജില്ലപഞ്ചായത്ത് നടപ്പാക്കുന്ന പദ്ധതികളിൽ ഗ്രാമസഭ വഴി തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ പട്ടിക, ഗ്രാമസഭ, ഗ്രാമപഞ്ചായത്ത് ഭരണസമിതി എന്നിവർ കൈകൊണ്ട തീരുമാനങ്ങളുടെ പകർപ്പ് ജില്ലപഞ്ചായത്തിന് നൽകുകയും, പ്രസ്തുത സ്ഥാപനങ്ങൾ മേൽ ലിസ്റ്റുകളിൽ ആക്ഷേപം ഉണ്ടെങ്കിൽ അവ ബോധിപ്പിക്കുന്നതിന് കരട് രൂപത്തിൽ പ്രസിദ്ധപ്പെടുത്തേണ്ടതും, എന്തെങ്കിലും ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ അവ തീർപ്പാക്കിയിട്ട് വേണം ലിസ്റ്റ് അന്തിമമാക്കുവാൻ. എന്നാൽ പദ്ധതിക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തപ്പോൾ മേൽ നിയമത്തിലേയും, ഉത്തരവിലേയും വ്യവസ്ഥകൾ പാലിച്ചല്ല ലിസ്റ്റ് അന്തിമമാക്കിയത്.

പദ്ധതി പ്രകാരം അപേക്ഷകരുടെ എണ്ണം അധികമായാൽ വരുമാനത്തിന്റെ അളവ് പഠിക്കുന്ന വർഷം എന്നിവ കണക്കാക്കി ആനുകൂല്യം നൽകണം. ഇവിടെ ഇവരെ എപ്രകാരമാണ് തെരഞ്ഞെടുത്തതെന്ന് വ്യക്തമാക്കിയിട്ടില്ല. ക്രമ നമ്പർ പ്രകാരമല്ല തെരഞ്ഞെടുത്തത്. പ്രൊജക്റ്റ് പ്രകാരം വിദ്യാർത്ഥികളുടെ മാർക്ക് നിശ്ചയിക്കുന്ന വിധം താഴെ കൊടുക്കുന്നു.

| ക്രമ നം | കോഴ്സ് | മാർക്ക് | ക്രമനം | ഇനം | മാർക്ക് |
|---|---|---|---|---|---|
| 1 | M Tech | 25 | 2 | B Tech | 20 |
| 3 | MBBS/ BDS | 15 | 4 | MCA | 12 |
| 5 | MBA | 10 | 6 | Poly/Diploma/Bsc Agri | 7 |
| 7 | PG(MA, Msc, Mcom) | 5 | 8 | സർക്കാർ സ്ഥാപനങ്ങളിൽ പഠിക്കുന്നവർ | 2 |
| 9 | ഭിന്നശേഷി ഉള്ളവർ | 2 | 10 | കുടുംബനാഥ-വിധവ | 2 |
| ആകെ മാർക്ക് | | | | | 100 |

ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ ഇത്തരത്തിൽ മാർക്ക് രേഖപ്പെടുത്തി മുൻഗണന നിശ്ചയിച്ച് ലാപ്ടോപ്പുകൾ വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ല. ഇതിനാൽ ഒഴിവാക്കപ്പെട്ട ഗുണഭോക്താക്കളിൽ അർഹത ഉള്ളവർ എത്രയുണ്ടന്ന് അറിയാൻ കഴിഞ്ഞിട്ടില്ല. കൂടാതെ ഗ്രാമ പഞ്ചായത്ത് നൽകിയ ഗുണഭോക്തൃ ലിസ്റ്റിൽ നിന്ന് ക്രമത്തിൽ അല്ല ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത്. ഇതിനാൽ അർഹതയുള്ളവർ ഒഴിവാക്കപ്പെട്ടോ എന്ന വസ്തുത മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല.

- ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെടാത്തവർക്ക് ധനസഹായം നൽകി.

ആനുകൂല്യം നൽകിയ ഗുണഭോക്താക്കളിൽ ചിലർ ഗ്രാമസഭ തെരഞ്ഞെടുക്കാത്തവർ ആണ്. അവരുടെ പേര് താഴെ ചേർക്കുന്നു.

| പേര് വിലാസം | കുറിപ്പുകൾ |
|---|---|
| ശ്യാംലി പി പി, പൈരകണ്ടിയിൽ, പൂളക്കോട്- 673601 ചാത്തമംഗലം | ഗ്രാമപഞ്ചായത്ത് 40 പേരുടെ ലിസ്റ്റ് നൽകി. ഇതിൽ ശ്യാംലി.പി.പി. ഉൾപ്പെട്ടിട്ടില്ല |
| ശ്വേത രവീന്ദ്രൻ വി കെ, വായങ്ങനിലാം കുനി, അയനിക്കാട്(പി.ഒ), ഇരിങ്ങൽ - 673521 | ഗ്രാമപഞ്ചായത്ത് 5 പേരുടെ ലിസ്റ്റ് നൽകി. ഇതിൽ ശ്വേത രവീന്ദ്രൻ.വി.കെ. ഉൾപ്പെട്ടിട്ടില്ല. |

ഗ്രാമപഞ്ചായത്ത് നൽകിയ ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെടാത്തവരാണ് മുകളിൽ പറഞ്ഞവർ. നിരവധി

ഗുണഭോക്താക്കൾ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും അവർക്ക് നൽകാതെയാണ് ഈ ഗുണഭോക്താക്കൾക്ക് ലാപ് ടോപ് നൽകിയയത്.

- വരുമാനം കൂടിയവർക്ക് ലാപ്ടോപ്പുകൾ നൽകി.

സ.ഉ(എം.എസ്)362/2013/ത.സ്വ.ഭ.വ. തി. 16.11.2013 പ്രകാരം ആനുകൂല്യം നൽകുന്ന കുടുംബങ്ങളുടെ വാർഷിക വരുമാനം 50,000/- രൂപ യിൽ കൂടുതൽ ആവാൻ പാടില്ല. എന്നാൽ താഴെ പറയുന്നവർ ലഭ്യമാക്കിയ വരുമാന പത്രികകളിൽ ഈ പരിധി ലംഘിച്ചിട്ടും ലാപ്ടോപ്പ് നൽകുകയുണ്ടായി.

| ക്രമ നം | പേര് വിലാസം, | വാർഷിക വരുമാനം |
|---|---|---|
| 1 | കുമാരി. അഞ്ജു ഗോപിനാഥ്, D/O ഗോപിനാഥ്,<br>മേച്ചേരി പറമ്പത്ത്, ചാത്തമംഗലം | 10,73,216 |
| 2 | കുമാരി. അക്ഷയ ബാലകൃഷ്ണൻ, D/O ബാലകൃഷ്ണൻ.കെ<br>അക്ഷയ നിവാസ്, കുന്നത്ത്, മലയമ്മ (പി.ഒ), എൻ.ഐ.ടി | 10,00,000 |
| 3 | ശ്രീ.റിത്വിക് മോഹൻ, S/O മോഹൻ,<br>എടക്കണ്ടിയിൽ, മണാശ്ശേരി (പി.ഒ) ചാത്തമംഗലം | 9,74,484 |
| 4 | കുമാരി.നമിത.ഇ.എൻ, D/o വിദ്യാനന്ദൻ.കെ.എം, കക്കോടി, മക്കട | 5,57,556 |
| 5 | കുമാരി. അഞ്ജലി ഹരിദാസ്, D/O ഹരിദാസ്,<br>ഹരിശ്രീ (ഹ), കൊടക്കാട് (പി.ഒ), അത്തോളി | 4,01,040 |
| 6 | കുമാരി. അഞ്ജന.കെ.പി, D/o.ചന്ദ്രൻ.കെ.പി,<br>ഒന്തംപറമ്പത്ത്, വിഷ്ണുമംഗലം, നാദാപുരം | 2,99,320 |
| 7 | കുമാരി.ഗോപിക.എസ്.രാജ്, D/o ബാബുരാജ്.പി,<br>ശ്രീപത്മം (ഹ), പുൽപ്പറമ്പിൽ, കോണോട്ട് (പി.ഒ) | 2,86,992 |
| 8 | ശ്രീ.മിഥുൻദാസ്.പി, S/O കേശവദാസ്.പി,<br>ശ്രീകാർത്തിക (ഹ), മക്കട (പി.ഒ), കക്കോടി | 1,39,740 |
| 9 | കുമാരി.സ്നേഹ.പി, D/o സത്യൻ.പി, പുളിക്കൽ (ഹ),<br>മക്കട(പി.ഒ), കക്കോടി | 1,23,204 |
| 10 | ശ്രീ.സഞ്ജയ്.കെ.പി, S/O വിജയൻ.കെ.പി.,<br>ശ്രേയൻകൊല്ലാണ്ടി പറമ്പ്, പുറ്റേക്കാട്, ഫറോക്ക്, കോഴിക്കോട് | 96,000 |
| 11 | കുമാരി. അനുഷ.സി.പി, D/o മനോഹരൻ.സി.പി,<br>പുന്നോളിത്താഴം, കക്കോടി (പി.ഒ) | 93,804 |

പഞ്ചവൽസര പദ്ധതി സബ്സിഡി മാർഗ്ഗ രേഖ പ്രകാരം അനുമതിയില്ലാത്തതും, സർക്കാർ പ്രത്യേകമായി ഏൽപ്പിച്ചിട്ടില്ലാത്തതുമായ പ്രവർത്തനങ്ങൾക്ക് പദ്ധതി രൂപീകരിച്ച് ചെലവ് ചെയ്ത തുക (40,61,000/- രൂപ) തടസ്സപ്പെടുത്തുന്നു. ചെലവിനടിസ്ഥാനമാക്കിയ അടിസ്ഥാന വിവരം ലഭ്യമാക്കേണ്ടതാണ്. ഗുണഭോക്തൃ

പട്ടികയിലുൾപ്പെടാത്തവർക്കും വരുമാന പരിധി അധികരിച്ചവർക്കും ആനുകൂല്യം നൽകിയത് സംബന്ധിച്ചും വ്യക്തമായമറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 3-7 ജില്ല ആശുപത്രി - ആവർത്തന ചെലവുകൾക്ക് പദ്ധതി പണം വിനിയോഗിക്കുന്നു.

നിർവ്വഹണം - സൂപ്രണ്ട്, ജില്ല ആശുപത്രി, വടകര

പദ്ധതി പേര് നം. : ഇലക്ട്രിസിറ്റി, ടെലിഫോൺ, വാട്ടർ ചാർജ്ജ്, S0730/16

അടങ്കൽ തുക : 30,00,000/- (20,00,000/- (തനത് ഫണ്ട്)10,00,000/-(മെയിന്റനൻസ് ഫണ്ട് റോഡിതരം)

ചെലവ് തുക : 29,99,985/-

[19,99,985/-(ചെക്ക് നം.0938680/28.09.2015), 10,00,000/- (ബിൽ നം. 02/15-16 തീ. 16.10.2015)]

ആശുപത്രിയുടെ സുഗമമായ പ്രവർത്തനങ്ങൾ ലക്ഷ്യം വച്ച മേൽ പ്രൊജക്ട് പ്രകാരം ആശുപത്രിയുടെ ഇലക്ട്രിസിറ്റി ചാർജ്ജ്, ടെലഫോൺ ചാർജ്ജ്, വെള്ളക്കരം എന്നിവ അടവാക്കുന്നതിനായാണ് തുക വകയിരുത്തിയിരിക്കുന്നത്. ഇതിനായി തനത് ഫണ്ടിൽ നിന്നും 19,99,985/- രൂപയും, മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 10,00,000/- രൂപയും ചേർത്ത് 29,99,985/- രൂപയും ചെലവഴിക്കുകയുണ്ടായി. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | ചെലവു തുക |
|---|---|
| വൈദ്യുതി ചാർജ്ജ് | 17,91,288 |
| ഫോൺ ചാർജ്ജ് | 18,117 |
| വെള്ളക്കരം | 11,90,580 |
| ആകെ | 29,99,985 |

കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മറ്റി) ചട്ടങ്ങൾ 2010, ചട്ടം.6(1) പ്രകാരം പൊതുജനാരോഗ്യ സ്ഥാപനത്തിലെ ഭൌതിക സൌകര്യങ്ങളും ചികിത്സാ സൌകര്യങ്ങളും സേവനങ്ങളും മെച്ചപ്പെടുത്തുന്നതിനും, മാലിന്യ നിർമ്മാർജ്ജനം, ശുദ്ധജല വിതരണം, വൈദ്യുതി വിതരണം എന്നിവ കാര്യക്ഷമമാക്കുന്നതിനും, സർവ്വോപരി പൊതുജനാരോഗ്യ സ്ഥാപനത്തിന്റെ വികസനത്തിനും വേണ്ടി മാനേജിംഗ് കമ്മറ്റി ആശുപത്രി വികസന ഫണ്ട് രൂപീകരിക്കേണ്ടതും, ചട്ടം.7ലെ നിർദ്ദേശങ്ങൾക്കനുസൃതമായി വിനിയോഗിക്കേണ്ടതുമാണ്.

വടകര ജില്ല ആശുപത്രിയുടെ മാനേജിംഗ് കമ്മറ്റിയുടെ 2015-16 വർഷത്തെ വരവ് ചെലവ് പത്രിക പരിശോധിച്ചതിൽ, 2,18,45,104/- രൂപ നീക്കിയിരിപ്പുണ്ട്. മാനേജിംഗ് കമ്മറ്റിയുടെ വരവ് ചെലവ് പത്രിക പ്രകാരം വൈദ്യുതി/ഫോൺ ചാർജ്ജിനത്തിൽ 26,523/- രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ആശുപത്രി മാനേജിംഗ് കമ്മറ്റി വികസന ഫണ്ടിൽ 2,18,45,104/- രൂപ നീക്കിയിരിപ്പുണ്ടായിരിക്കെയാണ് വൈദ്യുതി, ടെലിഫോൺ ചാർജ്ജ്, വെള്ളക്കരം എന്നിവ ഒടുക്കുന്നതിനായി പദ്ധതി ആവിഷ്കരിച്ച് ജില്ലപഞ്ചായത്ത് തനത് ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവ ഉപയോഗിച്ചത്. അപാകതകൾ വിശദീകരിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (27/15-16, 24.03.2017) സൂപ്രണ്ട് മറുപടി ലഭ്യമാക്കിയിട്ടില്ല. ആശുപത്രിയിലെ നിത്യനിദാന ചെലവുകൾക്ക് എച്ച്.എം.സി. ഫണ്ട് വിനിയോഗിക്കേണ്ടതും ആയത് തികയാത്ത സാഹചര്യത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക നൽകേണ്ടതുമാണ്.

## 3-8 കൈമാറികിട്ടാത്ത ആരോഗ്യ സ്ഥാപനങ്ങളിലേക്ക് നിയമ വ്യവസ്ഥകൾ പാലിക്കാതെ

<u>മരുന്ന് വാങ്ങി നൽകി.</u>

<u>നിർവ്വഹണ ഉദ്യോഗസ്ഥൻ - ജില്ല മെഡിക്കൽ ഓഫീസർ (അലോപ്പതി)</u>

കുതിരവട്ടം മാനസിക ആരോഗ്യ കേന്ദ്രത്തിലെ രോഗികൾ, വിവിധ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നിവക്കായിട്ടുള്ള മരുന്നുകൾ നൽകുന്നതിനായിട്ടാണ് താഴെ പറയുന്ന പ്രോജക്ടുകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ നടപ്പാക്കിയിട്ടുള്ളത്. ഇതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് മുൻകൂറായി 18 ലക്ഷം രൂപ പിൻവലിച്ച് നൽകിയിട്ടുണ്ട്.

| പ്രോജക്റ്റ് നമ്പർ, പേര് | ചെലവു തുക / ഫണ്ടിനം | ബിൽ/ ചെക്ക് നം. |
|---|---|---|
| 948/16, ആരോഗ്യ കേരള അവാർഡ്- ജീവിത ശൈലി രോഗങ്ങൾ, പ്രതിരോധ മാർഗ്ഗങ്ങൾ, | 3,00,000/- (ആരോഗ്യ കേരളം അവാർഡ് തുക ) | ചെക്ക് നം. 1705347, 28.03.2016 |
| മാനസിക രോഗികൾക്കുള്ള മരുന്ന്, 749/16 | 15,00,000 (വികസന ഫണ്ട്) | ബിൽ നം. 4/30.03.2016 |
| | 18,00,000/- | |

- 1994 ലെ കേരള പഞ്ചായത്ത് രാജ് വകുപ്പ് 173(1) പട്ടിക-5 പ്രകാരം ജില്ലപഞ്ചായത്തിന്റെ പൊതുവായ ചുമതലകളിൽ പൊതുജനാരോഗ്യവും, ശുചീകരണവും എന്ന മേഖലയിൽ എല്ലാ ചികിൽസ സമ്പ്രദായങ്ങളിലുമുള്ള ജില്ലആശുപത്രികൾ നിയന്ത്രിക്കുക, പ്രത്യേക വിഭാഗത്തിൽപ്പെട്ട വികലാംഗരുടെയും മാനസിക രോഗികളുടെയും സംരക്ഷണത്തിനായി കേന്ദ്രങ്ങൾ സ്ഥാപിയ്ക്കുക, കേന്ദ്ര സംസ്ഥാന സ്പോൺസേർഡ് പരിപാടികളെ ജില്ലതലത്തിൽ ഏകോപിപ്പിയ്ക്കുക എന്നതാണ്. 23.12.1995 ലെ (പി) നം.566/95/ആ.കു.വ, 07.07.1997ലെ (പി)272/99/ആ.കു.വ, 24.1.2011 ലെ 43/11/എച്ച്.&.എഫ്.ഡ്ബ്ല്യൂ.ഡി. എന്നീ നമ്പർ ഉത്തരവുകളിലൂടെ ആരോഗ്യ വകുപ്പിൽ നിന്നും ജില്ല പഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്ത സ്ഥാപനങ്ങളും അധികാരങ്ങളും, നടപ്പാക്കേണ്ട പദ്ധതികളും എന്തെല്ലാമാണ് സംബന്ധിച്ച പൊതുമാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവുകൾ പ്രകാരം കൈമാറികിട്ടിയ ജില്ലആശുപത്രികളിലെ പ്രവർത്തനങ്ങൾ മാത്രം ജില്ലപഞ്ചായത്തുകൾ ഏറ്റെടുത്താൽ മതിയാകും. ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള മറ്റ് ആശുപത്രികളുടെ പ്രവർത്തനങ്ങളിൽ ജില്ല പഞ്ചായത്ത് ഇടപെടേണ്ടതില്ല. 16.11.2013ലെ (എം.എസ്) 362/13/ ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം (പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖ)തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ചുമതലയിൽ നിക്ഷിപ്തമല്ലാത്തതും, തദ്ദേശ ഭരണ സ്ഥാപനത്തെ സർക്കാർ ഏൽപ്പിച്ചിട്ടില്ലാത്തതും, ഏതെങ്കിലും വകുപ്പുകളുടെ ചുമതലയിലുള്ളതുമായ പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്തതും നിയമപ്രകാരം ജില്ല പഞ്ചായത്തിന്റെ ചുമതലയിൽ പെടാത്തതുമായ പ്രവർത്തനങ്ങൾക്കാണ് പദ്ധതി നടപ്പിലാക്കിയത്.

- <u>കെ.എം.സി.എല്ലി - ന് നൽകിയ തുകയ്ക്ക് മുഴുവൻ മരുന്ന് ലഭ്യമായില്ല.</u>

മുൻകൂർ തുക നൽകിയതിന്റെ അടിസ്ഥാനത്തിൽ കെ.എം.സി.എല്ലിൽ നിന്നും താഴെപ്പറയുന്ന തുകക്കുള്ള മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ട്.

| ക്രമ നം | പ്രോജക്റ്റ് നമ്പർ | ലഭ്യമാക്കിയ മരുന്നിൻെറ ഇൻവോയ്സ് നം/ തീയ്യതി | കെ.എം.സി.എല്ലിന് നൽകിയ തുക | ലഭ്യമാക്കിയ മരുന്നിൻെറ വില | ബാക്കി തുക |
|---|---|---|---|---|---|
| 2 | 749/16 | 100/18.04.2016 | 15,00,000 | 1,76,587 | |

| | | | | |
|---|---|---|---|---|
| | 230/20.04.2016 | | 2,96,162 | |
| | 285/21.04.2016 | | 19,186 | |
| | 634/04.05.2016 | | 1,13,771 | |
| | 764/20.05.2016 | | 1,49,644 | |
| | 778/21.05.2016 | | 1,68,535 | |
| | 1520/16.06.2016 | | 1,09,948 | |
| | 2443/05.08.2016 | | 92,052 | |
| | 4261/04.11.2016 | | 99,758 | |
| ആകെ | | 15,00,000 | 12,25,643 | 2,74,357 |

2,74,357/- രൂപയുടെ മരുന്ന് കെ.എം.സി.എല്ലിൽ നിന്ന് ലഭ്യമായിട്ടില്ല.

പഞ്ചായത്ത് രാജ് നിയമം, സബ്സിഡി മാർഗ്ഗരേഖ എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ജില്ലപഞ്ചായത്തിന്റെ ചുമതലകളിൽപെടാത്ത പദ്ധതി ആയതിനാലും, സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാത്തതിനാലും മേൽ പദ്ധതികളുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കാവുന്നതല്ല. ചെലവു തുക 18,00,000/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു. മരുന്നുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിൻെറ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-9 ജില്ല ആശുപത്രിയിൽ പഞ്ചായത്തിന്റെ അധീനതയിൽ ട്രസ്റ്റ് രൂപീകരിച്ചു.

24.01.2011 ലെ 43/11/എച്ച്.&.എഫ്.ഡബ്ല്യൂ.ഡി നമ്പർ ഉത്തരവിലൂടെ കോഴിക്കോട് ജില്ലയിലെ വടകരയിൽ സ്ഥിതി ചെയ്യുന്ന താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രിയായി സർക്കാർ ഉയർത്തിയിട്ടുണ്ട്. ജില്ല ആശുപത്രിയായി ഉയർത്തുന്നതിനു മുമ്പ് വടകര നഗരസഭയുടെ മേൽനോട്ടത്തിലായിരുന്ന ആശുപത്രിയിൽ പ്രവർത്തിച്ചിരുന്ന എച്ച്.എം.സി. വടകര നഗരസഭ, സമീപത്തുള്ള 8 ഗ്രാമപഞ്ചായത്തുകൾ എന്നിവടങ്ങളിൽ വസിക്കുന്ന ദാരിദ്ര്യ രേഖക്കു താഴെയുള്ള വൃക്കരോഗികൾക്ക് സൌജന്യമായി ഡയാലിസിസ് നടത്തുന്നതിന് 'ധന്വന്തരി ഡയാലിസിസ് നിധി' എന്ന പേരിൽ എച്ച്. എം.സി.യുടെ കീഴിൽ ട്രസ്റ്റ് രൂപീകരിച്ചു. ജില്ല പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും, നഗരസഭ ചെയർപേഴ്സൺ, വൈസ് ചെയർമാനും, ആശുപത്രി സൂപ്രണ്ട് ജനറൽ കൺവീനറും, ലേ-സെക്രട്ടറി ട്രഷററും ആയി 40 അംഗങ്ങൾ ഉൾപ്പെട്ടതാണ് ട്രസ്റ്റ് അംഗങ്ങൾ. 28.10.2013 ന് കോഴിക്കോട് സബ് രജിസ്ട്രാറിൽ രജിസ്റ്റർ ചെയ്തു (262/13)ട്രസ്റ്റിന് 30.04.2014 എം.എച്ച്.3/322/14 കത്തിലൂടെ ആരോഗ്യ വകുപ്പ് ഡയറക്ടർ പ്രവർത്താനനുമതി നൽകിയിട്ടുണ്ട്.

പൊതുജനങ്ങളുടേയും, മറ്റ് സംഘടനകളുടേയും സഹായത്തോടെ ട്രസ്റ്റിന്റെ ഫണ്ടിനായി പണം സ്വരൂപിച്ച് (2,95,86,889/- രൂപ) ഡയാലിസിസ് മെഷീനുകൾ, പ്രാരംഭ ചെലവുകൾ എന്നിവ നടത്തുകയും മിച്ചം വന്ന തുക (2,50,00,000/- രൂപ)ബാങ്കിൽ സ്ഥിര നിക്ഷേപമായി സൂക്ഷിക്കുന്നു. ഇതിൽ നിന്നും പ്രതിവർഷം ലഭിക്കുന്ന പലിശയിനത്തിലെ തുക വിനിയോഗിച്ച് ടെക്നീഷ്യൻമാരുടെ വേതനം, മറ്റ് നടത്തിപ്പ് ചെലവുകൾ നടത്തുന്നുണ്ട്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്, 173 (എ), 2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ

സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം ആശുപത്രികളുടെ സുഗമമായ നടത്തിപ്പിനും പ്രവർത്തനങ്ങൾക്കും മാനേജിംഗ് കമ്മിറ്റികൾ രൂപീകരിക്കാവുന്നതാണ്. കേരള പഞ്ചായത്ത് രാജ് നിയമത്തിലോ, ബന്ധപ്പെട്ട ചട്ടങ്ങളിലോ ട്രസ്റ്റുകൾ രൂപീകരിക്കാൻ വ്യവസ്ഥ ചെയ്തിട്ടില്ല. സർക്കാർ പഞ്ചായത്തുകൾക്ക് കൈമാറി നൽകിയ ആസ്തികളിൽ അനുമതിയില്ലാതെയും നിയമ വിരുദ്ധമായും ട്രസ്റ്റ് രൂപീകരിച്ചത് ശരിയായ നടപടിയല്ല. ഇക്കാര്യത്തിൽ വ്യക്തമായ മറുപടി നൽകേണ്ടതാണ്.

## 3-10 ജില്ല ആശുപത്രിയിൽ ജില്ല പഞ്ചായത്തിന്റെ പദ്ധതികൾക്ക് സമാനമായി നഗരസഭ വക ആവർത്തന പദ്ധതികൾ.

ഓഡിറ്റ് വർഷത്തിൽ ജില്ല ആശുപത്രി, വടകര (അലോപ്പതി), സൂപ്രണ്ട് മുഖേന 5 പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്ട് പേര്, നം | അടങ്കൽ തുക | ചെലവ് തുക |
|---|---|---|
| വടകര ആശുപത്രിയിലെ (വൈദ്യുതി, ടെലിഫോൺ, വാട്ടർ ചാർജ്ജ്), 736/16 | 30,00,000 | 29,99,771 |
| വടകര ജില്ല ആശുപത്രി ലാബിലേക്ക് കെമിക്കൽസും, റീഏജന്റസും വാങ്ങൽ, 754/16 | 8,00,000 | 7,89,620 |
| വടകര ജില്ല ആശുപത്രിയിലെ ഡയാലിസിസിലേക്ക് കൺസ്യൂമബൾസ് വാങ്ങൽ, 757/16 | 20,00,000 | 19,99,113 |
| ജില്ല ആശുപത്രിയിലേക്ക് ഓപ്പറേറ്റിംഗ് മൈക്രോസ്കോപ്പ് വാങ്ങൽ, 862/16 | 6,00,000 | 5,72,250 |
| ജില്ല ആശുപത്രിക്ക് ഫ്രീസർ, 939/16 | 6,45,000 | 6,45,000 |

മേൽ പദ്ധതികൾക്ക് പുറമേ ആശുപത്രിയിലെ മെഡിക്കൽ ഓഫീസർ വടകര നഗരസഭയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന തരത്തിൽ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

| പ്രോജക്ട് പേര്, നം | അടങ്കൽ തുക | ചെലവ് തുക |
|---|---|---|
| ഡയാലിസിസ് കേന്ദ്രത്തിലേക്ക് കൺസ്യൂമബൾസ് വാങ്ങൽ, 337/16 | 5,00,000 | 4,99,877 |
| ഡയലാസിസ് കേന്ദ്രത്തിലേക്ക് ജനറേറ്റർ വാങ്ങൽ, 339/16 | 11,52,000 | 11,51,250 |
| പാലിയേറ്റീവ് പരിചരണം, 364/16 | 8,05,000 | 6,85,368 |
| ജില്ല ആശുപത്രി ശസ്ത്രക്രിയ വിഭാഗത്തിൽ ഉപകരണങ്ങൾ വാങ്ങൽ, 422/16 | 12,60,718 | 12,13,337 |

1. 24.1.2011 ലെ 43/11/എച്ച്.&.എഫ്.ഡബ്ല്യൂ.ഡി നമ്പർ ഉത്തരവിലൂടെ കോഴിക്കോട് ജില്ലയിലെ വടകരയിൽ സ്ഥിതി ചെയ്യുന്ന താലൂക്ക് ആശുപത്രി ജില്ല ആശുപത്രിയായി സർക്കാർ ഉയർത്തിയിട്ടുണ്ട്. (ജില്ല ആശുപത്രിയായി ഉയർത്തുന്നതിനു മുമ്പ് വടകര നഗരസഭയുടെ മേൽനോട്ടത്തിലായിരുന്നു ആശുപത്രിയിൽ പ്രവർത്തിച്ചിരുന്നത്.) ആയതിനാൽ തന്നെ ജില്ല ആശുപത്രിയുടെ മേൽനോട്ട ചുമതല, ആശുപത്രിയിലേക്കുള്ള സൌകര്യങ്ങൾ ഒരുക്കുക തുടങ്ങിയവ ജില്ല പഞ്ചായത്തിന്റെ ചുമതലയിൽ പെട്ടതാണ്. (കേരള പഞ്ചായത്ത് രാജ് നിയമം പ്രകാരം). 22.02.2010 ലെ (സാധാരണ)585/2010/ ത.സ്വ.ഭ.വ. നം ഉത്തരവിലൂടെ ഒരു തദ്ദേശ ഭരണ സ്ഥാപനത്തിന്റെ അധികാരതിർത്തിയിൽ പ്രവർത്തിക്കുന്ന മറ്റൊരു മാനേജ്മെന്റ് ചുമതലയുള്ള ആരോഗ്യ സ്ഥാപനത്തിലെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനായി സർക്കാർ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ അപ്രകാരം വികസന പ്രവർത്തനങ്ങൾ നടത്തുമ്പോൾ മാനേജ്മെന്റ് ചുമതലയുള്ള തദ്ദേശ സ്ഥാപനവുമായി കൂടിയാലോചിച്ച് വേണം നടത്തേണ്ടത്. എന്നാൽ വടകര നഗരസഭ അധികാരികൾ ജില്ല പഞ്ചായത്ത് അധികാരികളുടെ സമ്മതമോ, അനുമതിയോ ഇല്ലാതെയാണ് മേൽ വിവരിച്ച പദ്ധതികൾ നടപ്പാക്കിയത്. പദ്ധതികൾ രൂപീകരിച്ച് അംഗീകാരം നൽകിയ ഉദ്യോഗസ്ഥനും, അനുമതി നൽകിയ ഉദ്യോഗസ്ഥനും, മേൽ വിവരങ്ങൾ ജില്ല പഞ്ചായത്തിൽ അറിയിച്ചിട്ടില്ല.
2. 05.11.2012 ലെ (എം.എസ്).285/12/ത.സ്വ.ഭ.വ. നം ഉത്തരവിലൂടെ ജില്ല പഞ്ചായത്ത് നടപ്പാക്കുന്ന പദ്ധതികളുടെ

നിർവ്വഹണ ഉദ്യോഗസ്ഥർ, പദ്ധതി പരിശോധിച്ച് അംഗീകാരം നൽകേണ്ട ഉദ്യോഗസ്ഥർ എന്നിവരെ സർക്കാർ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം ആശുപത്രി സൂപ്രണ്ട് ജില്ല പഞ്ചായത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടാണ് പ്രവർത്തനങ്ങൾ നടത്തേണ്ടത്. നഗരസഭയുടെ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തേണ്ടതില്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ നഗരസഭയുടെ പദ്ധതികൾ ഏറ്റെടുക്കുവാനുണ്ടായ സാഹചര്യങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

മേൽ വിവരിച്ച അപാകതകൾ പരിശോധിച്ച് വിശദീകരണങ്ങൾ നൽകേണ്ടതും കൈമാറികിട്ടിയ സ്ഥാപനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കുവാൻ തുക വകയിരുത്തി ചെലവഴിക്കേണ്ടതാണ്.

## 3-11 സോളാർ വാട്ടർ ഹീറ്റർ സ്ഥാപിച്ചതിലെ അപാകതകൾ.

നിർവ്വഹണം - സൂപ്രണ്ട്, ജില്ല ഹോമിയോ ആശുപത്രി.

പദ്ധതി പേര്, നം - ജില്ല ഹോമിയോ ആശുപത്രിയിൽ സോളാർ വാട്ടർ ഹീറ്റർ, 766/16

അടങ്കൽ തുക – 8,00,000/- (വികസന ഫണ്ട്)

ചെലവ് തുക - 8,00,000/- (ബിൽ നം. 7/15-16, 18.02.2016)

ജില്ല ഹോമിയോ ആശുപത്രിയിൽ രോഗികൾക്ക് ചൂടുവെള്ളം ലഭിക്കുന്നതിനായിട്ടാണ് സോളാർ വാട്ടർ ഹീറ്റർ സ്ഥാപിക്കുന്നതിനുള്ള പദ്ധതി വിഭാവനം ചെയ്ത് നടപ്പാക്കിയിട്ടുള്ളത്. 03.06.2014 ലെ (സാ)1384/14/ത.സ്വ.ഭ.വ. നം ഉത്തരവു പ്രകാരം സൗരോർജ്ജ പദ്ധതികൾ സ്ഥാപിക്കുന്നതിനുള്ള അംഗീകൃത ഏജൻസിയായി സർക്കാർ അംഗീകരിച്ച പൊതുമേഖല സ്ഥാപനമായ യുണൈറ്റഡ് ഇലക്ട്രിക്കൽസിനെയാണ് പ്രവൃത്തി ഏൽപ്പിച്ചത്. 2014-15 സാമ്പത്തിക വർഷത്തിൽ നടപ്പാക്കുന്നതിനായി വിഭാവനം ചെയ്ത പദ്ധതി സ്പിൽ ഓവറായിട്ടാണ് ഓഡിറ്റ് വർഷത്തിൽ നടപ്പാക്കിയത്. പ്രോജക്ട് നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) അനർട്ട് സമർപ്പിച്ച എസ്റ്റിമേറ്റ് പരിഗണിക്കാതെ ഉയർന്ന നിരക്കിൽ പ്രവൃത്തി നടത്തുന്നതിന് അനുമതി നൽകി തുക അനുവദിച്ചു.

09.12.2014 ലെ സൂപ്രണ്ടിന്റെ കത്തിന്റെ അടിസ്ഥാനത്തിൽ അനർട്ട് (കോഴിക്കോട്) വിഭാഗം ആശുപത്രിയിൽ പരിശോധന നടത്തി 16.12.2014 ലെ നം 297/അനർട്ട്/കെ.കെ.ഡി/2014 കത്തിനോടൊപ്പം ആശുപത്രിയിൽ വാട്ടർഹീറ്റർ സ്ഥാപിക്കുന്നതിനായി റഫ് എസ്റ്റിമേറ്റ് നൽകി. മേൽ എസ്റ്റിമേറ്റ് പ്രകാരം 1000 ലിറ്റർ കപ്പാസിറ്റിയോടു കൂടി സ്ഥാപിക്കുന്ന സോളാർ വാട്ടർ ഹീറ്ററിന് വരുന്ന ഏകദേശ ചെലവ് 2,36,000/- രൂപയാണ്. എസ്റ്റിമേറ്റിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| System cost | 1,76,400 |
| Metal Stand | 12,000 |
| 1000 L water Stand | 5,000 |
| Plumbing charges CPVC per meter (Rs.150 x 200) | 30,000 |
| PVC per meter (Rs. 80x30) | 2,400 |
| Labour Charges | 10,200 |
| Total cost | 2,36,000 |

യുണൈറ്റഡ് ഇലക്ട്രിക്കൽസ് പ്രവൃത്തി പൂർത്തീകരിച്ച് സമർപ്പിച്ച ബിൽ പ്രകാരമുള്ള തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| 1 | 2000 ltr Cold water storage tank | 28,000 |
| | CPVC pipe 400 mtrs | 20,000 |
| | CPVC tap & fittings 11 nos | 10,000 |
| | Other plumping materials | 5,000 |
| | Labour for Plumbing work | 9,000 |
| | Transportation Charges | 10,000 |
| | Lifting, placing, positioning of 2000 LPD water tank & 16 nos FPCS & fixing the tank & FPCS in the frames, connecting the FPC providing connection to the tank- labour & technicians charge | 53578 |
| | Cold water tank stand material & construction cost | 30,000 |
| | Lifting of water & tan stand to first floor with crane | 25,000 |
| | | 1,90,578 |
| | S.T @ 4.8% | 9,148 |
| | Education cess @ 3% of S.T | 274 |
| | Total instalation charges | 2,00,000 |
| 2 | Solar water heater 2000 LPD | 5,94,509 |
| | Vat@ 1% | 5,941 |
| | Total | 6,00,450 |
| | Rounded to | 6,00,000 |
| Total cost = 2,00,000 + 6,00,000 = 8,00,000 | | |

സൗരോർജ്ജ പദ്ധതികൾ നടപ്പാക്കുന്നതിനായി സർക്കാർ ചുമതലപ്പെടുത്തിയ ഏജൻസിയായ അനർട്ടിന്റെ മേൽ എസ്റ്റിമേറ്റ് തുക പരിഗണിക്കാതെയാണ് ഉയർന്ന നിരക്കിൽ പ്രവൃത്തി ചെയ്യുന്നതിനായി യുണൈറ്റഡ് ഇലക്ട്രിക്കൽസിനെയാണ് പ്രവൃത്തി ഏൽപ്പിച്ചത്. അനർട്ട് വിഭാഗത്തിന്റെ എസ്റ്റിമേറ്റ് പ്രകാരം ആശുപത്രിയിൽ 1000 ലിറ്റർ കപ്പാസിറ്റിയോടു ടാങ്കും അനുബന്ധ പ്രവൃത്തികളുടെ ചെലവും മതിയാകുമെന്നിരിക്കേ ആയതിൽ നിന്നും വ്യത്യസ്തമായി ഇരട്ടി വലിപ്പം വരുന്ന സോളാർ വാട്ടർ ഹീറ്ററും അനുബന്ധ സാധനങ്ങളും സ്ഥാപിക്കുകയാണ് ചെയ്തത്. ഇതു കാരണം പദ്ധതിക്കായി അധികം തുക ചെലവഴിക്കേണ്ടി വന്നു. അനർട്ട് സമർപ്പിച്ച എസ്റ്റിമേറ്റിൽ അവർ നൽകുന്ന ഉൽപ്പന്നത്തിന്റെ നിരക്കും മറ്റ് എല്ലാ വിശദാംശങ്ങളും രേഖപ്പെടുത്തിയിട്ടും ആയവ പരിശോധിക്കാതെ നിർവ്വഹണ ഉദ്യോഗസ്ഥൻ വിതരണ ഏജൻസിക്ക് സപ്ലൈ ഓർഡർ നൽകിയത് 8.11.2010 ലെ (പി)259/2010/ത.സ്വ.ഭ.വ. നം ഉത്തരവിന്റെ ലംഘനമാണ്. (ത.സ്വ.ഭ സ്ഥാപന -ങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള

മാർഗ്ഗരേഖ)

2).സിവിൽ പ്രവൃത്തികൾക്ക് സാങ്കേതിക വിഭാഗത്തിന്റെ പരിശോധനയോ അനുമതിയോ ലഭ്യമാക്കിയിട്ടില്ല.

- എസ്റ്റിമേറ്റിൽ ഉൾപ്പെട്ടതും നിർവ്വഹിച്ചതുമായ പ്രവർത്തികൾ തികച്ചും സിവിൽ/ ഇലക്ട്രിക്കൽ സ്വഭാവമുള്ളവയായിരുന്നു. ഇവയുടെ നിരക്കുകൾ കണക്കാക്കേണ്ടത് കേരളത്തിൽ നിലവിലുള്ള ഷെഡ്യൂൾ നിരക്കുകൾ പ്രകാരമായിരുന്നു. എന്നാൽ ഷെഡ്യൂൾ നിരക്കുകളെ അടിസ്ഥാനപ്പെടുത്തിയുള്ള നിരക്കിനേക്കാൾ വളരെ അധികരിച്ചതാണ് നൽകിയിട്ടുള്ളത്. ഷെഡ്യൂൾ നിരക്കിനേക്കാൾ അധികരിച്ച തുക അനുവദിക്കാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതും, ഇവയ്ക്ക് ഷെഡ്യൂൾ നിരക്ക് പ്രകാരമുള്ള യൂണിറ്റ് നിരക്ക് കണക്കാക്കി, ചെയ്ത പ്രവർത്തിയ്ക്ക് അനുസൃതമായി നൽകേണ്ട തുക കണക്കാക്കേണ്ടതും (കേരള സർക്കാർ പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം പരിശോധിച്ച് സാക്ഷ്യപ്പെടുത്തി) അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതുമാണ്.
- വാട്ടർഹീറ്ററിൽ നിന്നും ടാപ്പുകളിലേക്ക് ചൂടുവെള്ളം എത്തിക്കുന്നതിനുള്ള പ്ലംബിങ്ങ് ജോലികളും യുണൈറ്റഡ് ഇലക്ട്രിക്കൽസ് തന്നെയാണ് ചെയ്തത്. ആയതിനായി 400 മീറ്റർ സി.പി.വി.സി. പൈപ്പിന് 20,000/- രൂപയും, സി.പി.വി.സി.ടാപ്പ്, ഫിറ്റിംഗ്സ് എന്നിവയ്ക്ക് 10,000/- രൂപയും, മറ്റ് പ്ലംബിങ്ങ് സാധനങ്ങൾക്ക് 5,000/- രൂപയും ലേബർ ചാർജ്ജായി 9,000/- രൂപയും, 2000 ltr ടാങ്ക് വില 28,000/- തുടങ്ങിയവ ഉൽപ്പെടുത്തി ആകെ 2,00,200/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനു മാത്രമാണ് യുണൈറ്റഡ് ഇലക്ട്രിക്കൽസിന് ടെണ്ടർ നടപടികളിൽ നിന്നും ഇളവു നല്കിയിട്ടുള്ളത്. ജില്ല പഞ്ചായത്തിന് സ്വന്തമായി സാങ്കേതിക വിഭാഗം ഉണ്ടായിരിക്കേ പ്ലംബിങ്ങ് ജോലികളും വാട്ടർഹീറ്ററിലേക്ക് വെള്ളമെത്തിക്കുന്നതിനുള്ള വാട്ടർടാങ്ക് സ്ഥാപിക്കുന്നതിനുള്ള സ്റ്റാൻഡ് സ്ഥാപിക്കുന്നതിനുമുള്ള പ്രവൃത്തി പരിശോധിക്കപ്പെടുകയോ അളവുകൾ സ്ഥിരീകരിക്കുകയോ സാങ്കേതികാനുമതി വാങ്ങുകയോ ചെയ്തിട്ടില്ല.

3)നിലവിലുള്ള സൗകര്യം ഉപയോഗപ്രദമാണോ എന്ന് പരിശോധിച്ചില്ല

വാട്ടർ ഹീറ്ററിലേക്ക് തണുത്ത വെള്ളമെത്തിക്കുന്നതിനായി 2000 ലിറ്റർ ശേഷിയുള്ള വാട്ടർ ടാങ്കും ആയത് ഉയർത്തി സ്ഥാപിക്കുന്നതിന് ഒരു സ്റ്റാൻഡും സ്ഥാപിക്കുന്നതിന് 28,000രൂപ ചെലവഴിച്ചിട്ടുണ്ട്. നിലവിൽ ആശുപത്രിയുടെ 2നിലകളിലും വെള്ളമെത്തിക്കുന്നതിനായി ഒരു ടാങ്ക് നിലവിലുണ്ട്. ആയതിൽ നിന്നാണ് പുതിയതായി സ്ഥാപിച്ച ടാങ്കിലേക്കും വെള്ളമെത്തിക്കുന്നത്. പഴയ ടാങ്ക് മാത്രം ഉപയോഗപ്പെടുത്തി നേരിട്ട് പ്ലംബിങ്ങിലെ നിയന്ത്രണ സംവിധാനങ്ങളുപയോഗിച്ച് വാട്ടർ ഹീറ്ററിലേക്ക് വെള്ളം എത്തിക്കാനാകുമെന്നിരിക്കെ ആയതിനായി പുതിയ സംവിധാനങ്ങളൊരുക്കാൻ അനാവശ്യമായി തുക ചെലവഴിച്ചു.

മേൽ വിവരിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. സോളാർ വാട്ടർ ഹീറ്റർ സ്ഥാപിച്ച പ്രവൃത്തിക്ക് ചെലവഴിച്ച തുക (8,00,000/-) തടസ്സത്തിൽ വെയ്ക്കുന്നു.

## 3-12 ആയുർയോഗ - മേഖല ചുമതല, മാർഗ്ഗരേഖ എന്നിവയിൽ പെടാത്ത പദ്ധതി നടപ്പാക്കി.

പ്രോജക്റ്റ് പേര്, നം - ആയുർയോഗ, 863/16

അടങ്കൽ തുക - 5,15,000/- (വികസന ഫണ്ട്)

ചെലവ് തുക - 4,46,317/-

| ബിൽ നം, തീയ്യതി | തുക |
|---|---|

| | |
|---|---|
| 7/15-16, 01.01.2016 | 53,000 |
| 8/15-16, 13.01.2016 | 53,000 |
| 10/15-16, 11.02.2016 | 53,000 |
| 12/15-16, 01.03.2016 | 52,000 |
| 14/15-16, 28.03.2016 | 59,000 |
| 15/15-16, 31.03.2016 | 35,500 |
| 16/15-16, 31.03.2016 | 1,40,817 |

ജില്ല മെഡിക്കൽ ഓഫീസർ (ആയുർവേദം) നടപ്പിലാക്കിയ ആയുർയോഗ പദ്ധതിക്കായി 4,46,317/- രൂപ മേൽ വിവരിച്ച ബിൽ പ്രകാരം തുക പിൻവലിച്ച ചെലവഴിച്ചിട്ടുണ്ട്. പൊതു വാഹനങ്ങളിലെ ഡ്രൈവർമാരുടെ മാനസിക സമ്മർദ്ദത്തിനയവു വരുത്തുന്നതിലൂടെ റോഡപകടങ്ങൾ കുറയ്ക്കുക, നല്ല കുടുംബാന്തരീക്ഷം സൃഷ്ടിയ്ക്കുക, ആയുർവേദത്തിന്റെ ജീവിത ദർശനം, ഭക്ഷണ ക്രമം എന്നിവയോടൊപ്പം യോഗാനുഷ്ഠാനവും ചേർത്ത് തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതിയാണ് ആയുർയോഗ. ജില്ല ആയുർവേദ ആശുപത്രി, കോഴിക്കോട്, ഗവ.ആയുർവേദ ആശുപത്രി, നൊച്ചാട്, താലൂക്ക് ആശുപത്രി, പയ്യോളി എന്നീ സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നത്. ഓരോ സെന്റ്റുകളിലും വിപുലമായ പ്രചാരം നടത്തി സ്ക്രീനിംഗ് നടത്തി യോഗ പരിശീലനത്തിനുള്ളവരെ തെരെഞ്ഞെടുക്കുകയും അവർക്ക് ആയുർയോഗയിൽ പരിശീലനം നടത്തുവാനും ലക്ഷ്യമിട്ടിരുന്നു. ജില്ലയിലെ ആയുർവേദ ഡോക്ടർമാർക്ക് പരിശീലനം നൽകും. ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി മെമ്പർ, ജില്ലാ ആയുർവേദ ആശുപത്രി സൂപ്രണ്ട് പയ്യോളി, സി.എം.ഒ., താലൂക്ക് ആശുപത്രി, പയ്യോളി, നൊച്ചാട് ഗവ. ആയുർവേദ ആശുപത്രി മെഡിക്കൽ ഓഫീസർ എന്നിവർ അടങ്ങിയ ഒരു കർമ്മ സമിതി രൂപീകരിയ്ക്കുകയും, പദ്ധതി നടത്തിപ്പിന്റെ ചുമതല നൊച്ചാട് ഗവ. ആയുർവേദ ആശുപത്രി മെഡിക്കൽ ഓഫീസർക്ക് ആയിരിയ്ക്കും. സ്പെഷ്യലിസ്റ്റ് ഡോക്ടർ, ആയുർവേദ ഡോക്ടർ, യോഗ ഇൻസ്ട്രക്ടർ എന്നിവരടങ്ങിയ ട്രെയിനിംഗ് ടീം കോ - ഓർഡിനേറ്ററുടെ നിർദ്ദേശ പ്രകാരം പ്രവർത്തിയ്ക്കണം. മാർച്ച് മാസത്തോടെ പദ്ധതികൾ അവലോകനം നടത്തി റിപ്പോർട്ട് ജില്ലപഞ്ചായത്ത് കമ്മറ്റിയ്ക്ക് സമർപ്പിയ്ക്കുകയും ആരോഗ്യ വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തുകയും വേണം.

<u>പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.</u>

1. 1994 ലെ കേരള പഞ്ചായത്ത് രാജ് വകുപ്പ് 173(1) പട്ടിക-5 പ്രകാരം ജില്ലപഞ്ചായത്തിന്റെ പൊതുവായ ചുമതലകൾ പൊതുജനാരോഗ്യവും, ശുചീകരണവും എന്ന മേഖലയിൽ എല്ലാ ചികിൽസ സമ്പ്രദായങ്ങളിലുമുള്ള ജില്ലആശുപത്രികൾ നിയന്ത്രിക്കുക, പ്രത്യേക വിഭാഗത്തിൽപ്പെട്ട വികലാംഗരുടെയും മാനസിക രോഗികളുടെയും സംരക്ഷണത്തിനായി കേന്ദ്രങ്ങൾ സ്ഥാപിയ്ക്കുക, കേന്ദ്ര സംസ്ഥാന സ്പോൺസേർഡ് പരിപാടികളെ ജില്ലതലത്തിൽ ഏകോപിപ്പിയ്ക്കുക എന്നിവയാണ്. 16.11.2013ലെ (എം.എസ്) 362/13/ ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം (പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖ)തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ചുമതലയിൽ നിക്ഷിപ്തമല്ലാത്തതും, തദ്ദേശ ഭരണ സ്ഥാപനത്തെ സർക്കാർ ഏൽപ്പിച്ചിട്ടില്ലാത്തതും, ഏതെങ്കിലും വകുപ്പുകളുടെ ചുമതലയിലുള്ളതുമായ പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്തതും നിയമപ്രകാരം ജില്ല പഞ്ചായത്തിന്റെ ചുമതലയിൽ പെടാത്തതുമായ പ്രവർത്തനങ്ങൾക്കാണ് വികസനഫണ്ട് ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കിയത്. പദ്ധതി നടപ്പിലാക്കാൻ സർക്കാരിന്റെ മുൻകൂർ അനുമതി ലഭ്യമാക്കിയിട്ടില്ല.
2. ഗുണഭോക്താക്കളുടെ തെരെഞ്ഞെടുപ്പ് ഗ്രാമസഭ വഴി നടത്തിയിട്ടില്ല.
3. പദ്ധതിയുടെ കാലയളവ് 25പേർ അടങ്ങുന്ന ബാച്ചുകൾക്ക് നാലു മണിക്കൂർ വീതം നാലു ദിവസത്തേയ്ക്ക് ക്ലാസ്സ് നല്കുകയെന്നതാണ്. എന്നാൽ പ്രസ്തുത ക്ളാസ്സ് നടത്തുന്നതിന്റെയോ, ഗുണഭോക്താക്കളുടെ വിശദവിവരങ്ങളോ,

ഏതെല്ലാം കേന്ദ്രങ്ങളിൽ നടന്നുവെന്നതിന്റെയോ രേഖകൾ ഒന്നുംതന്നെ ഹാജരാക്കിയ ഫയലിൽ ഇല്ല.

4. പദ്ധതികളുടെ കാലയളവിൽ തന്നെ തെരെഞ്ഞെടുത്ത ട്രെയിനർമാർ സേവനകാലം പൂർത്തിയാക്കാതെ പോയതിനാൽ ഒന്നിലധികം തവണ ട്രെയിനർമാരെ തെരെഞ്ഞെടുക്കേണ്ടി വരികയും, അതുമൂലം ഹോണറേറിയം ഇനത്തിൽ അധികം ചെലവ് വരികയും ചെയ്തിട്ടിട്ടുണ്ട്. പദ്ധതി കാലയളവ് പൂർത്തിയാക്കാതെ പോയ ട്രെയിനർമാരിൽ നിന്നും ഹോണറേറിയം തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കാതെ ടിയാളുകൾക്ക് പ്രവർത്തി പരിചയ സാക്ഷ്യപത്രം നല്കിയതായും കാണുന്നു.

5. പദ്ധതി നടപ്പാക്കിയതായോ, ലക്ഷ്യം പൂർത്താകരിച്ചതായോ ഉള്ള മോണിറ്ററിംഗ് സമിതിയുടെ സാക്ഷ്യപത്രങ്ങൾ ഫയലിൽ പരിശോധനക്കായി ലഭ്യമാക്കിയില്ല. പദ്ധതി ചെലവുകൾ സാധൂകരിയ്ക്കുന്ന സബ്ബ് വൗച്ചറുകൾ പരിശോധനയ്ക്കു ഹാജരാക്കിയിട്ടില്ല.

ഭാരതീയ ചികിൽസാ വകുപ്പ്, കേരള സർക്കാർ, മോട്ടോർവാഹന വകുപ്പ് എന്നിവയും, സന്നദ്ധ സംഘടനകളും ചേർന്ന് വിശദമായ പഠനം നടത്തി നടപ്പാക്കേണ്ടിയിരുന്ന പദ്ധതി ജില്ലാപഞ്ചായത്തിന് ലഭ്യമായ വികസന ഫണ്ട് ഉപയോഗിച്ച് ചെയ്തത് അനുചിതമായി ഓഡിറ്റ് വിലയിരുത്തുന്നു. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്കു മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ ഉദ്ദേശ ശുദ്ധി നല്ലതാണെങ്കിലും, മാർഗ്ഗരേഖയ്ക്കു വിരുദ്ധമായും, സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെയും ജില്ലപഞ്ചായത്തിന്റെ ചുമതലകളിൽപ്പെടാത്ത പ്രവൃത്തി ആയതിനാലും ചെലവു തുക 4,46,317/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവിനടിസ്ഥാനമാക്കിയ അനുമതിവിവരം ലഭ്യമാക്കേണ്ടതാണ്.

## 3-13 <u>സർക്കാർ അനുമതിയില്ലാതെ കൈമാറികിട്ടാത്ത സ്ഥാപനത്തിലേക്ക് സഞ്ചരിയ്ക്കുന്ന പാൽ ഗുണനിയന്ത്രണ ലാബും, ഫാർമർ ഫെസിലിറ്റേഷൻ കം ഇൻഫോർമേഷൻ സെന്ററും.</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീര വികസന വകുപ്പ്

പ്രോജക്ട് നം - 667/16

അടങ്കൽ തുക- 10,00,000/- (വികസന ഫണ്ട്)

ചെലവ് തുക – 10,00,000/-

[8,60,526/- ബിൽനം - 1/15-16/21.1.2016 (DDno-208111/22.01.2016)1,39,474/-ബിൽ നം-2/15-16/31.32016]

1. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 181, 18.09.1995 ലെ സ.ഉ.(പി)189/95/ത.സ്വ.ഭ. എന്നിവ പ്രകാരം സർക്കാരിന്റെ വിവിധ വകുപ്പുകളിൽപ്പെട്ട സ്ഥാപനങ്ങളേയും ഉദ്യോഗസ്ഥരേയും ത്രിതല പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. ജില്ലപഞ്ചായത്തിന് ക്ഷീരവികസന മേഖലയിൽ തങ്ങളുടെ പദ്ധതികൾ നടപ്പാക്കുന്നതിനായി പ്രസ്തുത വകുപ്പിലെ ഉദ്യോഗസ്ഥരേയും കൈമാറി നൽകിയിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട കാര്യാലയത്തിന്റെ പ്രവർത്തനങ്ങളിൽ ജില്ലപഞ്ചായത്ത് ഇടപെടേണ്ടതില്ല. പഞ്ചായത്ത് രാജ് നിയമം പ്രകാരം കൈമാറ്റപ്പെടുന്ന ഉദ്യോഗസ്ഥരും ജീവനക്കാരും കൈമാറ്റ കാലയളവിൽ അതത് തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉദ്യോഗസ്ഥരും ജീവനക്കാരുമായിരിക്കുന്നതാണ്. അതത് തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏൽപ്പിച്ച കൊടുക്കുന്ന ചുമതലകൾ പ്രസ്തുത ജീവനക്കാർ അവരുടെ സാധാരണ ചുമതലകൾക്ക് ഒപ്പം നിറവേറ്റേണ്ടതാണ്. വകുപ്പിന്റെ മറ്റ് കാര്യ പ്രവർത്തനങ്ങൾ നിലവിലും സർക്കാർ തന്നെയാണ് നടപ്പാക്കുന്നത്. എന്നാൽ മേൽ നിയമ വ്യവസ്ഥകൾ പാലിക്കാതെയാണ് ക്ഷീര വികസന വകുപ്പിന് ലാബും, വാഹനവും, അനുബന്ധ ഉപകരണങ്ങളും വാങ്ങി നല്കിയത്.

2. 31.03.2006ലെ (എം.എസ്) 86/2006/ത.സ്വ.ഭ.വ. നം. സർക്കാർ ഉത്തരവിലൂടെ പദ്ധതി പണം ഉപയോഗിച്ച് ഔദ്യോഗിക ആവശ്യത്തിനും, ഖരമാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നതിനും ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റി/ കോർപ്പറേഷനുകൾക്കും മാലിന്യം ശേഖരിയ്ക്കുന്നതിനും (സംസ്കരണ സ്ഥലങ്ങളിലേയ്ക്ക് കയറ്റിക്കൊണ്ടു പോകുന്നതിനും പ്രത്യേക രൂപകല്പന ചെയ്തിട്ടുള്ളത്) വാഹനങ്ങൾ വാങ്ങുമ്പോൾ ജില്ലാ ആസൂത്രണ സമിതിയുടെ അനുമതിയോടെ വാങ്ങാമെന്ന് ഉത്തരവിട്ടിട്ടുണ്ട്. 16.11.2013ലെ ജി.ഒ.(എം.എസ്)362/2013 തസ്വഭ അനുബന്ധം 16 ഖണ്ഡിക 7.3 ൽ 31.3.2006ലെ ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാരമല്ലാതെ മറ്റേതൊരാവശ്യത്തിനും വാഹനങ്ങൾ സർക്കാർ അനുമതിയോടെ മാത്രമേ വാങ്ങാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതിനു വിരുദ്ധമായി ഈ പദ്ധതി സർക്കാർ അനുമതിയില്ലാതെയാണ് നടപ്പിലാക്കിയത്.

3. സബ്സിഡി മാർഗ്ഗ രേഖയിൽ സഹകരണമേഖലയിലെ ഖണ്ഡിക 4.1 പ്രകാരം ക്ഷീര സഹകരണ സംഘങ്ങൾ/ മിൽമയുമായി അഫിലിയേറ്റ് ചെയ്ത സഹകരണ സംഘങ്ങൾക്കു നല്കാമെന്നു ചൂണ്ടിക്കാണിച്ചിട്ടുള്ള ഉപകരണങ്ങളിൽ ക്രമ നം.6 പാലിന്റെ ഗുണനിലവാരം പരിശോധിയ്ക്കുന്നതിനുള്ള ഉപകരണത്തിനു പരമാവധി 25,000/- രൂപ പ്രതിദിനം 200 ലിറ്റർ പാൽ സംഭരിയ്ക്കുന്ന സംഘങ്ങൾക്ക് ക്ഷീരവികസന വകുപ്പിന്റെ സ്പെസിഫിക്കേഷനിൽ നല്കാൻ അനുവദിച്ചിട്ടുണ്ട്. എന്നാൽ വകുപ്പ് തലത്തിൽ വാഹനം വാങ്ങുന്നതിന് അനുമതിയില്ല.

4. ഹാജരാക്കിയ ഫയലിൽ പ്രസ്തുത ലാബിന്റെ ആസ്തികളും, വാഹനവും ജില്ലാക്വാളിറ്റി കൺട്രോൾ ഓഫീസർ, ക്ഷീരവികസന വകുപ്പ് കോഴിക്കോടിനായിരിയ്ക്കും ചുമതലയെന്നു രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച എഗ്രിമെന്റു വച്ചിട്ടുള്ളതായി കാണുന്നില്ല. ജില്ലാ പഞ്ചായത്തിന്റെ ചുമതലകളിൽ വികസനഫണ്ട് ഉപയോഗിച്ച് പ്രസ്തുത പദ്ധതി പ്രവർത്തനം നടത്തുവാൻ സർക്കാരനുമതിയില്ല.കൂടാതെ വിവിധ സ്ഥലങ്ങളിലേയ്ക്ക് സഞ്ചരിച്ച് ഗുണനിലവാരം പരിശോധിയ്ക്കുന്നതിന് മൊബൈൽ ലാബിന്റെ സൗകര്യങ്ങൾ നേരിട്ട് സജ്ജമാക്കിയ വാഹനത്തിനു പകരം ഡി.ജി.എസ്.&.ഡി നിരക്കിൽ 8,60,526/-രൂപ നല്കി മഹീന്ദ്രയുടെ സ്കോർപ്പിയോ54 പ്ലസ്സ് 2WD&seatedBS4 എന്ന

വാഹനം വാങ്ങുന്നതിനും പർച്ചേസിംഗ് കമ്മിറ്റി തീരുമാനിച്ചു.

5. 26.4.2016 ലെ ബി-3748/2014 നമ്പർ നടപടിക്രമം പ്രകാരം ക്ഷീരവികസന ഡെപ്യൂട്ടി ഡയറക്ടർ ലാബും, വാഹനവും,അനുബന്ധ ഉപകരണങ്ങളും ഗുണനിയന്ത്രണ ഓഫീസർക്ക് കൈമാറി നല്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച് സ്റ്റോക്ക് രജിസ്റ്റർ, ലോഗ് ബുക്ക് എന്നിവ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. സഞ്ചരിക്കുന്ന പാൽ ഗുണനിയന്ത്രണ ലാബിന്റെയും ഫാർമർ ഫെസിലിറ്റേഷൻ- കം-ഇൻഫർമേഷൻ സെന്ററിന്റെയും പ്രവർത്തനം സംബന്ധിച്ച് ഡയറിഫാം ഡെപ്യൂട്ടി ഡയറക്ടർ ഇറക്കിയ മാർഗ്ഗനിർദ്ദേശങ്ങളിൽ പറഞ്ഞതു പ്രകാരം പരിശോധന നടത്തിയതിന്റെ വിവരങ്ങൾ , ശേഖരിച്ച മിൽക്ക് സാമ്പിളുകളുടെ വിവരങ്ങൾ,ആയതു രേഖപ്പെടുത്തിയ രജിസ്റ്റർ, ഓരോ മാസത്തെയും പുരോഗതി റിപ്പോർട്ട്,വാഹനത്തിന്റെയും ലാബിന്റെയും ദൈനംദിന ചെലവ് വിവരങ്ങൾ, ഡ്രൈവറുടെ വേതനം എന്നിവയുടെ വിശദാംശങ്ങൾ, എന്നിവ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. കൂടാതെ, ലാബ് സജ്ജമാക്കുന്നതിനു രാജസ്ഥാൻ ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റ്സ് ലിമിറ്റഡ്, ജയ്പൂർ, രാജസ്ഥാൻ എന്ന സ്ഥാപനത്തിനു 42,200/- രൂപ നല്കിയതിന്റെ നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ, ലാപ് ടോപ്പ് യു.പി.എസ്. എന്നിവ വാങ്ങിയതിന്റെ വിശദാംശങ്ങൾ എന്നിവ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

മേൽ വിവരച്ച അപാകതകൾക്കു വിശദീകരണം ലഭ്യമാക്കുന്നതിനും, രേഖകളും, രജിസ്റ്ററുകളും പരിശോധനയ്ക്കു ഹാജരാക്കുന്നതിനും ഓഡിറ്റ് എന്ക്വയറി (നം 26/15-16) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവു തുക 10,00,000/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-14 കുത്താളി ഹൈടെക്ക് ഡയറി ഫാം പശുവാങ്ങൽ.

പ്രോജക്റ്റ് നം - 251/15-16

അടങ്കൽ തുക - 5,60,000/-

ചെലവ് തുക - 1/15-16/26.06.2015 - (53,300/-)

3/15-16/15.07.2015 (1,65,075/-)

4/15-16/31.08.2015 (1,11,930/-)

5/15-16/17.09.2015- (93,008/-)

കുത്താളി ജില്ലകൃഷി ഫാമിലെ ഒഴിഞ്ഞുകിടക്കുന്ന മൂന്നു ഹെക്ടർ സ്ഥലത്ത് ഉയർന്ന ഉല്പാദന ശേഷിയുള്ള 20 പശുക്കൾ ഉള്ള ഹൈടെക് ഡയറിഫാം സ്ഥാപിയ്ക്കുക വഴി പാലുല്പാദനത്തോടൊപ്പം കൃഷിയ്ക്കാവശ്യമായ ജൈവവളം ഉല്പാദിപ്പിക്കുന്നതിനും ലക്ഷ്യമിട്ടിരിക്കുന്നു.

<u>പദ്ധതി നടത്തിപ്പിലെ പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.</u>

08.10.1996 ലെ ജി.ഒ.(എം.എസ്)നം 310/96/കൃഷി ഉത്തരവ് പ്രകാരം ഫാമുകളിലെ കൃഷി ഭൂമി മറ്റേതെങ്കിലും ആവശ്യങ്ങൾക്ക് വിനിയോഗിയ്ക്കണമെന്നുണ്ടെങ്കിൽ ബന്ധപ്പെട്ട ജില്ലപഞ്ചായത്ത് കൃഷി ഡയറക്ടർ വഴി സർക്കാരിന്റെ പ്രത്യേക അനുമതി മുൻകൂട്ടി വാങ്ങേണ്ടതാണ്. മേൽ നിർദ്ദേശം ഇവിടെ പാലിയ്ക്കപ്പെട്ടിട്ടില്ല.

23.03.2015ലെ ഭരണസമിതി തീരുമാനം 13/15പ്രകാരം പൊതുമാർക്കറ്റിൽ നിന്നും നെഗോഷിയേറ്റ് ചെയ്തു പശുക്കളെ വാങ്ങണമെന്നിരിക്കെ, വ്യാപകമായ പരസ്യ പ്രചരണങ്ങൾ ഒന്നും നടത്താതെ ശ്രീ.വിപി.ബാബു, കാഞ്ഞിരാറ്റു താഴെ, (പി.ഒ.) ജി.എ.കോളേജ്, മാത്ര, കോഴിക്കോട് എന്ന വ്യക്തിയിൽ നിന്നുമാണ് 10 പശുക്കളെ പലഘട്ടങ്ങളിലായി വാങ്ങിയിട്ടുള്ളത്. ഹാജരാക്കിയ ഫയലിൽ പശുക്കളെ നല്കുന്നതിനുള്ള താല്പര്യ ക്ഷണപത്രം രണ്ടു വ്യക്തികളുടേത് മാത്രമാണ്. ശ്രീ വി.പി.ബാബുവിന്റെ താല്പര്യക്ഷണപത്രം ഫയലിൽ ചേർത്തിട്ടില്ല. പൊതുമാർക്കറ്റിൽ നിന്നും നെഗോഷിയേറ്റ് ചെയ്തു ഒരുമിച്ച് വാങ്ങിയിരുന്നെങ്കിൽ കൂടുതൽ ലാഭത്തിൽ വാങ്ങാമായിരുന്നതും, ഫാമിന്റെ പ്രവർത്തനങ്ങൾ അതിവേഗം കാര്യക്ഷമമാക്കാവുന്നതുമായിരുന്നു. സർക്കാർ അനുമതിയില്ലാതെ കൃഷി വകുപ്പിന്റെ ആസ്തികളിൽ മൃഗസംരക്ഷണ പദ്ധതി നടപ്പിലാക്കിയതിന് സാധൂകരണം ലഭ്യമാക്കേണ്ടതാണ്. മേലപാകതകൾ നിലനിൽക്കുന്നതിനാൽ ചെലവു തുക (4,23,313/- രൂപ) തടസ്സപ്പെടുത്തുന്നു.

## 3-15 തെരുവ് നായ നിയന്ത്രണ പദ്ധതി നടപ്പാക്കിയില്ല - ലഭ്യമായ തുക മുതനിക്ഷേപമായി

**<u>സൂക്ഷിക്കുന്നു.</u>**

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം.

പദ്ധതി പേര്, നം - കോഴിക്കോട് ജില്ല പഞ്ചായത്ത് തെരുവ് നായ നിയന്ത്രണ പദ്ധതി, 906/16

അടങ്കൽ തുക – 1,81,00,000/- (ഗ്രാമപഞ്ചായത്തുകൾ - 17600000/-, ജില്ല പഞ്ചായത്ത് - 5,00,000/-)

കോഴിക്കോട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളും, ജില്ലപഞ്ചായത്തും സംയുക്തമായി നടപ്പാക്കുന്നതിനായിട്ടാണ് മേൽ പദ്ധതി രൂപീകരിച്ചത്. ജില്ല പഞ്ചായത്ത് മുഖേനയാണ് പദ്ധതിയുടെ നടത്തിപ്പ്. ശ്വാനസംരക്ഷണം, പേവിഷനിയന്ത്രണം, വന്ധ്യകരണം, പ്രതിരോധ കുത്തിവെയ്പ് തുടങ്ങിയ ലക്ഷ്യങ്ങളോടെ രൂപീകരിച്ച പദ്ധതിക്കായി വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് 26,00,000/- രൂപ ജില്ല പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് കാലയളവ് വരേയും പദ്ധതി നടപ്പാക്കിയിട്ടില്ല. പദ്ധതിക്കായി മറ്റ് സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | വിഹിതം നൽകിയ സ്ഥാപനം | തുക | ഡി.ഡി.നം, തീയ്യതി |
|---|---|---|---|
| 1 | ചാത്തമംഗലം ഗ്രാമപഞ്ചായത്ത് | 2,00,000 | 049988, 02.02.2016 |
| 2 | തിരുവമ്പാടി ഗ്രാമപഞ്ചായത്ത് | 2,00,000 | 052658, 25.02.2016 |
| 3 | പെരുവയൽ ഗ്രാമപഞ്ചായത്ത് | 2,00,000 | 482836, 14.03.2016 |
| 4 | ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് | 2,00,000 | 251853, 22.03.2016 |
| 5 | പെരുമണ്ണ ഗ്രാമപഞ്ചായത്ത് | 25,000<br>25,000<br>37,993<br>1,12,007 | 783274, 21.03.2016<br>783273, 21.03.2016<br>483905, 24.03.2016<br>483929, 24.03.2016 |
| 6 | കാരശ്ശേരി ഗ്രാമപഞ്ചായത്ത് | 2,00,000 | 14909, 28.03.2016 |
| 7 | വേളം ഗ്രാമപഞ്ചായത്ത് | 2,00,000 | 253311, 28.03.2016 |
| 8 | അരിക്കുളം ഗ്രാമപഞ്ചായത്ത് | 2,00,000 | 253310, 28.03.2016 |
| 9 | കായണ്ണ ഗ്രാമപഞ്ചായത്ത് | 2,00,000 | 253412, 30.03.2016 |
| 10 | കുന്നുമ്മൽ ഗ്രാമപഞ്ചായത്ത് | 2,00,000 | 514366, 23.03.2016 |
| 11 | ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത് | 2,00,000 | 253329, 28.03.2016 |
| 12 | പുറമേരി ഗ്രാമപഞ്ചായത്ത് | 2,00,000 | 979723, 28.03.2016 |
| 13 | എടച്ചേരി ഗ്രാമപഞ്ചായത്ത് | 2,00,000 | 807353, 08.01.2016 |
| | | 26,00,000 | |

പദ്ധതി നടപ്പിലാക്കുവാൻ വീഴ്ച വരുത്തിയതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥൻ സമർപ്പിച്ച മറുപടിയിൽ പദ്ധതിയുടെ വിവിധ പ്രവർത്തനങ്ങൾക്ക് സർക്കാർ അനുമതിയ്ക്കായി അപേക്ഷിച്ചെങ്കിലും ആയത് ലഭ്യമായില്ല. പിന്നീട് തുടർവർഷം പ്ലാനിംഗ് ബോർഡിന്റെ പ്രത്യേക ധനസഹായം ലഭിക്കുന്നതിന് പദ്ധതി

തയ്യാറാക്കുകയായിരുന്നു. പദ്ധതി പ്രവർത്തനം ആരംഭിക്കാത്ത സാഹചര്യത്തിൽ മറ്റ് ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭ്യമായ തുക തിരികെ നൽകി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ് (കൈപ്പറ്റ് രശീതിയുടെ പകർപ്പ് സഹിതം).

## 3-16 പട്ടികവർഗ്ഗ കോളനി വൈദ്യുതീകരണത്തിനായി കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ച തുക 7 വർഷമായി വിനിയോഗിച്ചില്ല.

ഫയൽ നം : പി.4/1886/10, 832/14

നിർവ്വഹണ ഉദ്യോഗസ്ഥൻ - ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർ.

കൂടരഞ്ഞി ഗ്രാമപഞ്ചായത്തിലെ 11 കുടുംബങ്ങൾ ഉൾപ്പെട്ട ചുള്ളിയങ്കം പട്ടികവർഗ്ഗ കോളനി നിവാസികൾക്ക് വൈദ്യുതി എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് 2008-09 സാമ്പത്തിക വർഷത്തിൽ പദ്ധതി പ്രവർത്തനം ആരംഭിച്ചത്. ഇതിനായി സാധ്യത പഠനം നടത്തി 14.08.2008 ൽ (പട്ടിക വർഗ്ഗ വികസന വകുപ്പ്) ഫീസബിലിറ്റി സർട്ടിഫിക്കറ്റും നൽകിയിട്ടുണ്ട്. 26.08.2008, 30.06.2009 എന്നീ തീയ്യതികളിൽ കെ.എസ്.ഇ.ബി. എക്സിക്യൂട്ടീവ് എഞ്ചിനീയറോട് (ബാലുശ്ശേരി) ഇതിന്റെ റഫ് എസ്റ്റിമേറ്റ് നൽകുന്നതിനായി അപേക്ഷിച്ചു. 2010-11 സാമ്പത്തിക വർഷത്തിൽ പദ്ധതി രൂപീകരിച്ചു. (പ്രോജ നം.100/10-11) പദ്ധതി നടപ്പാക്കുന്നതിനായി കെ.എസ്.ഇ.ബി.യെ ചുമതലപ്പെടുത്തുകയും, കെ.എസ്.ഇ.ബി. എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ച റഫ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 25,00,000/- രൂപ വികസന ഫണ്ട് (ടി.എസ്.പി.) കൈമാറി (ബിൽ നം.3/10-11, തീയ്യതി.05.11.2010). കെ.എസ്.ഇ.ബി അധികൃതർ പ്രവൃത്തി നടപ്പിലാക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചെങ്കിലും കരാർ ഏറ്റെടുക്കുവാൻ ആരും തയ്യാറാകാത്തതിനാൽ ഡപ്പോസിറ്റ് തുക ചെലവഴിക്കാതെയും, തിരികെ നൽകാതെയും അവരുടെ അക്കൌണ്ടിൽ സൂക്ഷിച്ചു.

പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം നൽകണമെന്നാവശ്യപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ 04.12.2013 ന് നൽകിയ കത്തിന് (സി.2667/10) കെ.എസ്.ഇ.ബി. അധികൃതർ താഴെ പറയുന്ന തരത്തിൽ മറുപടി നൽകി.

"പ്രസ്തുത പദ്ധതി പ്രദേശം ഭൂമിശാസ്ത്രപരമായ ബുദ്ധിമുട്ടുകൾ ഉള്ളതിനാലും, അതീവ ദുർഘടമായ പാതകൾ കാരണം പരിമിതമായ വാഹന സൌകര്യം കാരണം സാധന സാമഗ്രികൾ എത്തിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ ഉള്ളതിനാലും പലതവണ ടെണ്ടർ ക്ഷണിച്ചെങ്കിലും ആരും തയ്യാറായില്ല."

2013 ൽ തന്നെ കോളനിയുടെ ഒരു ഭാഗം (6 വീടുകൾ) R.G.G.V.Y (രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന) പദ്ധതിയിലൂടെ വൈദ്യുതീകരിച്ചു. കെ.എസ്.ഇ.ബി.ക്ക് നൽകിയ തുക ജില്ലപഞ്ചായത്ത് മറ്റ് ഏതെങ്കിലും പദ്ധതി നിർദ്ദേശിക്കുകയാണെങ്കിൽ ആയതിന് ഉപയോഗിക്കാമെന്നും, തുക തിരികെ നൽകണമെങ്കിൽ ഡീറ്റെൻഷൻ തുകയായി 2% തുകയും, നഷ്ടപരിഹാരവും (ആകെ 1,29,275/- രൂപ) കിഴിച്ച് ബാക്കി സംഖ്യയേ അനുവദിക്കൂ എന്ന് കെ.എസ്.ഇ.ബി. എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

11.02.2015 ൽ അനുവദിച്ച തുക തിരികെ അടവാക്കുന്നതിനായി ജില്ലപഞ്ചായത്ത് സെക്രട്ടറി കെ.എസ്.ഇ.ബി. എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെട്ടപ്പോൾ ആയതിനു നൽകിയ മറുപടിയിൽ പ്രസ്തുത പ്രവൃത്തിയുടെ ബാക്കി ഭാഗം ചെയ്യുന്നതിനായി നിലവിലെ നിരക്കിൽ ആരും തയ്യാറാകാത്തിനാൽ 20 % അധികമായി പ്രവൃത്തി ഏറ്റെടുക്കാമെന്നും അധികം വരുന്ന ചെലവ് കെ.എസ്.ഇ.ബി.ക്ക് നൽകേണ്ടതാണെന്നും അറിയിച്ചു. പഞ്ചായത്ത് ഭരണസമിതി മേൽ

ആവശ്യം പരിഗണിച്ച് 27.06.2016 ലെ യോഗത്തിൽ അംഗീകരിച്ചു. [തീരുമാന നം. 27/16(4)(b)] പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

പ്രവൃത്തി ഏറ്റെടുക്കുവാൻ തയ്യാറാണെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് എസ്റ്റിമേറ്റ് പ്രകാരമുള്ള 25,00,000/- രൂപ കെ.എസ്.ഇ.ബി.ക്ക് അനുവദിച്ചത്. പദ്ധതി പ്രദേശം ഭൂമിശാസ്ത്രപരമായ ബുദ്ധിമുട്ടുകൾ ഉള്ളതാണെന്നും അതീവ ദുർഘടമാണെന്നും സാധ്യത പഠനം നടത്തിയപ്പോൾ തന്നെ ബോദ്ധ്യപ്പെട്ടതാണ്. ആയത് കെ.എസ്.ഇ.ബി.യെ അറിയിച്ചതുമാണ്. ആയതിനു ശേഷം അനാവശ്യമായ കാരണങ്ങൾ ചൂണ്ടികാട്ടി പ്രവൃത്തി വൈകിപ്പിച്ചത് അംഗീകരിക്കാവുന്നതല്ല. പ്രസ്തുത പ്രദേശത്ത് തന്നെയാണ് R.G.G.V.Y (രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന) പദ്ധതി നടപ്പാക്കിയതും. തുക അനുവദിച്ച് 7 വർഷം കഴിഞ്ഞിട്ടും (ഓഡിറ്റ് കാലയളവ്) പ്രവർത്തി പൂർത്തീകരിക്കാതെയും തുക തിരികെ നൽകാതെയും ചെയ്തത് സർക്കാരിനെ അറിയിക്കാതിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റേയും ഭരണസമിതിയുടേയും പദ്ധതി നിർവ്വഹണത്തിലെ പോരായ്മയാണ് വ്യക്തമാക്കുന്നത്.

1996 കേരള പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങൾ, ചട്ടം 6(3) പ്രകാരം പഞ്ചായത്തിലെ ഏതെങ്കിലും പണിയുടെ നിർവ്വഹണത്തിനോ, സാധനങ്ങൾ സംഭരിച്ചു കൊടുക്കുന്നതിനോ, സേവനം ലഭ്യമാക്കുന്നതിനോ ഉള്ള സംഗതിയിൽ ആയിരം രൂപയിൽ കവിയുന്ന ചെലവ് വരുകയാണെങ്കിൽ അതിനു വേണ്ടിയുള്ള കരാറുകൾ രേഖാമൂലമായിരിക്കേണ്ടതും, ആ കരാറിൽ ചെയ്യേണ്ട ജോലിയുടെ വിശദവിവരം ലഭ്യമാക്കുന്ന സാധനങ്ങളുടെ വിവരം, ഗുണനിലവാരം, സേവനം ഏത് പ്രകാരത്തിലും ഏത് കാലയളവിൽ വരെ ആയിരിക്കണമെന്ന വിവരം, ജോലി പൂർത്തികരിക്കേണ്ട തീയതി, സാധനങ്ങൾ ലഭ്യമാകേണ്ട തീയതി എന്നിവ അതത് സംഗതി പോലെ വ്യക്തമായി പറഞ്ഞു കൊണ്ട് തയ്യാറാക്കണം. 21.08.2003 ലെ 40308/ഡി.പി./03/ത.സ്വ.ഭ.വ. നം സർക്കുലറിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഡപ്പോസിറ്റ് നൽകി വൈദ്യുതി വിതരണ പദ്ധതികൾ കെ.എസ്.ഇ.ബി.യെ ഏൽപ്പിക്കുന്നതിന് കരാർ വെയ്ക്കണമെന്നും കെ.എസ്.ഇ.ബി. അക്കാലയളവിലെ നിരക്കിൽ തന്നെ പദ്ധതികൾ നടപ്പാക്കുകയും വേണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ പ്രവൃത്തി നിർവ്വഹണ കാലാവധി നിർണ്ണയിച്ച് കൃത്യമായ കരാറിലേർപ്പെടാതിരുന്നതിനാൽ പദ്ധതി നടത്തിപ്പ് അകാരണമായി നീട്ടികൊണ്ടു പോകുന്നതിനെതിരെ നടപടികൾ സ്വകരിക്കുവാൻ പഞ്ചായത്തിന് സാധിച്ചില്ല. ഇത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നും വന്ന വീഴ്ചയാണ്.

ഓഡിറ്റ് വകുപ്പ് 2010-11 ൽ പുറപ്പെടുവിച്ച റിപ്പോർട്ടിൽ പ്രസ്തുത പ്രവൃത്തിക്കനുവദിച്ച തുക വിനിയോഗിക്കാതിരുന്നതുമായി ബന്ധപ്പെട്ട് പരാമർശിച്ചെങ്കിലും (ഖ.നം.3-7-4) മേൽ തുക തിരികെ ലഭ്യമാക്കിയിട്ടില്ല. എസ്റ്റിമേറ്റ് പ്രകാരം 11 വീടുകളുടെ വൈദ്യുതീകരണത്തിനാണ് തുക അനുവദിച്ചത്. ആയതിൽ 6 വീടുകളുടെ വൈദ്യുതീകരണം R.G.G.V.Y. പദ്ധതിയിലൂടെ പൂർത്തിയായി. ബാക്കി 5 വീടുകളുടെ പ്രവൃത്തി 2010-11 കാലയളവിലെ നിരക്കിൽ പൂർത്തീകരിച്ച് മിച്ചം തുക ജില്ലപഞ്ചായത്ത് ഫണ്ടിൽ അടവാക്കി അറിയിക്കേണ്ടതാണ്.

## 3-17 പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും വീഴ്ച – വിവിധ മേഖലകളിലെ നിർമ്മാണ പ്രവൃത്തികൾക്ക് വകയിരുത്തിയ തുകയിൽ 50.72 കോടി രൂപ നഷ്ടമായി.

നിർവ്വഹണോദ്യോഗസ്ഥൻ: എക്സി.എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ ജില്ലപഞ്ചായത്ത് വിഭാവനം ചെയ്ത് അംഗീകാരം വാങ്ങിയ 862 പ്രൊജക്ടുകളിൽ 778 എണ്ണത്തിന്റെ നിർവ്വഹണോദ്യോഗസ്ഥൻ എക്സി.എഞ്ചിനീയറാണ്. പശ്ചാത്തലമേഖലയിലെ പ്രൊജക്ടുകൾക്കൊപ്പം

ഉല്പാദന, സേവന മേഖലകളിലെ നിർമ്മാണപ്രവർത്തനങ്ങൾക്കായുള്ള പ്രൊജക്ടുകളും ഇതിൽപെടുന്നുണ്ട്. മേൽ പ്രൊജക്ടുകളിൽ 254 എണ്ണം സ്പിൽ ഓവർ പ്രൊജക്ടുകളും 524 എണ്ണം പുതിയവയുമായിരുന്നു. ചെലവു രേഖകൾ പരിശോധിച്ചതിൽ 285 പ്രൊജക്ടുകൾക്ക് യാതൊരു തുകയും വിനിയോഗിച്ചിട്ടില്ലെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ബാക്കി തുക വിനിയോഗിച്ച 493എണ്ണത്തിൽ ഭാഗികമായി പൂർത്തീകരിച്ച പ്രൊജക്ടുകളും ഉൾപ്പെടുന്നു. ഇത്രയും പ്രൊജക്ടുകൾക്ക് വകയിരുത്തിയ തുകയുടെയും, ചെലവഴിച്ച തുകയുടെയും വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | നഷ്ടമായ തുക |
|---|---|---|---|---|
| 1 | പ്ലാൻ ഫണ്ട് ജനറൽ | 35,67,24,474 | 17,05,54,731 | 18,61,69,743 |
| 2 | പ്ലാൻ ഫണ്ട് SCP | 9,49,45,466 | 3,36,48,636 | 6,12,96,830 |
| 3 | MG (റോഡ്) | 52,41,64,464 | 30,09,31,514 | 22,32,32,950 |
| 4 | MG (റോഡിതരം) | 6,83,28,805 | 3,18,12,923 | 3,65,15,882 |
| 5 | തനത് ഫണ്ട് | 3,57,81,535 | 1,33,58,027 | 2,24,23,508 |
| 6 | സംസ്ഥാനാവിഷ്കൃത ഫണ്ട് | 18,50,000 | 0 | 18,50,000 |
| 7 | കേന്ദ്രാവിഷ്കൃത ഫണ്ട് | 92,05,989 | 11,33,212 | 80,72,777 |
| 8 | മറ്റ് ഗ്രാമപഞ്ചായത്ത് ഫണ്ട് | 2,00,000 | 0 | 2,00,000 |
| 9 | മറ്റുള്ളവ | 3,72,72,961 | 33,81,251 | 33,89,1710 |
| ആകെ | | 1,12,84,73,694 | 55,48,20,294 | 57,36,53,400 |

മേൽ കണക്കുകളിൽ നിന്നും പ്രൊജക്ടുകൾക്കായി വകയിരുത്തിയ തുകയിൽ 57.36 കോടി രൂപ ഓഡിറ്റ് വർഷത്തിൽ വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ലെന്നു കാണാം. ഇതിൽ ക്രമനം.1 മുതൽ 4 വരെയുള്ള ഫണ്ടുകൾ പ്രകാരമുള്ള 50.72 കോടി രൂപ സാമ്പത്തിക വർഷാവസാനം ലാപ്സായത് നാളിതുവരെ തിരിച്ചുകിട്ടാത്തതിനാൽ ഫലത്തിൽ പൂർണ്ണമായും നഷ്ടപ്പെട്ടിരിക്കുകയാണ്.

പ്രൊജക്ടുകളുടെ ആധിക്യം, പഠനം നടത്താതെ വിശദമായ എസ്റ്റിമേറ്റ് ഉണ്ടാക്കുന്നതുമൂലം എസ്റ്റിമേറ്റ് പുതുക്കേണ്ടി വരുന്നത്, പ്രൊജക്ടുകൾക്ക് അംഗീകാരം വാങ്ങി കരാറുകാരെ കണ്ടെത്തി കരാർ ചമയ്ക്കുന്നതിലെ കാലതാമസം (മിക്ക പ്രൊജക്ടുകൾക്കും ജനവരി, ഫെബ്രുവരി മാസങ്ങളിലാണ് കരാർ ചമയ്ക്കുന്നത്), സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കരാറുകാർ വരുത്തുന്ന വീഴ്ച (സ്പിൽ ഓവർ പ്രൊജക്ടുകളുടെ കാര്യത്തിൽ പോലും 87 പ്രൊജക്ടുകൾക്ക് തൻവർഷം തുകയൊന്നും വിനിയോഗിച്ചിട്ടില്ല എന്നത് ഇവിടെ ശ്രദ്ധേയമാണ്) എന്നിവയാണ് പ്രൊജക്ടുകൾക്ക് വകയിരുത്തിയ തുക സമയബന്ധിതമായി ചെലവഴിക്കുന്നതിന് തടസ്സമായതും അതുവഴി ജില്ലക്കുള്ളിലെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ട അമ്പതിൽപ്പരം കോടി രൂപ നഷ്ടമാകുന്നതിനും കാരണമായതെന്ന് രേഖകൾ വ്യക്തമാക്കുന്നു. മേൽപറഞ്ഞ കാര്യങ്ങളെല്ലാം തന്നെ മരാമത്ത് വകുപ്പിന്റെ വീഴ്ചകളായതിനാൽ 50.72 കോടി

രൂപ നഷ്ടപ്പെടുത്തിയതിന് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

## 3-18 ടാറിംഗിന് അധിക നിരക്ക് നൽകി.

ജില്ലപഞ്ചായത്ത് 2015-16 വർഷം നടത്തിയ ടാറിംഗ് പ്രവൃത്തികൾ VG-30 ഗ്രേഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് ചെയ്തത്. ഈ ഗ്രേഡ് ബിറ്റുമിന്റെ ഡി.എസ്.ആർ നിരക്കായ ടണ്ണിന് 41,000/- രൂപയും അതിന്റെ കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുന്ന തുകയുമാണ് വിവിധ പ്രവൃത്തികൾക്ക് നൽകിയത്. തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 13.02.2014ലെ ഡി.ബി.3/6512/2013/സി.ഇ നമ്പർ സർക്കുലർ പ്രകാരം മാർക്കറ്റ് നിരക്കിൻമേൽ കോസ്റ്റ് ഇൻഡക്സ് നൽകാൻ അനുവാദമില്ല. എന്നാൽ ഓഡിറ്റ് കാലയളവിൽ ടാറിന്റെ മാർക്കറ്റ് വില ഷെഡ്യൂൾ നിരക്കായ 41,000/- രൂപയിലും കുറവായിട്ടും ഷെഡ്യൂൾ നിരക്കിൻമേൽ കോസ്റ്റ് ഇൻഡക്സ് അനുവദിച്ചതായി കാണുന്നു. ഇതുവഴി ജില്ലപഞ്ചായത്ത് ഫണ്ടിന് 68,56,807/- രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. വിശദവിവരങ്ങൾ ഈ റിപ്പോർട്ടിനോടൊപ്പം അനുബന്ധമായി (നം.2)ചേർക്കുന്നു.

## 3-19 ചെയ്യാത്ത പ്രവൃത്തി ചെയ്തതായി സാക്ഷ്യപ്പെടുത്തി തുക അനുവദിച്ചു.

പ്രോജക്ട് 89/16 - പാറച്ചാൽ പീടിക പുതുക്കുളങ്ങരത്താഴെ റോഡ് (മേപ്പയൂർ ഗ്രാമപഞ്ചായത്ത്)
അടങ്കൽ തുക - 20 ലക്ഷം (സംരക്ഷണ ഗ്രാന്റ്, റോഡ്)
സാങ്കേതികാനുമതി 159/15-16, 07.08.2015
കരാറുകാരൻ ശ്രീ.എം.പി.ബാലൻ 5.10% കുറവ്
എഗ്രിമെന്റ് നമ്പർ - 238/15-16, 08.01.2016
ചെലവ് തുക – 18,12,378/- ബിൽ 413/15-16, 31.03.2016
അളവ് പുസ്തകം 134/15-16

നിലവിൽ സോളിംഗ് കഴിഞ്ഞ 941 മീറ്റർ റോഡിൽ മെറ്റലിംഗ് ടാറിംഗിനാണ് പ്രോജക്ട് ലക്ഷ്യമിട്ടത്. അളവ് പുസ്തകം പേജ് 8,9 എന്നിവ പ്രകാരം മെറ്റലിങ്ങ് കഴിഞ്ഞ ഉടനെയും ടാറിങ്ങ് സീൽകോട്ട് കഴിഞ്ഞ ശേഷവും റോഡിന്റെ മുഴുവൻ നീളത്തിലും (941 മീറ്റർ) ഇരുവശത്തും 50cm വീതിയിൽമേപ്പയൂർ ഗ്രാമപഞ്ചായത്ത് യഥാക്രമം 10 cm, 2 cm കനത്തിൽ (ആകെ 12cm) ചുവന്ന മണ്ണിട്ട് അമർത്തി ഷോൾഡർ ഫോം ചെയ്തതായി അളവുകൾ രേഖപ്പെടുത്തിയ അസി.എഞ്ചിനീയറും അളവുകൾ പരിശോധിച്ച അസി.എക്സി.എഞ്ചിനീയറും സാക്ഷ്യപ്പെടുത്തുകയും എക്സിക്യൂട്ടീവ് എഞ്ചിനീയർ ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ആകെ മേൽ പ്രവൃത്തിക്ക് 5.10% ടെണ്ടർ കുറവ് കഴിച്ച് 44575.48 രൂപ നൽകിയിട്ടുണ്ട്. (107.33m3 x 437.64/m3 -5.1%)എന്നാൽ ഫയലിനോടൊപ്പം വച്ച ഫോട്ടോയിൽ ടാറിങ്ങ് സീൽകോട്ട് കഴിഞ്ഞ അവസ്ഥയിലും മേൽ പ്രവൃത്തി ചെയ്തിട്ടില്ല എന്നു കാണുന്നു.




മെറ്റലിങ്ങ് കഴിഞ്ഞ ഉടനെ 10 cm കനത്തിൽ മണ്ണിട്ട് അമർത്തിയതായി എംബുക്കിൽ സാക്ഷ്യപ്പെടുത്തിയത് തെറ്റായ പ്രസ്താവനയാണെന്ന് ഇതിൽ നിന്നും വ്യക്തമാണ്. ചെയ്യാത്ത പ്രവൃത്തി സാക്ഷ്യപ്പെടുത്തി പണം നല്കിയതിന് വിശദീകരണം നൽകേണ്ടതാണ്. കൂടാതെ കെ.എസ്.എസ്/ എം.ഡി.എസ്.എസ് പ്രകാരം മെറ്റലിംഗ് ചെയ്യുന്ന റോഡുകളുടെ ഇരുവശവും

ഒരു മീറ്റർ വീതിയിൽ അല്ലെങ്കിൽ ഓട വരെ ഏതാണോ കുറവ് അത്രയും ഭാഗം റോഡിന്റെ ഷോൾഡർ സെക്ഷനിംഗ് (shoulder sectioning) നടത്തി തയ്യാറാക്കുന്നതിനുള്ള നിരക്ക് മെറ്റലിംഗിന്റെ യൂണിറ്റ് നിരക്കിൽ ഉൾപ്പെടുന്നതാണ്. ആയത് പരിഗണിക്കാതെ മേൽ ഇനത്തിന് പ്രത്യകം നിരക്ക് വകയിരുത്തിയതിന് വിശദീകരണം നൽകേണ്ടതാണ്. അനുവദനിയമല്ലാത്തതും ചെയ്യാത്തതുമായ പ്രവൃത്തിക്ക് തുക നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ചെലവു തുക അളവുകൾ രേഖപ്പെടുത്തിയ അസി.എഞ്ചിനീയർ, മേപ്പയൂർ ഗ്രാമപഞ്ചായത്ത് (ശ്രീമതി ഉഷാകുമാരി.പി), അളവുകൾ പരിശോധിച്ച അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ (ദിലീപ്.) മേൽപ്പറഞ്ഞവർ സാക്ഷ്യപ്പെടുത്തിയ അളവുകൾ അംഗീകരിച്ച എക്സിക്യൂട്ടീവ് എഞ്ചിനീയർ (മുഹമദ് അഷ്റഫ്.എ) എന്നിവരിൽ നിന്നും തിരിച്ചു പിടിക്കേണ്ടതാണ്.

## 3-20 പിഴ ഈടാക്കാതെ പ്രവൃത്തി പൂർത്തീകരിക്കാൻ സമയം ദീർഘിപ്പിച്ചു നല്കി.

കാലാവധിക്കകം പ്രവൃത്തി പൂർത്തിയാക്കാത്തതിന് താഴെപ്പറയുന്ന മരാമത്ത് പ്രവൃത്തികളിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുത്തിരിക്കുന്നു.

(എ)കണ്ണാടിപ്പോയിൽ കുന്നിക്കൂട്ടം റോഡ് (ബാലുശ്ശേരി ഗ്രാമപഞ്ചായത്ത്)884 /15 (116/16)

എസ്റ്റിമേറ്റ് തുക : 15 ലക്ഷം രൂപ(വികസന ഫണ്ട്)
കരാറുകാരൻ : ശ്രീ.അബ്ദുൽ മജീദ് പി.വി.
ആകെ പ്രവൃത്തിമൂല്യം : 10,58,107/-
ചെലവു തുക : 10,58,107/-രൂപ (ബിൽ നം .363/15-16 തീ 31.03.2016)
എഗ്രിമെന്റ് നം. : EE/LSGD/06/15-16 dt.17.04.2015 കരാർ കാലാവധി 5 മാസം
അളവുപുസ്തകം. : 164/15-16
പി.എ.സി.തുക : 10,83,146/-

17.04.2015 ന് കരാർ വച്ച പ്രവൃത്തിയുടെ സൈറ്റ് 23.04.2015ന് കരാറുകാരന് കൈമാറിയിട്ടുണ്ട്. കരാർ പ്രകാരം 5 മാസം കഴിഞ്ഞ് 23.09.2015 ന് പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ എം.ബുക്ക് പ്രകാരം പ്രവൃത്തി ആരംഭിച്ചത് 08.01.2016 നും പ്രവൃത്തി പൂർത്തീകരിച്ച് അവസാന അളവ് രേഖപ്പെടുത്തിയത് 25.02.2016നുമാണ്. കരാർ പ്രകാരം പൂർത്തീകരണത്തിനായി 6 മാസം ലഭ്യമായിരുന്നെങ്കിലും, പൂർത്തീകരിക്കേണ്ട തീയതി കഴിഞ്ഞ് 5മാസവും 10 ദിവസവും കൂടി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിച്ചത്. മഴ കാരണം പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ 30.03.2014 വരെ സമയം ദീർഘിപ്പിക്കണമെന്ന കരാറുകാരന്റെ അപേക്ഷ പരിഗണിച്ച് 15.03.2014 വരെ പിഴ ഇടാക്കാതെ സമയം ദീർഘിപ്പിച്ചു നല്കുകയാണ് ചെയ്തത്. പുതുക്കിയ PWD മാന്വൽ പ്രകാരം കരാറുകാരന്റെ ഭാഗത്തുനിന്നുള്ള വീഴ്ച മൂലം സമയം ദീർഘിപ്പിക്കേണ്ടിവരുമ്പോൾ PAC തുകയുടെ 1% പിഴ ഈടാക്കി പൂർത്തീകരണ കാലാവധിയുടെ 25% വും 2% ഈടാക്കി വീണ്ടുമൊരു 25% കൂടിയും സമയം ദീർഘിപ്പിക്കാവുന്നതാണ്. രേഖകൾ പരിശോധിച്ചതിൽ, കാലതാമസം വന്നതിനുള്ള കാരണക്കാരൻ കരാറുകാരൻ തന്നെയാണെന്ന് വ്യക്തമാകുന്നു. 4.4.13ന് സൈറ്റ് ഏറ്റെടുത്ത പ്രവൃത്തിയുടെ ആദ്യ അളവ് രേഖപ്പെടുത്തുന്നത് 9.9.13 നാണ് . കരാറുകാരൻ ഉന്നയിച്ചതുപോലെ മഴയല്ല പ്രവൃത്തിയ്ക്ക് തടസ്സമായതെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. മഴയ്ക്ക് മുമ്പ് 2 മാസം ലഭ്യമായിരുന്നു എന്നതും ജൂൺ മുതൽ മഴ വരുമെന്നത് മുൻകൂട്ടി കാണാമെന്നതും ഇവിടെ പ്രസക്തമാണ്. ഇക്കാരണത്താൽ തന്നെ പിഴ ഇടാക്കാതെ അനുവദനീയമായ സമയത്തിന്റെ 90% കൂടുതൽ സമയം പിഴ കൂടാതെ ദീർഘിപ്പിച്ചു നല്കിയ നടപടി ശരിയല്ല. പി.എ.സി.തുകയുടെ 3% (2+1) തുകയായ 32,494/- രൂപ പിഴ ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

(ബി) നടുപ്പൊയിൽ നെട്ടൂർ റോഡ് റീടാറിംഗ് (കുറ്റ്യാടി ഗ്രാമപഞ്ചായത്ത് )314/15-16

എസ്റ്റിമേറ്റ് തുക : 2700000

കരാറുകാരൻ : ശ്രീ.എം.കെ.മൊയ്തുഹാജി
ആകെ പ്രവൃത്തിമൂല്യം : 2625254
ചെലവു തുക : 2625254 (ബിൽ നം.412/15-16തീ.31/03/16)
എഗ്രിമെന്റ് തിയ്യതി : 294/14-15തീ.23/02/15
അളവുപുസ്തകം. : 284/14-15
പി.എ.സി.തുക : 2699168

24.02.2015 ന് ആരംഭിച്ച മേൽ പ്രവൃത്തി 23.06.2015 നാണ് എഗ്രിമെന്റ് പ്രകാരം (4മാസം) പൂർത്തിയാക്കേണ്ടത്. എന്നാൽ പ്രവൃത്തി പൂർത്തിയാക്കിയത് 14.09.15 നാണ്. മഴ കാരണം പ്രവൃത്തി പൂർത്തിയാക്കാൻ കഴിഞ്ഞില്ല എന്ന കരാറുകാരന്റെ അപേക്ഷയെത്തുടർന്ന് പിഴ കൂടാതെ കാലാവധി ദീർഘിപ്പിച്ചു നൽകി. 24.02.2015 ന് തുടങ്ങിയ പ്രവൃത്തി യഥാസമയം പൂർത്തിയാക്കാത്തത് കരാറുകാരന്റെ വീഴ്ചയാണ്. പുതുക്കിയ PWD മാന്വൽ പ്രകാരം കരാറുകാരന്റെ ഭാഗത്തുനിന്നുള്ള വീഴ്ച മൂലം സമയം ദീർഘിപ്പിക്കേണ്ടിവരുമ്പോൾ PAC തുകയുടെ 1% പിഴ ഈടാക്കി പൂർത്തീകരണ കാലാവധിയുടെ 25% വും 2% ഈടാക്കി വീണ്ടുമൊരു 25% കൂടിയും സമയം ദീർഘിപ്പിക്കാവുന്നതാണ്. പിഴ ഇടാക്കാതെ കൂടുതൽ സമയം ദീർഘിപ്പിച്ചു നല്കിയ നടപടി ശരിയല്ല. .പി.എ.സി.തുകയുടെ 3% (2+1) തുകയായ രൂപ പിഴ ഈടാക്കേണ്ടതാണ്. പി.എ.സി.തുകയുടെ 3% (2+1) തുകയായ 80,975/- രൂപ പിഴ ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-21 കാരന്തൂർ - പരപ്പമ്മൽ ഏട്ടുക്കുണ്ട് റോഡ് (കുന്ദമംഗലം ഗ്രാമ പഞ്ചായത്ത് ) - അപാകതകൾ.

പ്രൊജക്റ്റ് നം. : 104/15-16 (എസ്.ഒ – 335/16 )
എസ്റ്റിമേറ്റ് തുക : 20,00,000/- (മെയിന്റനൻസ് ഗ്രാന്റ് )
ചെലവഴിച്ച തുക : 19,30,364 (ബിൽ നം.236/15-16 തീ.31.03.2016)
കരാറുകാരൻ : ശ്രീ.റഹ്മത്തുള്ള കെ.കെ.
നിരക്ക് : 2012 ലെ പൊതുമരാമത്ത് നിരക്ക്
എഗ്രിമെന്റ് തിയ്യതി : 19.01.2015
സാങ്കേതികാനുമതി ലഭിച്ച തിയ്യതി : 150 /14-15 തീ. 01.10.2014

ഓഡിറ്റ് വർഷം കുന്ദമംഗലം ഗ്രാമ പഞ്ചായത്തിലെ (വാർഡ്.21) 6 മീറ്റർ കുറവ് വീതിയുള്ള മേൽ റോഡിൽ ജില്ലപഞ്ചായത്ത് പരിഷ്കരണ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയതായി കാണുന്നു. സ.ഉ (എം.എസ്)നം. 362/2013 /ത.സ്വ.ഭ.വ. തീ.16.11.2013 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി ആസൂത്രണ മാർഗ്ഗരേഖ ഖണ്ഡിക 11.13(X) സി പ്രകാരം റോഡിതര മെയിന്റനൻസ് ഫണ്ട് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ മെയിന്റനൻസിനു വേണ്ടിയാണ് വകയിരുത്തേണ്ടത്. മേൽ സർക്കാർ ഉത്തരവ് അനുബന്ധം I ഖണ്ഡിക15 (v) പ്രകാരം 8 മീറ്റർ വീതിയുള്ള റോഡുകളിലെ പ്രവൃത്തികളാണ് ജില്ലാ പഞ്ചായത്തിന് ഏറ്റെടുക്കാവുന്നത്. തീരപ്രദേശങ്ങളിലും പട്ടിക ജാതി-പട്ടികവർഗ്ഗ കോളനികൾക്കകത്തും ഉള്ള റോഡുകളാണെങ്കിൽ 6 മീറ്റർ വീതിയുള്ള റോഡുകളിലെ പ്രവൃത്തികളും ഏറ്റെടുക്കാവുന്നതാണ്. എന്നാൽ ഫയൽ പരിശോധിച്ചതിൽ പ്രസ്തുത റോഡ് തീരപ്പദേശത്തോ പട്ടികജാതി-പട്ടിക വർഗ്ഗ കോളനികൾക്കകത്തോ ഉൾപ്പെടുന്നതല്ല. മേൽ പ്രവൃത്തിയിൽ തന്റെ ഭൂമി കയ്യേറി റോഡ് പ്രവൃത്തി നടത്തിയെന്ന ശ്രീമ.പാത്തമണ്ണിൽ സരോജിനിയുടെ പരാതിയിൻമേൽ കുന്നമംഗലം ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനീയർ, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർക്കയച്ച കത്തിൽ പരാതി പ്രകാരമുള്ള സ്ഥലത്ത് റോഡിന് 4.80 മീറ്റർ വീതിയാണുള്ളതെന്നും മറ്റുള്ള ഭാഗത്ത് 5.20 മീറ്റർ വീതിയാണുള്ളതെന്നും വ്യക്തമാക്കിയിട്ടുള്ളതാണ്.(കത്തിന്റെ

സാക്ഷ്യപ്പെടുത്തിയ പകർപ്പ് അടക്കം ചെയ്തിരിക്കുന്നു). ജില്ലാ പഞ്ചായത്തിന്റെ ചുമതലയിൽ വരാത്തതും 6മീറ്ററിൽ കുറവുള്ളതുമായ ഗ്രാമപഞ്ചായത്തിന്റെ റോഡിൽ മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് പ്രവൃത്തി നടത്തിയത് 19,30,364/- രൂപ ചെലവ് ചെയ്തതിനടിസ്ഥാമാക്കിയ അനുമതി വിവരം ലഭ്യമാക്കുകയോ തുക തിരിച്ചടവാക്കുകയോ ചെയ്യേണ്ടതാണ്. ചെലവ് തടസ്സം ചെയ്യുന്നു.

## 3-22 ഐ.ആർ.സി. സ്പെസിഫിക്കേഷന് വിരുദ്ധമായി അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ച് റോഡ് നിർമ്മിച്ചു. റോഡിന്റെ ഗുണനിലവാരം ഉറപ്പുവരുത്താൻ കഴിഞ്ഞില്ല.

ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത് പരിധിയിലെ കൈതേരി മുക്ക് തോടത്താം കണ്ടി റോഡ് റീസോളിംഗ് നടത്തുന്നതിനും, മണ്ണ് ഫില്ല് ചെയ്യുന്നതിനും, അതിനു മേലെ ക്വാറിമക്ക് ഇടുന്നതിനും ടാർ ചെയ്യുന്നതിനുമാണ് പ്രൊജക്ട് തയ്യാറാക്കിയിരിക്കുന്നത്. ഗുണഭോക്തൃകമ്മിറ്റിയാണ് പ്രവൃത്തി ഏറ്റെടുത്ത് നടത്തിയത്. പദ്ധതി നടപ്പാക്കിയതു സംബന്ധിച്ച് വിവരങ്ങൾ താഴെ കൊടുക്കുന്നു.

പദ്ധതി പേര്. നം കൈതേരി മുക്ക് തോടത്താം കണ്ടി റോഡ്, 294/16
അടങ്കൽ തുക - 6,30,000 രൂപ (സംരക്ഷണഗ്രാന്റ്-നോൺ റോഡ്)
കൺവീനറുടെ പേര് - ശ്രീ.ബാലൻ നായർ കെ, വാഴയിൽ
കരാർ നം.-EE/LSGD/54/2014-15തി. 18.11.2014
എം ബുക്ക് - 312/14-15
പി.എ.സി - 5,58,983/- രൂപ
ചെലവ്- ബിൽ നം. C 77/14-15 തി. 16.12.2014 ; 1,00,000/- രൂപ
C 87/14-15 തി. 29.12.2014 ; 1,29,859/- രൂപ (ബിറ്റുമിൻ)
7/15-16 തി. 29.06.2015 ; 3,55,498/- രൂപ

എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം റോഡിൽ വർഷങ്ങൾക്ക് മുമ്പ് ചെയ്ത സോളിംഗ് പൊളിഞ്ഞ് കുഴി രൂപപ്പെട്ടിട്ടുണ്ടെന്നും, ഈ ഭാഗത്ത് ഫില്ലിംഗ് നടത്തി ക്വാറിമക്ക് വിരിച്ച് ലെവൽ ചെയ്ത് ടാർ ചെയ്യുകയാണ് വേണ്ടതെന്നും വ്യക്തമാക്കിയിട്ടുണ്ട്. കൺവീനർ ക്വട്ടേഷൻ വിളിച്ചിട്ടാണ് മെറ്റൽ, മുതലായ അസംസ്കൃത സാധനങ്ങൾ വാങ്ങിയത്. ഏറ്റവും നിരക്ക് കുറഞ്ഞ ക്വട്ടേഷൻ ആണ് കമ്മിറ്റി സ്വീകരിച്ചത്. ക്വട്ടേഷൻ നിരക്ക് താഴെ കൊടുക്കുന്നു.

| ക്രമ നം | ഇനം | അളവ് | തുക |
|---|---|---|---|
| 1 | മെറ്റൽ-സോളിംഗ്- 60 mm | 1 ലോഡ്- 300 ഫൂട്ട് | 12,000 |
| 2 | 36 mm മെറ്റൽ | 1 ലോഡ്- 300 ഫൂട്ട് | 11,000 |
| 3 | 20 mm മെറ്റൽ | 1 ലോഡ്- 300 ഫൂട്ട് | 13,000 |
| 4 | 6 mm മെറ്റൽ | 1 ലോഡ്- 500 ഫൂട്ട് | 25,000 |
| 5 | ക്വാറിമക്ക് | 1 ലോഡ്- 300 ഫൂട്ട് | 3,000 |
| 6 | മണ്ണ് | 1 ലോഡ് | 400 |

<u>കൺവീനർ ഇറക്കിയ അസംസ്കൃത വസ്തുക്കൾ താഴെ കൊടുക്കുന്നു.</u>

| ക്രമ നം | ഇനം | ഇറക്കിയ മെറ്റൽ/ മറ്റുള്ളവ | ക്യൂ. മീറ്ററിൽ | തുക |
|---|---|---|---|---|
| 1 | മെറ്റൽ-സോളിംഗ്- 60 mm | 3600 ft | 101.94 m3 | 1,44,000 |
| 2 | 36 mm മെറ്റൽ | 2400 ft | 67.96 m3 | 88,000 |
| 3 | 20 mm മെറ്റൽ | 1200 ft | 33.98 m3 | 52,000 |

| | | | | |
|---|---|---|---|---|
| 4 | 6 mm മെറ്റൽ | 500 ft | 14.15 m3 | 25,000 |
| 5 | ക്വാറിമക്ക് | 10 ലോഡ് | 84.95 m3 | 30,000 |
| 6 | മണ്ണ് | 30 ലോഡ് | 254.85 m3 | 12,000 |
| | ആകെ | | | 3,47,000 |
| | റോഡ് റോളർ | 6 days | | 30,000 |
| | വെള്ളം | | | 10,000 |
| | പണിക്കൂലി | | | 1,51,200 |
| | ആകെ | | | 5,38,200 |

എം.ബുക്ക് പ്രകാരം സ്റ്റാക്ക് ചെയ്ത / ഉപയോഗിച്ച അസംസ്കൃത പദാർത്ഥങ്ങൾ താഴെ കൊടുക്കുന്നു.

| എം ബുക്ക് ഇനം നം. | ചെയ്ത പ്രവൃത്തി | ചെയ്ത അളവ് | നിരക്ക് | തുക |
|---|---|---|---|---|
| 1 | മണ്ണ് നിറക്കൽ | 44.80 m3 | 329.70 | 14,770.56 |
| 2 | ക്വാറിമക്ക് | 52.98 m3 | 847.00 | 44,874.06 |
| 3 | 60 mm Metal | 44.49 m3 | 1174.20 | 51,700.02 |
| 4 | 36 mm Metal | 89.21 m3 | 1268.00 | 1,07,450.32 |
| 8 | 12 mm Metal | 22.15 m3 | 1850.00 | 40,977.50 |
| 9 | 6mm Metal | 7.38 m3 | 1554.00 | 11,468.52 |
| | മറ്റുള്ളവ | | | 2,68,098.29 |
| | ആകെ | | | 5,39,339.27 |

എം.ബുക്ക് പ്രകാരം ആവശ്യമുള്ള വസ്തുക്കളും കൺവീനർ ഇറക്കിയ വസ്തുക്കളും താഴെ കൊടുക്കുന്നു.

| എം ബുക്ക് ഇനം നം. | ചെയ്ത പ്രവൃത്തി | ചെയ്ത അളവ് (എം.ബുക്ക് പ്രകാരം) | കൺവീനർ ഇറക്കിയ വസ്തുക്കൾ- രസീതി, വൗച്ചർ പ്രകാരം | വ്യത്യാസം അധികം/കുറവ് |
|---|---|---|---|---|
| 1 | മണ്ണ് നിറക്കൽ | 44.80 m3 | 254.85 m3 | 210.05 m3 |
| 2 | ക്വാറിമക്ക് | 52.98 m3 | 84.95 m3 | 31.97 m3 |
| 3 | 60 mm Metal | 44.49 m3 | 101.94 m3 | 57.45 m3 |
| 4 | 36 mm Metal | 89.21 m3 | 67.96 m3 | (-21.25)m3 |
| 8 | 12 mm Metal | 22.15 m3 | 33.98 m3 | 11.83 m3 |
| 9 | 6mm Metal | 7.38 m3 | 14.15 m3 | 6.77 m3 |

അവസാനത്തെ ടേബിളിൽ നൽകിയ കണക്കനുസരിച്ച് ഓരോ ഇനവും ഐ ആ ർ സി സ്പെസിഫിക്കേഷൻ അനുസരിച്ചല്ല ഉപയോഗിച്ചത്. കൺവീനർ ഇറക്കിയ വസ്തുക്കളും, സ്റ്റാക്ക് ചെയ്ത് ഉപയോഗിച്ച വസ്തുക്കളും തമ്മിൽ വലിയ വ്യത്യാസമുണ്ട്. ഉപയോഗിക്കേണ്ട അളവിലല്ല ഉപയോഗിച്ചിരിക്കുന്നത്. കൂടാതെ കൺവീനർ ഈ വലിയ തോതിൽ

വസ്തുക്കൾ സ്റ്റാക്ക് ചെയ്തിട്ടും ചെലവായ തുക 5,38,200/- രൂപ മാത്രമാണ്. ഗുണഭോക്തൃസമിതി മാർഗരേഖ പ്രകാരം ഗുണഭോക്തൃസമിതിക്ക് നൽകേണ്ട ബിൽ തുക, പ്രവൃത്തികൾക്ക് കരാർ പ്രകാരമുള്ള ബിൽതുകയോ ഗുണഭോക്തൃസമിതി യഥാർത്ഥത്തിൽ ചെലവാക്കിയ തുകയോ ആണ്. ഇതനുസരിച്ച് സമിതി വലിയ തോതിൽ വസ്തുക്കൾ സ്റ്റാക്ക് ചെയ്ത തുകയാണ് 5,38,200/- രൂപ. അതിനാൽ ആവശ്യമുള്ള വസ്തുക്കൾ മാത്രമാണ് ശേഖരിച്ചിരുന്നതെങ്കിൽ ചെലവ് എത്രയോ കുറയുമായിരുന്നു. ഐ.ആർ.സി. സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള വസ്തുക്കൾ ഉപയോഗിക്കാതെ പ്രവൃത്തി നടത്തിയതും, കൺവീനർക്ക് ചെലവായതിനേക്കാൾ (വസ്തുക്കൾ അധികം സ്റ്റാക്ക് ചെയ്തതിനാണ് 5,38,200/- രൂപ ചെലവായത്.) തുക നൽകിയതും ക്രമപ്രകാരമല്ല. ഓഡിറ്റ് വർഷത്തിലെ ചെലവ് തുക 3,55,498/- രൂപ തടസ്സത്തിൽ വെക്കുന്നു. ഇത് സംബന്ധിച്ച് വ്യക്തമായ മറുപടി നൽകേണ്ടതും കൺവീനർ അധികമായി സമാഹരിച്ച മെറ്റീരിയൽ എന്തു ചെയ്തുവെന്നത് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 3-23 കളത്തിക്കണ്ടി മുക്ക്-പുല്ലാച്ചിറക്കുന്ന് റോഡ് - അപാകതകൾ (ചെക്യാട് ഗ്രാമ പഞ്ചായത്ത്).

നിർവ്വഹണം : എക്സി.എഞ്ചിനീയർ

പ്രൊജക്ട് നം : 189/16

എസ്റ്റിമേറ്റ് തുക : 15,00,000/-

ആകെ പ്രവൃത്തിമൂല്യം : 14,94,130/-

അവസാന ബിൽ തുക : 6,37,741/- രൂപ ബിൽ നം.191/15-16 തീ.11.03.2016

സാങ്കേതികാനുമതി നം. :EE/LSGD/TS/317/14-15 തീ. 18.02.2015

കരാറുടമ്പടി നം : EE/LSGD/318/14-15 തീ.27.03.2015

അളവുപുസ്തകം : 470/14-15

കരാറുകാരൻ : ശ്രീ.എം.പി.ഉഫൈൽ

ചെക്യാട് ഗ്രാമപഞ്ചായത്തിലെ കളത്തിക്കണ്ടി മുക്ക് - പുല്ലാച്ചിറക്കുന്ന് റോഡ് നിർമ്മാണ പ്രവൃത്തിയുള്ള പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1. ചെക്യാട് ഗ്രാമപഞ്ചായത്തിന്റെ 10.02.2015 ലെ 15/2015(3) നമ്പർ തീരുമാനപ്രകാരം പ്രസ്തുത റോഡ്, പ്രവൃത്തിയ്ക്കായി ജില്ലപഞ്ചായത്തിന് കൈമാറിക്കാണുന്നു. എസ്റ്റിമേറ്റ് പ്രകാരം സൈഡ് കെട്ട്, ഡ്രെയിനേജ്, സോളിംഗ്, മെറ്റലിംഗ്, ടാറിംഗ് ഉൾപ്പടെ പുതിയ റോഡിന്റെ നിർമ്മാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാകുന്നു. പ്ലാൻ ഫണ്ട് (ജനറൽ) വകയിരുത്തി നിർവ്വഹണം നടത്തിയ മേൽ റോഡ് എന്തടിസ്ഥാനത്തിലാണ് ജില്ലപഞ്ചായത്ത് ഏറ്റെടുത്ത് നടത്തിയതെന്ന് വ്യക്തമല്ല. 8 മീറ്റർ വിസ്തൃതിയുള്ള ഗ്രാമപഞ്ചായത്തിന്റെ റോഡുകൾ ആവശ്യമെങ്കിൽ ജില്ലാപഞ്ചായത്തിന് ഏറ്റെടുക്കാമെന്ന് ആസൂത്രണ മാർഗ്ഗരേഖയിൽ സൂചിപ്പിക്കുന്നുണ്ടെങ്കിലും, പുതിയറോഡ് എന്നതും, റോഡിന് മേല്പറഞ്ഞ വിസ്തൃതിയില്ല എന്നതും ഇതിന് തടസ്സമാകുന്നുണ്ട്.
2. റോഡിന്റെ കണക്ടിവിറ്റി പ്ലാൻ ഫയലിൽ ലഭ്യമായത് അപൂർണ്ണമാണ്. പ്ലാൻ പ്രകാരം, പുളിയാവ് ചെക്യാട് റോഡിൽ നിന്നും ആരംഭിക്കുന്ന റോഡ് എവിടെ അവസാനിക്കുന്നു എന്നോ ഏത് റോഡുമായി ബന്ധിപ്പിക്കുന്നുവെന്നോ വ്യക്തമാക്കിയിട്ടില്ല. കൂടാതെ അപൂർണ്ണവും സമഗ്രതയില്ലാത്തതുമായ എസ്റ്റിമേറ്റ് റിപ്പോർട്ടിലും ഇക്കാര്യങ്ങൾ വ്യക്തമാക്കിയിട്ടില്ല. പഞ്ചായത്ത് രാജ് നിയമം പ്രകാരം മേജർ റോഡുകളാണ് ജില്ലപഞ്ചായത്ത് ഏറ്റെടുക്കേണ്ടത് എന്നിരിക്കെ, റോഡിന്റെ കണക്ടിവിറ്റി വ്യക്തമാക്കാത്തത് വിശദീകരിക്കപ്പെടേണ്ടതാണ്.
3. പ്രവൃത്തിയുടെ ഇനം.4 എക്സ്ട്രാ ഇനം 1 എന്നിവ പ്രകാരം 68 മീറ്റർ നീളത്തിലും 3.5 മുതൽ 5 മീറ്റർ വരെ വീതിയിലും 20 cm കനത്തിലും റോഡ് കോൺക്രീറ്റ് പ്രവൃത്തി നടത്തിയിട്ടുണ്ട്. റോഡിന്റെ ഉയരം കാരണം റോളർ ഉരുട്ടാൻ പ്രയാസമായതിനാലാണ് ഇപ്രകാരം ചെയ്തതെന്ന് പുതുക്കിയ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. സുഗമമായ ഗതാതതം ഉറപ്പുവരുത്തുന്നതിനും നിർമ്മാണ ചെലവ് കുറയ്ക്കുന്നതിനും റോഡിന്റെ ഉയരം കുറയ്ക്കാൻ നടപടി സ്വീകരിക്കാതെ ചെലവേറിയ കോൺക്രീറ്റ് പ്രവൃത്തി ചെയ്തത് വിശദീകരിക്കപ്പെടേണ്ടതാണ്. കൂടാതെ റോഡ് കോൺക്രീറ്റിന്റെ കനം പരമാവധി 17 cm മതിയെന്ന് ചീഫ് എഞ്ചിനീയർ നിർദ്ദേശിച്ചിരിക്കെ 20 cm കനം നല്കി അധികചെലവ് വരുത്തിയതും വിശദീകരിക്കേണ്ടതാണ്.
4. പ്രവൃത്തിയുടെ ഇനം 7 ആയി ഡ്രെയിനേജ് ആവശ്യാർത്ഥം 53 മീറ്റർ നീളത്തിൽ 600 mm വ്യാസമുള്ള RCC പൈപ്പ് സ്ഥാപിച്ചതിന് 2,531/-രൂപ/m നിരക്കിൽ 1,44,267/- രൂപ നല്കിയിട്ടുണ്ട്. എന്നാൽ മേൽ നിരക്ക് കണക്കാക്കിയതിന്റെ ഡാറ്റാ ഓഡിറ്റിൽ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.
5. കരാറുടമ്പടി പ്രകാരം പ്രവൃത്തി 29.07.2015 ന് പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് 30.12.2015 നാണ്. മഴമൂലമാണ് പ്രവൃത്തി നീണ്ടുപോയതെന്നും ആയതിനാൽ പിഴ ഈടാക്കാതെ സമയം ദീർഘിപ്പിക്കണമെന്നും ആവശ്യപ്പെട്ടതിനെ തുടർന്ന് കരാറുകാരന് പിഴ ഈടാക്കാതെ 30.12.2015 വരെ സമയം

അനുവദിച്ചു. ജൂൺ മാസത്തോടെ മഴക്കാലം ആരംഭിക്കുമെന്ന് മുൻകൂട്ടി കാണാമെന്നതിനാൽ ഇക്കാരണത്താൽ പിഴ ഈടാക്കാതെ സമയം അനുവദിച്ചത് വിശദീകരിക്കേണ്ടതാണ്. PWD മാന്വൽ പ്രകാരം കരാറുകാരന്റെ പിഴവുമൂലമാണെങ്കിൽ പിഴ ഈടാക്കി പരമാവധി പ്രവൃത്തിയ്ക്കനുവദിച്ച സമയത്തിന്റെ 50% മാത്രമാണ് അനുവദിക്കാവൂ എന്നിരിക്കെ 100% സമയം അനുവദിച്ചത് വിശദീകരിക്കേണ്ടതാണ്. നിയമാനുസൃത പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

മേൽ വിവരിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 6,37,741/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-24 പുതിയ റോഡിന്റെ നിർമ്മാണം - സൈഡ് ഫോർമേഷന് തുക നൽകി.

നിർവ്വഹണം: അസി.എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന റോഡുകളിൽ സോളിംഗിനു മേൽ മെറ്റലിംഗ്, ടാറിംഗ് പ്രവൃത്തികളാണ് നടത്തിയത്. പുതിയ റോഡുകളുടെ നിർമ്മിതിയാണ് നടത്തിയതെങ്കിലും ഇരു റോഡുകളുടെ കാര്യത്തിലും റോഡിന്റെ വശങ്ങളിൽ മണ്ണിട്ട് ഫോം ചെയ്തതിന് തുക തുക നൽകിയിട്ടുണ്ട്. കേരള സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ പ്രകാരം മെറ്റലിംഗ് നടത്തുന്ന റോഡുകളുടെ ഇരുവശവും ഒരു മീറ്റർ വീതിയിൽ അല്ലെങ്കിൽ ഓടവരെ ഏതാണോ കുറവ് അത്രയും ഭാഗം റോഡിന്റെ ഷോൾഡർ സെക്ഷണിംഗ് നടത്തി തയ്യാറാക്കുന്നതിനുള്ള നിരക്ക് മെറ്റലിംഗ് നടത്തുന്നതിന് കരാറുകാർക്ക് അനുവദിച്ചിട്ടുള്ള യൂണിറ്റ് നിരക്കിൽ ഉൾപ്പെടുന്നതാണ്. പ്രൊജക്ടുകൾ പ്രകാരം മെറ്റലിംഗ് നടന്നിട്ടുള്ളതിനാൽ ഷോൾഡർ സെക്ഷണിംഗ് പ്രത്യേകം ചെയ്ത് തുക വിനിയോഗിച്ചത് ശരിയല്ല. 3 പ്രവൃത്തികൾക്കുമായി ഈയിനത്തിൽ വിനിയോഗിച്ച 55,650/- രൂപയുടെ ചെലവ് അംഗീകരിക്കാവുന്നതല്ല.

| ക്രമ നം | പ്രവൃത്തിയുടെ പേര്, നം, കരാർ തിയ്യതി, സാങ്കേതികാനുമതി ലഭിച്ച തിയ്യതി, എസ്റ്റിമേറ്റ് തുക | മൂല്യനിർണയം ചെയ്ത തുക, അളവുപുസ്തകം, അവസാനബിൽ തുക, കരാറുകാരൻ | ഇനം നം, ചെയ്ത അളവ് | നല്കിയ തുക |
|---|---|---|---|---|
| 1 | കൊയമ്പ്രത്ത് കണ്ടി കാട്ടാഞ്ഞി റോഡ്, 55/15-16, EE/LSGD/150/15-16 19.11.2015, EE/LSGD/TS/115/15-16 04.082015, 2070000 | 1996807/-, (480/14-15) 1996807/- (ബിൽ നം.333/15-16 തീ.21.03.2016), ശ്രീ.ഹാഫിസ് എം.എ | ഇനം.1 148.8m3 ചെയ്തതിൽ 72m3 | 31,464/- (437/-രൂപ/m3 നിരക്കിൽ) |
| | ആകെ 300 മീറ്റർ നീളത്തിൽ ഇരുവശങ്ങളിലുമായി ചെയ്തു. പ്രവൃത്തിയുടെ ഭാഗമായി 175 മീറ്റർ നീളത്തിൽറീടാറിംഗ് കൂടി നടത്തിയിട്ടുണ്ട്. എന്നാൽ പ്രവൃത്തിചെയ്ത ചെയിനേജ് വ്യക്തമാക്കിയിട്ടില്ല | | | |
| 2 | പുത്തലത്ത് താഴ ഒള്ളോരി താഴ വലകെട്ട് റോഡ്, 133/15-16 EE/LSGD/287/14-15, | 2494187/-, (464/14-15) 869155/-(ബിൽ നം.219/ 15-16 തീ.18.03.2016), | ഇനം.21 565 മീറ്റർ | 21,187/- (375/- രൂപ/ 10m നിരക്കിൽ |

| | | | | |
|---|---|---|---|---|
| | 18.2.15<br>EE/LSGD/TS/74/14-15, 25.9.14<br>27,00,000/- | ശ്രീ.കെ.പി.ഇബ്രാഹിം | | |
| 3 | പെരിങ്ങളം വയൽ നെരോത്ത് റോഡ് -രണ്ടാം ഘട്ടം, 566/16<br>EE/LSGD/180/14-15, 09.01.2015<br>EE/LSGD/TS/286/14-15, 22.12.2014<br>6,00,000/- | 574869/-, (249/14-15)<br>210078/-(ബിൽ നം.442/15-16 തീ.31.03.2016),<br>ശ്രീ.അബ്ദുറഹിമാൻ.വി പി | ഇനം.17<br>92 മീറ്റർ | 2,999/-<br>(326/- രൂപ/10m നിരക്കിൽ |
| | | | ആകെ | 55,650/- |

അധികമായി അനുവദിച്ച തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-25 റോഡ് പ്രവൃത്തികൾക്ക് ക്വാറി മക്ക് ഉപയോഗിച്ചത് - ആവശ്യകത വ്യക്തമാക്കുന്ന രേഖകൾ ഇല്ല.

2015-16 വർഷത്തിൽ നിർവ്വഹണം നടത്തിയ മിക്ക റോഡ് പ്രവൃത്തികളുടെയും കാര്യത്തിൽ റോഡിന്റെ സബ് ഗ്രേഡ് ബലപ്പെടുത്തുന്നതിനായി 15 സെ.മി. വരെയുള്ള കനത്തിൽ ക്വാറി മക്ക് ഫില്ലിംഗ് നടത്തിയിട്ടുണ്ട്. ലക്ഷക്കണക്കിന് രൂപ മേൽ പ്രവൃത്തികളുടെ കാര്യത്തിൽ ക്വാറി മക്ക് ഫില്ലിംഗിനായി വിനിയോഗിച്ചിട്ടുണ്ട്. റോഡ് പ്രവൃത്തികളിൽ ക്വാറിമക്ക് ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച് 26.09.2016 ന് 718974/estt.D4/16/Fin നമ്പർ കത്തു പ്രകാരം അഡീഷണൽ ചീഫ് സെക്രട്ടറി(ഫിനാൻസ്) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് നല്കിയ ക്ലാരിഫിക്കേഷനിൽ, നിലവിലുള്ള മണ്ണിനെ സ്റ്റബിലൈസ് ചെയ്യാനും, സബ് ഗ്രേഡിന്റെ CBR വാല്യൂ മെച്ചപ്പെടുത്താനും ക്വാറി മക്ക് ഉപയോഗപ്പെടുത്താമെന്നും, എന്നാൽ സബ് ബേസിന്റെ CBR വാല്യൂ മെച്ചപ്പെടുത്തേണ്ടതുണ്ടെന്നും, ക്വാറിമക്ക് ഉപയോഗിച്ചാൽ റോഡ് പ്രവൃത്തിയുടെ ആകെ ചെലവിൽ കുറവുണ്ടാകുമെന്നും തെളിയിക്കുന്ന ഡാറ്റാ ക്വാറിമക്ക് ഉപയോഗിക്കാനുള്ള ഏതൊരു പ്രൊപ്പോസലിനും സപ്പോർട്ടിംഗ് ഡോക്യുമെന്റായി ലഭ്യമാക്കണമെന്നും വ്യക്തമാക്കിയിരുന്നു. എന്നാൽ ഇത്തരം യാതൊരു ഡാറ്റായും ഇല്ലാതെയും ക്വാറിമക്ക് ഉപയോഗിക്കേണ്ടി വരുന്നതിന്റെ ആവശ്യകത വ്യക്തമാക്കാതെയുമാണ് ക്വാറിമക്ക് ഉപയോഗിച്ചിരിക്കുന്നത്. പഞ്ചായത്ത് ഫണ്ടിൽ നിന്നും അനാവശ്യ ചെലവു വരുമെന്നതിനാൽ ഇക്കാര്യത്തിൽ വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-26 കോൺക്രീറ്റ് പ്രവൃത്തികൾക്ക് അധിക നിരക്ക് നൽകി.

2015-16 വർഷം പൂർത്തിയാക്കിയ താഴെ കൊടുത്ത റോഡ് പ്രവൃത്തിയിൽ ഒരിനം 1:2:4 അനുപാതത്തിൽ 20 മി.മീ മെറ്റൽ ഉപയോഗിച്ച് കോൺക്രീറ്റ് ആണ്. ഇതിന് ഒരു ഘനമീറ്ററിന് 7953.46 രൂപയാണ് അനുവദിച്ചത്. ഡൽഹി ഷെഡ്യൂൾ നിരക്ക് 2014 പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിന് കോഴിക്കോടിന്റെ കോസ്റ്റ് ഇൻഡക്സായ 1.381 ഉൾപ്പെടെയാണ് നിരക്ക് കണക്കാക്കിയത്. റോഡ് കോൺക്രീറ്റിന് എടുക്കേണ്ട ഡി.എസ്.ആർ കോഡ് 4.1.3 ന് പകരം ഫ്ലോറിംഗിന് ഉപയോഗിക്കുന്ന കോഡ് ആയ 11.7 എടുത്ത് എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാലാണ് മേൽ കാണിച്ച നിരക്ക് കരാറുകാർക്ക് അനുവദിക്കാനിടയായത്. കോഡ് 4.1.3 പ്രകാരമുള്ള നിരക്ക് അനുവദിച്ചാൽ ഒരു ഘനമീറ്ററിന് 5466.3

രൂപയും അതിന്റെ 1.381 കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെ 7548 .96 രൂപയ്ക്ക് മാത്രമേ കരാറുകാരന് അർഹതയുള്ളൂ. ഗുണഭോക്തൃ കമ്മറ്റികളാണ് പ്രവൃത്തി നടത്തുന്നതെങ്കിൽ അനുവദിച്ചത് 6916 രൂപയും അനുവദിക്കേണ്ടത് 6564 .29 രൂപയുമാണ്.

നിരക്ക് അധികം നൽകിയതിലൂടെ ഈയിനത്തിന് അധികം നൽകിയ തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമനം | പ്രവൃത്തിയുടെ വിവരം | ചെയ്ത ഇനം/ വോള്യം | അനുവദിച്ച തുക | പരമാവധി കനത്തിൽ 0.075 അനുവദിക്കേണ്ട തുക | അധികം |
|---|---|---|---|---|---|
| 1 | ഉറുമി പഴയപൂവാറൻ തോട് റോഡ് (കൂടരഞ്ഞി ഗ്രാ.പ) 634/16(പ്രൊ.നം) 124/15-16 (എം.ബുക്ക്നമ്പർ ) കരാറുകാരൻ- ഗോപാലകൃഷ്ണൻ ബിൽ നം.-181/14.3.16 തുക-879034/- | 1:2:4 69.24 ഘ.മീ | $\frac{5X(3.6+3)X0.10}{2}$ =1.65 225.3X3X0.10= 69.24 69.24X7953.46 =550697.57 | $\frac{5X(3.6+3)X0.075}{2}$ = 1.24 225.3X3X0.075 = 50.69 51.93X 7548 .96 =392017.49 | 158680 |
| 2 | ചമ്മിൽ മീത്തൽ കോളനി റോഡ് 877/16 365/14-15 (എം.ബുക്ക്നമ്പർ ) കരാറുകാരൻ- പി.സുഗുണൻ ബിൽ നം.-397/31.3.16 തുക-1731639/- | 1:2:4 33.59 ഘ.മീ | 33.59 x 7953.46 = 267156.72 | 33.59 X 7548 .96 =253569.56 | 13587 |
| | | | | | 172267 |

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ് 28.9.15 ന് കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറി/സൂപ്രണ്ടിംഗ് എഞ്ചിനീയർ എന്നിവർക്ക് അയച്ച ഡി.ബി4-9099/2015/സി.ഇ/തസ്വഭവ നമ്പർ കത്തിൽ, ചെറിയ റോഡ് പ്രവൃത്തികൾ അടിയന്തിര മായി ചെയ്യേണ്ടുന്ന പക്ഷം ഡി.എസ്.ആർ.കോഡ് 16.42 പ്രകാരം സി.സി 1:2:4 ചെയ്യാമെന്നും അല്ലാത്തപക്ഷം വാഹനഗതാഗതം ഉള്ള റോഡുകൾക്ക് സി.സി 1:4:8 ന് 10 മുതൽ 15 സെന്റീ മീറ്റർ വരെ ഘനത്തിലും 1:2:4 ന് 5 മുതൽ 7.5 സെന്റീമീറ്റർ വരെ ഘനത്തിലുമാണ് ചെയ്യേണ്ടത് എന്ന് വ്യക്തമാക്കുന്നു. എന്നാൽ മേൽ കാണിച്ചതിൽ ചില റോഡ് പ്രവൃത്തികളിൽ 1 :2 :4 പരമാവധി ഘനമായ 7.5 സെ.മീറ്ററിലും ചിലത് 10cm ഘനത്തിലും ആണ് ചെയ്തത്. വാഹന ബാഹുല്യത്തിന് അനുസൃതമായിരിക്കണം 1:2:4 ന്റെ ഘനത്തിലുള്ള വ്യതിയാനമെന്ന് ചീഫ് എഞ്ചിനീയർ വ്യക്തമാക്കിയ സാഹചര്യത്തിൽ ഇവിടെ പരമാവധി ഘനത്തിലും അധികവും കോൺക്രീറ്റ് ചെയ്യാനിടയായ സാഹചര്യം വിശദീകരിക്കേണ്ടതുമാണ്. അധികം നൽകിയ 172267/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തിരിച്ചു പിടിക്കേണ്ടതാണ്.

## **3-27** <u>എച്ച്.എം.സി.യിൽ നിന്ന് ചെലവഴിക്കാൻ തീരുമാനിച്ച തുക ജില്ലപഞ്ചായത്ത് ചെലവഴിച്ചു - ഇരട്ടിപ്പ് പരിശോധിക്കപ്പെട്ടിട്ടില്ല.</u>

പ്രോജക്ട് ജില്ല ആശുപത്രി - വടകര അറ്റകുറ്റപ്പണി

അടങ്കൽ വികസന ഫണ്ട് -10,00,000

ചെലവ് -7,86,349/- ബിൽ.449/15-16 31.3.16

എം.ബുക്ക് - 141/15-16

വടകര ജില്ല ആശുപത്രിയുടെ ഇടിഞ്ഞുവീണ ചുറ്റമതിൽ പുനർ നിർമ്മിക്കാനും ഡ്രെയിനേജ്. വേസ്റ്റ് പിറ്റ് എന്നിവ നിർമ്മിക്കാനുമാണ് പ്രോജക്ട്. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ D4/General/2015/28.10.15 കത്തിൽ നിലവിലുള്ള 26 മീറ്റർ മതിലിൽ 16 മീറ്ററോളം ഭാഗം പൊളിഞ്ഞു വീണിട്ടുണ്ട്. അടിയന്തിരമായി അപകടാവസ്ഥയിലുള്ള ശേഷിക്കുന്ന 10 മീറ്റർ ഭാഗം കൂടി ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി ഫണ്ടുപയോഗിച്ച് പൊളിച്ചു മാറ്റുന്നതിനും പുനർ നിർമ്മിക്കാനുള്ള ചെലവ് ജില്ലാപഞ്ചായത്ത് വഹിക്കുന്നതിനും അപേക്ഷിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തി ഫയൽ പരിശോധിച്ചതിൽ ഇനം 1,2 ആയി മതിൽ പൊളിച്ചു മാറ്റുന്നതിന് 48,092/-, 6,780/- എന്നിങ്ങനെ 54,872 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. എച്ച് എം സി ഫണ്ടിൽ നിന്നും ചെലവഴിക്കാൻ ഉദ്ദേശിച്ച പ്രവൃത്തിക്ക് ജില്ലാപഞ്ചായത്ത് തുക ചെലവഴിക്കാനുണ്ടായ കാരണവും എച്ച് എം സി ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച വിവരവും ഫയലില്ല. മേൽക്കാര്യം പരിശോധിച്ച് രേഖകൾ സഹിതം മറുപടി നല്കേണ്ടതാണ്. 54,872/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-28 പാറക്കുന്നത്ത് കുടിവെള്ള പദ്ധതി തയ്യാറാക്കിയതിലേയും നിർവ്വഹണത്തിലേയും അപാകതകൾ.

നിർവ്വഹണം : അസി.എക്സി. എഞ്ചിനീയർ

എസ്റ്റിമേറ്റ് തുക : 15,00,000/-

ആകെ പ്രവൃത്തിമൂല്യം : 10,97,235/-

അവസാനബിൽ തുക : 9,97,235/- ബിൽ നം. 353/15-16 തീ. 25.03.2016

സാങ്കേതികാനുമതി നം : EE/LSGD/TS/78/14-15 തീ.25.09.2014

കരാറുടമ്പടി നം :EE/LSGD/170/14-15 തീ.06.01.2014

കൺവീനർ : ശ്രീ.സദാനന്ദൻ

അളവു പുസ്തകം : 47214-15

പനങ്ങാട് ഗ്രാമപഞ്ചായത്തിലെ വാർഡ് 20 ലെ കാവുംകുന്ന്, പാറക്കുന്ന് എന്നീ ഭാഗങ്ങളിലേക്ക് കുടിവെള്ളമെത്തിക്കുന്നതിനായി വിഭാവനം ചെയ്ത പ്രൊജക്ട്, തയ്യാറാക്കുന്നതിലും നിർവ്വഹണം നടത്തി തുക നൽകുന്നതിലും അപാകതകൾ സംഭവിച്ചിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

1. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 166(1) പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ചുമതലയാണ് ഗ്രാമപഞ്ചായത്തിനകത്തുള്ള ജലവിതരണ പദ്ധതികളുടെ നടത്തിപ്പ്, പദ്ധതികൾക്ക് സംവിധാനമേർപ്പെടുത്തുക എന്നത്. മേൽ നിയമം വകുപ്പ് 173 (1) പ്രകാരം ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ ജലവിതരണ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുക എന്നതാണ് ജില്ലപഞ്ചായത്തുകളുടെ ചുമതല. പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായാണ് മേൽ പദ്ധതി ഏറ്റെടുത്തിട്ടുള്ളത്.
2. നിലവിലുള്ള കുളം ജലസ്രോതസ്സായി കണ്ടുകൊണ്ട് വിഭാവനം ചെയ്ത പ്രൊജക്ടു പ്രകാരം ഗ്രൗണ്ട് ലെവൽ ടാങ്ക്, പമ്പിംഗ് മെയിൻ, വിതരണലൈൻ എന്നിവ സ്ഥാപിക്കുന്നതിനുള്ള തുക മാത്രമാണ് വകയിരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. മോട്ടോർ, ഇലക്ട്രിഫിക്കേഷൻ പമ്പ് ഹൗസ് തുടങ്ങിയ അനുബന്ധപ്രവർത്തനങ്ങൾ നടത്താത്തതിനാൽ ഓഡിറ്റ് വർഷത്തിൽ 10.97 ലക്ഷം മുടക്കിയിട്ടും പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ലായെന്ന് വ്യക്തമാണ്.
3. 953/16 നമ്പറായി പാറക്കുന്നത്ത് കുടിവെള്ള പദ്ധതി രണ്ടാം ഘട്ടം എന്ന പേരിൽ 15-16 വർഷത്തിൽ 10 ലക്ഷം രൂപ വകയിരുതത്തി പ്രൊജക്ടിന് അംഗീകാരം വാങ്ങിട്ടുണ്ട്. പ്രൊജക്ട് റിപ്പോർട്ടിൽ കുഴിക്കാടൻകുന്ന് ഭാഗത്തേക്ക് ടാങ്ക്, പമ്പിംഗ് മെയിൻ, വിതരണലൈൻ എന്നിവ സ്ഥാപിച്ചിട്ടുണ്ടെന്നും പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി പാറക്കുന്നത്ത് ഭാഗത്തേക്ക് നിലവിലുള്ള ടാങ്കിലേക്ക് പമ്പിംഗ് മെയിൻ, വിതരണലൈൻ എന്നിവ സ്ഥാപിക്കുന്നതിനും കൂടുതൽ ജലലഭ്യതയ്ക്ക് വേണ്ടി നിലവിലുള്ള കുളത്തിൽ കോൺക്രീറ്റ് കിണർ നിർമ്മിക്കുന്നതിനുമാണ് പ്രൊജക്ട് വിഭാവനം ചെയ്തതെന്നും വ്യക്തമാക്കുന്നു. ആദ്യ പ്രൊജക്ടിന്റെ റിപ്പോർട്ടിൽ പദ്ധതിയുടെ ഭാഗമായി പദ്ധതി പ്രദേശത്തിന്റെ ഒരു ഭാഗത്തു മാത്രമാണ് പ്രവൃത്തികൾ ചെയ്യുന്നതെന്ന് വ്യക്തമാക്കിയിട്ടില്ല. കൂടാതെ ആദ്യ റിപ്പോർട്ടിൽ കാവുംകുന്ന്, പാറക്കുന്ന് ഭാഗങ്ങളിലേക്കുള്ള പദ്ധതിയാണെന്നാണ് സൂചിപ്പിച്ചതെങ്കിലും രണ്ടാമത്തെ പ്രൊജക്ടിന്റെ റിപ്പോർട്ടിൽ

ആദ്യ പദ്ധതിയിൽ കുഴിക്കാടൻകുന്ന് ഭാഗത്തേക്കുള്ള പ്രവൃത്തികളാണ് പൂർത്തീകരിച്ചതെന്ന് വ്യക്തമാകുന്നു. പദ്ധതി പ്രദേശവുമായി ബന്ധപ്പെട്ട് മേല്പറഞ്ഞ അവ്യക്തത വിശദീകരിക്കേണ്ടതാണ്. കൂടാതെ രണ്ടാമത്തെ പ്രൊജക്ട് ഓഡിറ്റ് വർഷത്തിൽ നിർവ്വഹണം ആരംഭിക്കാത്തത് ലക്ഷ്യപ്രാപ്തി ഉടനൊന്നും സാധ്യമല്ലെന്ന് വ്യക്തമാക്കുന്നു.

4. പന്ത്രണ്ടാം പദ്ധതി ആസൂത്രണ/സബ്സിഡി മാർഗ്ഗരേഖയിൽ കുടിവെള്ള പദ്ധികളുടെ നിർവ്വഹണച്ചെലവിന്റെ 10% ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുക്കണമെന്ന് വ്യക്തമാക്കുന്നു. എന്നാൽ 10.97 ലക്ഷം രൂപ ചെലവുവന്ന പദ്ധതിയുടെ കാര്യത്തിൽ യാതൊരു തുകയും ഗുണഭോക്തൃ വിഹിതമായി പ്രൊജക്ടിന്റെ ധനകാര്യ വിശകലനത്തിൽ ഉൾപ്പെടുത്തുകയോ പിരിച്ചടുക്കുകയോ ചെയ്തിട്ടില്ല. 1,09,723/- രൂപയുടെ അധികച്ചെലവ് ഇതുമൂലം സ്ഥാപനത്തിനുണ്ടായിട്ടുണ്ട്.
5. പ്രവൃത്തിയ്ക്കായി ഗുണഭോക്തൃ സമിതി ബാങ്ക് അക്കൗണ്ട് തുടങ്ങിയിട്ടുണ്ടെങ്കിലും ഇനീഷ്യൽ ഡെപ്പോസിറ്റല്ലാതെ മറ്റ് ഇടപാടുകൾ ബാങ്ക് അക്കൗണ്ടിലൂടെ നടത്തിയിട്ടില്ല.

പഞ്ചായത്ത് രാജ് നിയമം പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പാക്കേണ്ട പദ്ധതികളുടേയും വികസന പരിപാടികളുടേയും നടത്തിപ്പ് ഗ്രാമപഞ്ചായത്തുകളുടെ ചുമതലയുമാണ്. എന്നാൽ ആയതിനു പകരം ജില്ലാപഞ്ചായത്ത് നിയമപ്രകാരം ചുമതലയിൽ പെടാത്ത ഇനത്തിന് തുക ചെലവഴിച്ചത് ക്രമത്തിലല്ല. ചെലവ് തുക 9,97,235/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-29 കൃത്യമായ രേഖകളില്ലാതെ പ്രവൃത്തിക്ക് തുക കൈമാറി, വിനിയോഗ വിവരമില്ല.

180/15, ചേലൂർ തടായി കുടിവെള്ള പദ്ധതി - കുന്ദമംഗലം ഗ്രാമപഞ്ചായത്ത്

അടങ്കൽ – 20 ലക്ഷം

ചെലവ് – 20 ലക്ഷം 40/15-16 17.8.15

കുന്ദമംഗലം ഗ്രാമപഞ്ചായത്തിലെ ചേലൂർതടായി കുടിവെള്ള പദ്ധതിക്കായി കേരളാ വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്യുകയാണ് പ്രോജക്ട് ലക്ഷ്യം ആയതിനായി 2014-15 ൽ 10 ലക്ഷം രൂപയും 2015-16 ൽ 20 ലക്ഷം രൂപയുമടക്കം 30 ലക്ഷം രൂപയും കൂടാതെ മറ്റൊരു പ്രോജക്ട് വഴി 20 ലക്ഷം രൂപയുമടക്കം ആകെ 50 ലക്ഷം രൂപ നാളിതു വരെ കൈമാറിക്കഴിഞ്ഞു. (മേൽപറഞ്ഞ പ്രോജക്ട് കൂടാതെ 933/16 നമ്പരായി ചേലൂർ കുടിവെള്ള പദ്ധതി അനുബന്ധ ചെലവുകൾക്കായി 20 ലക്ഷം രൂപ (SCP) ചെലവഴിച്ചു. (ട്രഷറി ബിൽ നം. 418/15-16 തിയ്യതി 31.03.2016) പ്രോജക്ട് ഫയൽ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.) സംയുക്ത പ്രോജക്ടുകളുടെ നടത്തിപ്പിന് പദ്ധതി നടപ്പാക്കുന്ന സ്ഥാപനം പദ്ധതിക്കായി ഫണ്ട് കൈമാറുന്ന സ്ഥാപനത്തിനു നല്കേണ്ട താഴെ പറയുന്ന രേഖകൾ ഫയലിനോടൊപ്പം ലഭ്യമാക്കിയിട്ടില്ല.

1. പ്രവൃത്തിയ്ക്കായി വാട്ടർ അതോറിറ്റിയുമായി വച്ച കരാറിന്റെ പകർപ്പ്.
2. പ്രവൃത്തി എസ്റ്റിമേറ്റ് പകർപ്പ്.
3. പ്രവൃത്തി നടപ്പിലാക്കുന്ന കുന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ പ്രോജക്ട്.
4. പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭ്യമായതിന്റെ വിവരം
5. തുക ഫലപ്രദമായി വിനിയോഗിച്ചതിനുള്ള വിനിയോഗ സർട്ടിഫിക്കറ്റും നാളിതു വരെയുള്ള പ്രോജക്ട് പൂർത്തീകരണ വിവരവും.

സാങ്കേതികാനുമതി ലഭ്യമാകാതെയും മറ്റ് രേഖകളുടെ അഭാവത്തിലും 50 ലക്ഷം രൂപ കരാർ വയ്ക്കാതെ കൈമാറിയതിനും പൂർത്തീകരണ വിനിയോഗവിവരങ്ങൾ ലഭ്യമാക്കാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അപാകതകളുടെ അടിസ്ഥാനത്തിൽ 2015-16 ലെ 40 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-30 പൊളിച്ചുമാറ്റിയ സാധനങ്ങളുടെ വില നിശ്ചയിച്ച് ലേലം ചെയ്തില്ല.

പ്രോജക്ട് -656/16 ജിഎച്ച്എസ്എസ് മടപ്പള്ളി അറ്റകുറ്റപ്പണി - അഴിയൂർ ഗ്രാമപഞ്ചായത്ത്

അടങ്കൽ – 10 ലക്ഷം മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)

എംബുക്ക് – 147/14-15

ചെലവ് – 957507/- (195/15-16, 18.03.2016)

സ്കൂൾ അറ്റകുറ്റപ്പണിക്കായി നിലവിലുള്ള മേൽക്കൂര പൊളിച്ച് മാറ്റിയിട്ടുണ്ട്. എം ബുക്ക് പ്രകാരം 2056.81 കിലോ ട്രസ്സ്, 281.87 എം$^2$ റൂഫിങ്ങ് ഷീറ്റ് എന്നിവ പൊളിച്ച് മാറ്റുന്നതിന് ആകെ 15597/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ പൊളിച്ച് മാറ്റിയ മേൽ സാധനങ്ങളുടെ വില നിശ്ചയിക്കുകയോ ആയത് ലേലം ചെയ്ത് കൊടുത്തതായോ ഉള്ള വിവരം ഫയലിൽ ലഭ്യമല്ല. അപാകതയുടെ അടിസ്ഥാനത്തിൽ 957507/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-31 വികസന ഫണ്ട് ഉപയോഗിച്ച് 10 ലക്ഷത്തിൽ കുറഞ്ഞ തുകയുള്ള പ്രൊജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കി.

തൻവർഷം വികസന ഫണ്ട് ഉപയോഗിച്ച് പൂർത്തിയാക്കിയ മാരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ 10 ലക്ഷത്തിലും കുറഞ്ഞ അടങ്കലുള്ള പ്രവൃത്തികളും ഏറ്റെടുത്ത് നിർവ്വഹണം നടത്തിയതായി കാണുന്നു. സ.ഉ (എം.എസ്)നം. 362/2013 / തസ്വഭവ തീ. 16/11/13 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി ആസൂത്രണ മാർഗ്ഗരേഖ ഖണ്ഡിക 11-13 (xv) (ബി) പ്രകാരം ജില്ലപഞ്ചായത്തുകൾക്ക് വികസന ഫണ്ടുപയോഗിച്ച്, കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവൃത്തികൾക്കും വാങ്ങലുകൾക്കും ജില്ല പഞ്ചായത്തുകൾക്ക് സർക്കാർ കൈമാറി നൽകിയ റോഡുകളിൽ പൂർത്തീകരണ പ്രവൃത്തികൾ ഒഴികെ, മറ്റ് പ്രവൃത്തികൾക്ക് 10 ലക്ഷം രൂപയിൽ കുറഞ്ഞ അടങ്കലുള്ള പ്രൊജക്ടുകൾ തയ്യാറാക്കാൻ അനുവാദമില്ല. മാനദണ്ഡങ്ങൾ പാലിക്കാതെ വികസന ഫണ്ട് ഉപയോഗിച്ച് 10 ലക്ഷം രൂപയിലും കുറഞ്ഞ തുകയുള്ള എസ്റ്റിമേറ്റ് ഉണ്ടാക്കി നിർവ്വഹണം നടത്തിയ പ്രവൃത്തികൾക്ക് ചില ഉദാഹരണങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | അടങ്കൽ | ചെലവ് തുക |
|---|---|---|---|
| 1 | പറമ്പിൽബസാർ ചാലിലി താഴം ഊട്ടുകുളം റോഡ് കൾവർട്ട് നിർമ്മാണം -കുരുവട്ടൂർ പഞ്ചായത്ത്, 155/16 | 7,00,000 | 6,13,799 |
| 2 | പൂവ്വാട്ട് പറമ്പ് മുണ്ടക്കൽ കുരുക്കത്തൂർ റോഡ്, 162/16 | 8,00,000 | 7,73,026 |
| 3 | ആനവാതുക്കൽ മാണിക്കോത്ത് താഴെ റോഡ്- ഉള്ള്യേരി, 168/16 | 8,66,865 | 6,89,187 |
| 4 | ഇന്ദിരാഗാന്ധി മിനി സ്റ്റേഡിയം ചേളന്നൂർ ബ്ലോക്ക്, 198/16 | 5,75,000 | 5,71,015 |
| 5 | പൂവ്വോട്ട് കുടിവെള്ള പദ്ധതി - തിരുവള്ളൂർ, 823/16 | 5,00,000 | 5,00,000 |

സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതികൾക്ക് തുക വകയിരുത്തി ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-32 ശരിയായ പരിശോധന നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നു.

തൻവർഷം ജില്ലപഞ്ചായത്ത് പൂർത്തിയാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ ശരിയായ സ്ഥലപരിശോധന നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കുക വഴി, പ്രവൃത്തി ആരംഭിക്കുന്ന ഘട്ടത്തിൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടി വരികയും പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കാലതാമസവും ജില്ലപഞ്ചായത്തിന് ധനനഷ്ടവും ഉണ്ടാക്കുന്ന പ്രവർത്തികൾ ഉള്ളതായി കാണുന്നു. 2012 ലെ കേരള പൊതുമരാമത്ത് മാന്വൽ (ജി.ഒ (പി)13/2012/പി.ഡബ്ല്യു.ഡി. തീ.

01/02/2012)സെക്ഷൻ 1402-ൽ ഒരു മരാമത്ത് പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, ഡിസൈൻ എന്നിവ തീർച്ചപ്പെടുത്തുന്നതിന് മുമ്പ് ശരിയായ സ്ഥലപരിശോധന (investigation)നടത്തേണ്ടതും തെറ്റായ ഡാറ്റയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റ് ധന നഷ്ടവും പ്രവൃത്തി പൂർത്തീകരണത്തിന്റെ കാലതാമസത്തിന് ഇടയാക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരം പ്രവൃത്തികളുടെ ചില ഉദാഹരണങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, നം, അടങ്കൽ തുക, ചെലവഴിച്ച തുക | എഗ്രിമെന്റ് തിയ്യതി, അളവ് പുസ്തകം | റിമാർക്സ് |
|---|---|---|---|
| 1 | കരിക്കലാട് വായനശാല കുമുള്ളിമുക്ക് കേളോത്ത് മുക്ക് വില്യാപ്പള്ളി റോഡ്, 153/15-16, 25,00,000/-, (വികസന ഫണ്ട്) 16,60,383/- (ബിൽനം.162/15-16 തീ.27.02.2016) | 228/14-15 തീ.02/02/15, 232/13-14 , ULCC | 1800 മീറ്റർ റീടാറിംഗ് ചെയ്യാനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. എന്നാൽ, വില്യാപ്പള്ളി പഞ്ചായത്തും ചോറോട് പഞ്ചായത്തും പ്രസ്തുത റോഡിന്റെ കുറേ ഭാഗങ്ങൾ ടാർ ചെയ്തു കഴിഞ്ഞതായും 252 മീറ്റർ മാത്രമാണ് ടാർ ചെയ്യാൻ അവശേഷിക്കുന്നതെന്നും എക്സി.എഞ്ചിനീയർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പുതിയ ഇനങ്ങൾ ഉൾപ്പെടുത്തി 07/07/2015 ന് എസ്റ്റിമേറ്റ് പുതുക്കി. |
| 2 | മണപ്പാട്ടിൽ താഴെ പി.എച്ച്.സി റോഡ് - നൊച്ചാട്, 70/15-16, 20,00,000, (മെയി.ഗ്രാന്റ് ) 17,97,718 (ബിൽ നം. 395/15-16 തീ.31/03/16 – | 124/15-16 തീ.12/11/15, 320/15-16& 322/15-16 ഗോപാലൻ കെ. | 16/01/16ന്എ.ഇ.ഇ. ജില്ലപഞ്ചായത്ത് സെക്രട്ടറിക്കയച്ച കത്തിൽ ഈ റോഡിൽ ഗ്രാമപഞ്ചായത്ത് പ്രവൃത്തി നടത്തിവരുന്നതിനാൽ പുതിയ ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പുതുക്കാൻ അപേക്ഷിച്ചു. 5/02/16ലെ ജില്ലപഞ്ചായത്ത് തീരുമാനത്തിന്റ അടിസ്ഥാനത്തിൽ 15/02/16ന് എസ്റ്റിമേറ്റ് പുതുക്കി. |
| 3 | ആശ്വാസി മൂന്നാം കൈ റോഡ് - കാവിലുംപാറ, 104/2016, 25,00,000, ((മെയി.ഗ്രാന്റ് ) 19,41,791 (ബിൽ നം. 238/15-16 തീ.30/03/16) | 192/15-16 തീ.18/12/15, 77/15-16 അബ്രഹാം പി. തോമസ് | പ്രസ്തുത റോഡിൽ കുന്നുമ്മൽ പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി ചെയ്തു വരുന്നതിനാൽ എക്സി.എഞ്ചിനീയറുടെ ശുപാർശ പ്രകാരം ക്വാറി മക്ക് ഫില്ലിംഗ്, സോളിംഗ് എന്നിവ ഒഴിവാക്കി ഡിപ്പ്, ഐറിഷ് ഡ്രെയിൻ എന്നിവ ഉൾപ്പെടുത്തി 07/01/16 ന് എസ്റ്റിമേറ്റ് പുതുക്കി. |

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 173 (1) വകുപ്പ് അഞ്ചാം പട്ടികയിലെ മേഖല ചുമതല (X) പ്രകാരം മേജർ ജില്ല റോഡുകൾ ഒഴികെയുള്ള ജില്ലപഞ്ചായത്തിൽ നിക്ഷിപ്തമായ എല്ലാ ജില്ല റോഡുകളും നിർമ്മിക്കുകയും സംരക്ഷിക്കുകയും ചെയ്യുക എന്നതാണ് ജില്ലപഞ്ചായത്തിന്റെ ചുമതല. സ.ഉ (എം.എസ് )നം.362/2013/ത.സ്വ.ഭ.വ തീ.

16.11.2013 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി ആസൂത്രണ മാർഗ്ഗരേഖ അനുബന്ധം Iഖണ്ഡിക 11-15 (v) പ്രകാരം ജില്ലപഞ്ചായത്തുകളുടെ ചുമതലയിലുള്ള എല്ലാ റോഡുകളും പൂർണ ഗതാഗത യോഗ്യമാക്കിയതിനുശേഷം ഗ്രാമപഞ്ചായത്തുകളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട 8 മീറ്റർ വീതിയുള്ള റോഡും നിബന്ധനകൾക്ക് വിധേയമായി മെച്ചപ്പെടുത്തുന്നതിന് ജില്ലപഞ്ചായത്തുകൾക്ക് പ്രൊജക്ട് ഏറ്റെടുക്കാവുന്നതാണ്. എന്നാൽ മേൽപ്പറഞ്ഞ റോഡുകൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതിനുള്ള രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾ പരിഗണിക്കാതെ പ്രൊജക്ടുകൾ തയ്യാറാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-33 പദ്ധതി ഫയലുകൾ പരിശോധനക്കായി ഹാജരാക്കിയില്ല.

ഓഡിറ്റ് വേളയിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികളുടെ ഫയലുകൾ, അനുബന്ധ രേഖകൾ എന്നിവ ആവശ്യപ്പെട്ട കൊണ്ട് ഓഡിറ്റ് റിക്വസിഷൻ നൽകിയെങ്കിലും താഴെ പറയുന്ന 38 ഫയലുകൾ ഓഡിറ്റിനായി ഹാജരാക്കിയില്ല.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ട് പേര് |
|---|---|---|
| 1 | 6/15-16 | പാലത്തുംകുഴി വെള്ളായിക്കോട് റോഡ്, പെരുമണ്ണ |
| 2 | 19/15-16 | വെള്ളത്തായി കലമുണ്ടായി റോഡ്, കാരശ്ശേരി |
| 3 | 49/15-16 | കുരാച്ചുണ്ട് ഓടിക്കണ്ടി ഒട്ടപ്പാലം റോഡ് |
| 4 | 85/15-16 | കോതങ്കൽ മുടക്കല്ലൂർ റോഡ്, അത്തോളി |
| 5 | 138/15-16 | ജി.എച്ച്.എസ്.എസ്. മടപ്പള്ളി ബോയ്സ് ക്ലാസ് റൂം |
| 6 | 142/15-16 | ജി.എച്ച്.എസ്.എസ്. ഓർക്കാട്ടേരി അറ്റകുറ്റപ്പണി |
| 7 | 144/15-16 | ജി.എച്ച്.എസ്.എസ്. പെരുമണ്ണ ക്ലാസ് റൂം രണ്ടാംഘട്ടം |
| 8 | 216/15-16 | ജി.എച്ച്.എസ്.എസ്. കാവിലുംപാറ ലേഡീസ് റെസ്റ്റ് റൂം |
| 9 | 217/15-16 | അമ്പലക്കണ്ടിമുക്ക് ചാത്തോത്ത് റോഡ്, പുറമേരി |
| 10 | 249/15-16 | ആറങ്ങാട്ട് താഴം വണ്ണാറത്ത് താഴം റോഡ്, വില്ല്യാപ്പള്ളി |
| 11 | 344/15-16 | കാരാട്ടുമല കാപ്പുറം കരുമല ലിങ്ക് റോഡ്, ഉണ്ണികുളം |
| 12 | 361/15-16 | കളത്തിൽ മുക്ക് കക്കാട് പള്ളി റോഡ്, ചോറോട് |
| 13 | 374/15-16 | ജി.എച്ച്.എസ്.എസ്. മേപ്പയൂർ കുടിവെള്ള പ്രവൃത്തികൾ |
| 14 | 387/15-16 | ജി.വി.എച്ച്.എസ്.എസ് ആർഇസി പുനരുദ്ധാരണ പ്രവൃത്തികൾ |
| 15 | 389/15-16 | ജി.എച്ച്.എസ്.എസ്. പയ്യോളി പുനരുദ്ധാരണ പ്രവൃത്തികൾ |
| 16 | 400/15-16 | മോഡൽ സ്കൂൾ - ജി.എച്ച്.എസ്.എസ്. പൂനൂര് |
| 17 | 401/15-16 | മോഡൽ സ്കൂൾ - ജി.എച്ച്.എസ്.എസ്. ചോറോട് |

| | | |
|---|---|---|
| 18 | 405/15-16 | ഗേൾസ് ഫ്രണ്ടലി ടോയ് ലറ്റ് - ജി.എച്ച്.എസ്.എസ് കാവിലുംപാറ |
| 19 | 429/15-16 | തടത്തിൽമുക്ക് ചാത്തോത്ത് കണ്ടി കുന്നോത്ത് നട റോഡ്, ചെറുവണ്ണൂർ |
| 20 | 470/15-16 | പാലോറക്കുന്ന് കിഴക്കമ്പറമ്പത്ത് മന്ദരത്തൂര് യൂപി സ്കൂൾ റോഡ്, മണിയൂർ |
| 21 | 481/15-16 | പൊൻമേരി പുതുക്കുടിതാഴെ കണ്ടീങ്കര ലിങ്ക് റോഡ്, ആയഞ്ചേരി |
| 22 | 482/15-16 | ചൂലൂര് മൂലത്തോട് നായർകുഴി റോഡ്, ചാത്തമംഗലം |
| 23 | 508/15-16 | കല്ലാച്ചി ജി.സി.ഐ. അടിസ്ഥാന സൗകര്യം, നാദാപുരം |
| 24 | 524/15-16 | ശ്രീനാരായണ മഠം ഉണ്ടിയിൽമുക്ക് റോഡ്, എടച്ചേരി |
| 25 | 527/15-16 | കടത്തനാടൻ കല്ല് ഞെള്ളോറപള്ളി റോഡ്, കുറ്റ്യാടി |
| 26 | 529/15-16 | ജി.ജി.എച്ച്.എസ്.എസ് ബാലുശ്ശേരി കെട്ടിട നിർമ്മാണം |
| 27 | 533/15-16 | ജി.എച്ച്.എസ്.എസ്. മടപ്പള്ളി ഇലക്ട്രിഫിക്കേഷൻ |
| 28 | 541/15-16 | മുണ്ടോത്ത് ക്ലമുള്ളി റോഡ് രണ്ടാംഘട്ടം ഉള്ള്യേരി |
| 29 | 554/15-16 | വെള്ളിപറമ്പ് കീഴ്മാട് റോഡ് ഒന്നാംഘട്ടം പെരുവയൽ |
| 30 | 575/15-16 | പുത്തൂർവട്ടം തത്തമ്പത്ത് റോഡ് പൂർത്തീകരണം ബാലുശ്ശേരി |
| 31 | 587/15-16 | പുളിക്കമ്പാറ മൊടക്കല്ലൂർ റോഡ് ബാലുശ്ശേരി |
| 32 | 593/15-16 | താമുള്ളവല്ലി വേറം റോഡ് കൾവർട്ട് നരിപ്പറ്റ |
| 33 | 674/15-16 | വി.എച്ച്.എസ്.എസ്. ഓർക്കാട്ടേരി ഇലക്ട്രിഫിക്കേഷൻ |
| 34 | 679/15-16 | ജി.എച്ച്.എസ്.എസ്. അഴിയൂർ ഇലക്ട്രിഫിക്കേഷൻ |
| 35 | 698/15-16 | ജില്ലാ ആയുർവേദ ആശുപത്രി അറ്റകുറ്റപ്പണി |
| 36 | 829/15-16 | മുയിപ്പോത്ത് പാലച്ചുവട് റോഡ് തുറയൂർ |
| 37 | 857/15-16 | തുരുത്തിമുക്ക് വള്ളൂക്കര റോഡ് തിരവള്ളൂര് |
| 38 | 913/15-16 | ജി.എച്ച്.എസ്.എസ്. ആവള കുട്ടോത്ത് അടിയന്തിര അറ്റകുറ്റപ്പണി |

ഓഡിറ്റ് വേളയിൽ ഫയലുകൾ ഹാജരാക്കുന്നതിനായി ഓഡിറ്റർ നിയമനുസൃതമായി രേഖാമൂലം കുറിപ്പുകൾ നൽകുമ്പോൾ സെക്രട്ടറിയുടെ/നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്വമാണ് ബന്ധപ്പെട്ട ഫയലുകൾ പരിശോധനക്കായി ലഭ്യമാക്കുകയെന്നത്. ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, ചട്ടം, 1997 കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും എന്നിവ പ്രകാരം രേഖാമൂലം നൽകിയ അന്വേഷണകുറിപ്പുകൾ/ഓഡിറ്റ് റിക്വസിഷൻ എന്നിവ ഗൗരവത്തോടെ കണക്കിലെടുക്കാതെ ലാഘവത്തോടെ മറുപടികൾ സമർപ്പിക്കുന്നത് ശരിയായ

നടപടിയില്ല. മേൽ വിവരിച്ച ഫയലുകൾ പരിശോധനക്കായി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരം പ്രഥമമറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 3-34 എൽ.എസ്.ജി.ഡി ഓഫീസിന് പുതിയ വാഹനം - പഴയ വാഹനം കയ്യൊഴിഞ്ഞതിന്റെ വിവരമില്ല.

പ്രോജക്റ്റ് - എൽ.എസ്.ജി.ഡി. ഡിവിഷൻ ഓഫീസിൽ വാഹനം വാങ്ങൽ

അടങ്കൽ - 10 ലക്ഷം തനത് ഫണ്ട്

ചെലവ് - 687539/- രൂപ ചെക്ക്നം

കെ.എൽ – 11 -Y – 789 നമ്പരായുള്ള പഴയ വാഹനം റിപ്പയറിംഗ് അധികമായതിനാൽ കണ്ടം ചെയ്ത് പുതിയ വാഹനം വാങ്ങാൻ 17/16 23.03.2016 പ്രകാരം തീരുമാനിച്ചു. പൊതുമരാമത്ത് വകുപ്പ് മെക്കാനിക്കൽ എഞ്ചിനീയറുടെ അൺഎക്കണോമിക്കൽ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടെങ്കിലും കണ്ടം ചെയ്യാനുള്ള അനുമതി ലഭിച്ചിട്ടില്ല. പഴയ വാഹനത്തിന്റെ നിലവിലുള്ള അവസ്ഥയും എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് പുതിയത് വാങ്ങുന്നതിനുള്ള സർക്കാർ അനുമതിയും ലഭ്യമാക്കേണ്ടതാണ്. 6,87,539/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-35 കുത്താളി കൃഷിഫാമിൽ കിണറിൽ പമ്പ്സെറ്റ് സ്ഥാപനവും പൈപ്പ് ലൈനിടുന്ന പ്രവൃത്തിയും-അപാകതകൾ.

ഫയൽ നം.ഡി-189/13

| | |
|---|---|
| പ്രോജക്റ്റ് നം.S0759/16 | അടങ്കൽ -5,06,620(വികസനഫണ്ട് ജനറൽ) |
| എഗ്രിമെന്റ് നം.1/2014-15/7.11.2014 | സാങ്കേതികാനുമതി-6,30,000രൂപ |
| സപ്ലിമെന്ററി എഗ്രിമെന്റ് നം.2/15-16/26.05.2015 | ബിൽനം.36/31.03.2016 (5,06,620രൂപ) |
| എംബുക്ക് നം.236 | ഡിഡിനം.205712/29.6.16(4,31,903രൂപ) |
| കരാറ്കാരൻ-പി.ഹരിദാസ് | ശ്രീ.പി.ഹരിദാസ് |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. പ്രവൃത്തിക്കായി കരാറുകാരന് സ്ഥലം കൈമാറിയത് 07.11.2014നാണ്. പ്രവൃത്തി പൂർത്തീകരിക്കാൻ 3 മാസത്തെ സമയമാണ് നൽകിയത്. അതായത് 06.02.2015ന് പൂർത്തീകരിക്കണം. പിന്നീട് പൂർത്തീകരണ സമയം ദീർഘിപ്പിച്ച് നൽകുകയും സപ്ലിമെന്ററി എഗ്രിമെന്റ് അംഗീകരിക്കുകയും ചെയ്തു. ആയത് പ്രകാരം 02.06.2015 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരണ സമയം 3 മാസമായിരിക്കെ കരാറുകാരന് 4 മാസം നൽകിയതിന്റെ കാരണം വ്യക്തമല്ല. എക്സ്റ്റൻഷൻ നൽകാനുള്ള കാരണവും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. 02.06.2015ന് പൂർത്തിയാക്കാൻ സമയം നൽകിയിട്ടും പ്രവൃത്തി പൂർത്തിയാക്കിയത് 28.03.2016നാണ്. പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ.2112 പ്രകാരം പ്രവൃത്തിയ്ക്ക് നൽകുന്ന സമയത്തിന്റെ 25% വരെയാണ് ഒരു ദീർഘിപ്പിക്കലിന് അനുവദിക്കാവുന്ന പരമാവധി സമയം. ആകെ പ്രവൃത്തി സമയത്തിന്റെ 50%ത്തിൽ കൂടുതൽ ദീർഘിപ്പിക്കുന്നതിന് അനുവാദമില്ല. പൂർത്തീകരണത്തിന് അനുവദിച്ച സമയത്തിന്റെ 50% നൽകിയിട്ടും പ്രവൃത്തി പൂർത്തിയാക്കിയില്ലെങ്കിൽ ടെണ്ടർ റദ്ദാക്കുകയും വീഴ്ച വരുത്തിയ കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ പ്രവൃത്തി പൂർത്തിയാക്കാനുമാണ് മാന്വലിൽ നിഷ്കർഷിച്ചിട്ടുള്ളത്. പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി 3 മാസം പൂർത്തീ കരണസമയം നൽകിയ പ്രവൃത്തിക്ക് 9 മാസത്തിലധികം സമയമെടുത്താണ് പൂർത്തീകരിച്ചത്. പിഴയായി 44,320/- രൂപയാണ് ഈടാക്കിയത്. 3 മാസത്തിന്റെ 25%ആയ 22.5 ദിവസത്തേക്ക് കോൺട്രാക്റ്റ് തുകയുടെ 1%വും പിന്നീട് ദീർഘിപ്പിച്ച കാലയളവിലേക്ക് 2%വുമാണ് ഈടാക്കേണ്ടത്. 22.5ദിവസത്തേക്ക് 6,300/- രൂപയും (630000x1%=6300) പിന്നീടുള്ള ഓരോ 22.5 ദിവസത്തേക്കും 12,600/- രൂപയുമാണ് (630000x2%= 12600; ഒരുദിവസം 560രൂപ) ഈടാക്കേണ്ടത്. 02.06.2015 മുതൽ 28.03.2016വരെ ആകെ 301 ദിവസം. 301 ദിവസത്തിൽ ആദ്യത്തെ 22.5 ദിവസം കഴിഞ്ഞാൽ ബാക്കി 278.5 ദിവസമാണുള്ളത്. 560 പ്രകാരം 278.5ദിവസത്തേക്ക് 1,55,960/- രൂപ ഈടാക്കണം. ആകെ 1,62,260/- രൂപ. പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി അനുവദിക്കാവുന്ന സമയത്തിലധികം ദീർഘിപ്പിച്ച് നൽകിയതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരിൽ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. അനധികൃതമായി പ്രവൃത്തിക്ക് അനുവദിച്ച കാലയളവിലെ പിഴയായി 1,17,940/- രൂപ (1,62,260-44,320 =1,17,940) ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

2. കുത്താളി ഫാമിൽ വാട്ടർടാങ്ക്, കിണർ, പമ്പ്ഹൗസ്, പൈപ്പ് ലൈൻ നീട്ടൽ തുടങ്ങിയ പ്രവൃത്തികൾ ഉൾപ്പെടുത്തി 2012-13ൽ 20 ലക്ഷത്തിന്റെ പദ്ധതിയാണ് തയ്യാറാക്കിയത് (S0712/13). 20 ലക്ഷത്തിന്റെ എസ്റ്റിമേറ്റ് അംഗീകരിച്ചതിന്റെ രേഖയില്ല. പിന്നീട് പദ്ധതി രണ്ടായി ഭാഗിച്ചതായി കാണുന്നു. 6,30,000/- രൂപ യുടെ പമ്പ്സെറ്റ് സ്ഥാപനവും പൈപ്പ് ലൈൻ പ്രവൃത്തിയും 12,80,000/- രൂപയുടെ വാട്ടർടാങ്ക്, പമ്പ്ഹൗസ്, കിണർ നിർമ്മാണ

പദ്ധതിയും. പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം ഒരു പദ്ധതി കാര്യക്ഷമമാക്കുന്നതിനുള്ള എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കണമെന്ന് നിഷ്കർഷിക്കുന്നു. 2012-13ലെ പദ്ധതി ഭാഗിച്ച് രണ്ട് പുതിയ പദ്ധതിയായി തയ്യാറാക്കിയത് മൂലം 2012-13ൽ നിലവിലുണ്ടായിരുന്ന നിരക്കുകളിലും അധിക നിരക്ക് നൽകേണ്ടി വന്നിട്ടുണ്ട്. ആയത് എത്രയെന്ന് പരിശോധിച്ച് നഷ്ടം ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-36 കൂത്താളി കൃഷിഫാമിൽ വാട്ടർടാങ്കും പൈപ്പ് ലൈനും നിർമ്മാണം-അപാകതകൾ.

| | |
|---|---|
| പ്രോജക്ട് നം.S0728/16 | ബിൽ.നം.27/31.03.2016 (9,10,038രൂപ) |
| അടങ്കൽ -10,00,000/- (വികസനഫണ്ട് ജനറൽ) | ഡി.ഡി.നം.205716/01.06.2016 (8,55,436രൂപ) |
| കരാറ്കാരൻ – ബിനോയ് ലൂക്കോസ് | എഗ്രിമെന്റ് നം.10/15-16/തീയതി12.01.2016 |
| സാങ്കേതികാനുമതി -10,00,000/- | പ്രവൃത്തിമൂല്യം – 9,10,038/- |

പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. ഫാമിലുള്ള ഡെയറി ഫാമിലേക്കാവശ്യമായ വെള്ളം ലഭ്യമാക്കുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയത്. 30.09.2015ന് ഇ-ടെണ്ടർ ക്ഷണിച്ചതിന് ശേഷം 06.11.2015ന് വീണ്ടും ടെണ്ടർ ക്ഷണിക്കുകയും ശ്രീ.ബിനോയ് ലൂക്കോസിന്റെ പേരിൽ ടെണ്ടർ ഉറപ്പിക്കുകയും ചെയ്തു.എന്നാൽ 30.09.2015ന് ക്ഷണിച്ച ടെണ്ടറിൽ പങ്കെടുത്തവർ, റീടെണ്ടർ ചെയ്യാനുണ്ടായ സാഹചര്യം, ആദ്യ ടെണ്ടർ റദ്ദ് ചെയ്തതിന്റെ രേഖ തുടങ്ങിയ വിവരങ്ങളൊന്നും ഫയലിൽ ഇല്ല.
2. കരാറുകാരനുമായുള്ള കരാറിലെ വ്യവസ്ഥകൾ പ്രകാരം എം.ഡി.എസ്.എസ് (M.D.S.S.-Madras Detailed Standard Specification) ബാധകമാണ്. എം.ഡി.എസ്.എസ്. സെക്ഷൻ.30 പ്രകാരം ബീം, സ്ലാബ്, കോളം, ചെറിയ ആർച്ചുകൾക്ക് 1:2:4 അനുപാതത്തിലുള്ള സാധാരണ പ്രബലിത സിമന്റ് കോൺക്രീറ്റാണ് വേണ്ടതെന്ന് അനുശാസിച്ചിട്ടുണ്ട്. എന്നാൽ ഓവർഹെഡ് വാട്ടർടാങ്കിന്റെ കോളത്തിനും പ്ലിന്ത് ബീമും 1:1.5:3 അനുപാതത്തിലുള്ള പ്രബലിത സിമന്റ് കോൺക്രീറ്റ് ചെയ്തതായി രേഖപ്പെടുത്തി തുക നൽകിയിട്ടുണ്ട്.
3. വാട്ടർടാങ്ക് നിർമ്മാണവും പൈപ് ലൈൻ സ്ഥാപനവുമാണ് പ്രോജക്ടിന്റെ പേരെങ്കിലും കിണറിൽ പമ്പ് സെറ്റ് സ്ഥാപനത്തിനും ഡെയറിഫാമിലേക്കുള്ള പൈപ് ലൈൻ സ്ഥാപനത്തിനുമായി 46,573/- രൂപ ബിൽ പ്രകാരം ചെലവാക്കിയിട്ടുണ്ട്. 2എച്ച് പിയുടെ സബ്മേസിബ്ൾ (submersible) മോട്ടോർ പമ്പ്സെറ്റാണ് സ്ഥാപിച്ചത്. ഡയറിഫാമിലേക്കുള്ള വെള്ളത്തിന്റെ ആവശ്യകത സംബന്ധിച്ചുള്ള പഠനം നടത്തിയതിന്റെ രേഖകളില്ല. പമ്പ്സെറ്റിന്റെ സ്പെസിഫിക്കേഷൻ നിർണ്ണയിച്ചതിന്റെ അടിസ്ഥാനം വ്യക്തമല്ല.
4. പഞ്ചായത്തിന്റെ പ്രൊക്യൂർമെന്റ് മാനുവലിലെ വ്യവസ്ഥകൾ പ്രകാരമാണ് പമ്പ്സെറ്റ് വാങ്ങിയതെന്നതിന് രേഖകളില്ല.

മേൽപറഞ്ഞ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-37 പൂതുപ്പാടി സീഡ്ഫാം ഡി,ഇ ബ്ലോക്കുകൾക്ക് സംരക്ഷണഭിത്തി നിർമ്മാണം-അപാകതകൾ.

ഫയൽ നം. ഡി-728/15

| | |
|---|---|
| പ്രോജക്ട് നം. S0741/16 | ബിൽ നം.28/15-16/31.03.2016 (15,84,129/-രൂപ) |
| എഗ്രിമെന്റ് നം.13/2015-16/11.02.2016 | സാങ്കേതികാനുമതി – 17,00,00/- രൂപ |
| എം.ബുക്ക് നം.261 | കരാറ്കാരൻ-ബി.അഷ്റഫ് (5.9%കുറവ്) |
| അടങ്കൽ – 16,00,000 /-(വികസനഫണ്ട് ജനറൽ) | പ്രവൃത്തിമൂല്യം – 16,83,452.74/- രൂപ |

പദ്ധതിയുടെ ഫയലുകളും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

- പദ്ധതിയുടെ പ്രവൃത്തിമൂല്യം 16,83,453/-രൂപ, അടങ്കൽ തുകയായ 16,00,000/-രൂപയിൽ പരിമിതപ്പെടുത്താതെയാണ് കരാറ്കാരന് തുക നൽകിയത്. കരാറ്കാരന് ഇത് കാരണം അധിക തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നൽകിയത് | നൽകേണ്ടത് |
|---|---|
| പ്രവൃത്തിമൂല്യം-16,83,452.74 | പ്രവൃത്തിമൂല്യം-16,83,452.74 |
| (-)5.9% 99,323.71 | അടങ്കലിൽ പരിമിതപ്പെടുത്തി-16,00,000 |
| 15,84,129.03 | (-)5.9% = 94,400 |
| നികുതി കുറവ് | 15,05,600 |
| വാറ്റ്(4%)-63365 | നികുതി കുറവ് |
| ആദായനികുതി(1%)-15841 | വാറ്റ്(4%)-60224 |
| കെട്ടിടത്തൊഴിലാളി ക്ഷേമനിധി വിഹിതം(1%)-15841 | ആദായനികുതി(1%)-15056 |
| 95047 | കെട്ടിടത്തൊഴിലാളി ക്ഷേമനിധി വിഹിതം(1%)-15056 |
| 14,89,082.00 | 90336 |
| | 14,15,264 |

ഡി.പി.സി. നടപടിക്രമങ്ങൾ പ്രകാരം 16,00,000/- രൂപക്ക് അംഗീകരിച്ച പദ്ധതിയ്ക്ക് 17,00,000/- രൂപക്ക് സാങ്കേതികാനുമതി ലഭിച്ചതെങ്ങനെയെന്ന് വ്യക്തമല്ല. മേൽപറഞ്ഞ പ്രകാരം 73,818/- രൂപയുടെ (14,89,082-14,15,264) അധിക ചെലവ് തടസ്സപ്പെടുത്തുന്നു.

- 03.09.2015ന് ക്ഷണിച്ച ആദ്യ ഇ-ടെണ്ടറിൽ ശ്രീ.അരുൺകുമാർ വള്ളുവൻ തൊടിയിൽ എന്നയാളുടെ ഒരു ടെണ്ടർ (3.34%കുറവ്) മാത്രമാണ് ലഭിച്ചതെന്ന് ജില്ലപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ കത്തിൽ (ഡി.196/2015 /21.10.2015) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ രേഖപ്പെടുത്തിയിട്ടുണ്ട്. പിന്നീട് 10.12.2015ൽ വീണ്ടും ഇ-ടെണ്ടർ ക്ഷണിക്കുകയും രണ്ട് ടെണ്ടർ ലഭിച്ചതായും 5.9%കുറവ് ക്വോട്ട് ചെയ്ത ബി.അഷ്റഫിന്റെ പേരിൽ ടെണ്ടർ ഉറപ്പിച്ചതായും കാണുന്നു. (അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ 04.01.2016ലെ 196/15നം. കത്ത് കാണുക). എന്നാൽ മുൻ ടെണ്ടർ റദ്ദാക്കിയതിന്റെയോ വിവരം ഏകടെണ്ടർ നൽകിയ ശ്രീ അരുൺ കുമാറിനെ അറിയിച്ചതിന്റെയോ രേഖ ഫയലില്ല. രണ്ടാമത് ക്ഷണിച്ച ടെണ്ടറിൽ ശ്രീ അരുൺ കുമാർ പങ്കെടു ക്കാത്തതും ശ്രദ്ധേയമാണ്.
- ആദ്യ എസ്റ്റിമേറ്റിൽ ഫാമിലെ സി, ഇ, കെ, ബ്ലോക്കുകളിൽ സംരക്ഷണഭിത്തി നിർമ്മിക്കാനും ഫാമിന്റെ അതിർത്തിയിൽ ചെയിൻലിങ്ക് ഫെൻസിംഗ് സ്ഥാപിക്കാനുമായിരുന്നു തയ്യാറാക്കിയത്. പിന്നീട് ജില്ല പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാനും ഫാം ഓഫീസറും നടത്തിയ സംയുക്ത പരിശോധനയിൽ സി ബ്ലോക്കിന് ഡ്രെയിനേജ് കനാൽ നിർമ്മിക്കാൻ തീരുമാനിച്ചതായി എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പറയുന്നു. ആവശ്യകത എന്തെന്ന് നിർണ്ണയിക്കാതെയുള്ള ആസൂത്രണമാണ് ഇത്തരത്തിൽ എസ്റ്റിമേറ്റ് പുതുക്കാൻ കാരണം.എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ തന്നെ സ്ഥലപരിശോധന നടത്തി ആവശ്യമായ കാര്യങ്ങൾ എന്തെന്ന് ഉറപ്പ് വരുത്തുന്നതിന് പകരം മുന്നൊരുക്കങ്ങളൊന്നും നടത്താതെയുള്ള പ്രോജക്ട് രൂപീകരണം അനാവശ്യമായ സമയനഷ്ടത്തിനും അധികജോലിക്കും കാരണമായി.

മേൽപറഞ്ഞ അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-38 <u>വിവിധ ഫാമുകളിൽ ഫെൻസിംഗ്/ചുറ്റുമതിൽ നിർമ്മാണം - പദ്ധതി ലക്ഷ്യം</u>

**<u>പൂർത്തികരിച്ചില്ല.</u>**

ജില്ലാപഞ്ചായത്തിനു കൈമാറിക്കിട്ടിയ വിവിധ കൃഷി ഫാമുകൾക്ക് ഫെൻസിംഗ്/ ചുറ്റുമതിൽ എന്ന പദ്ധതി വിവിധ വർഷങ്ങളായി നടപ്പിലാക്കിയിട്ടുണ്ട്. ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി പേര്, നം, വർഷം | ഫാമിന്റെ പേര് | അടങ്കൽ തുക | ചെലവ് തുക | കരാറുകാരന്റെ പേര് |
|---|---|---|---|---|
| 704/13,<br>2012-13 | പേരാമ്പ്ര | 500,000/-<br>(മെയിന്റനൻസ് ഗ്രാന്റ്) | 4,44,905 | 4,22,526/- (Ddno-129306)<br>നികുതികൾ - 22,379/-, ശ്രീ.തറമേൽ ശശി. |
| 25/14,<br>2013-14 | | 500,000/-<br>(മെയിന്റനൻസ് ഗ്രാന്റ്) | 4,31,359 | 409661/- (DDno-70336/11.4.14)<br>നികുതികൾ-21,698/-,ശ്രീ.തറമേൽ ശശി. |
| 27/14<br>2013-14 | പുതുപ്പാടി | 500,000/- | 4,05,630 | 3,85,227/-(ഡി.ഡിനം. 872053/7.4.2014)<br>നികുതികൾ-24,337/-, ശ്രീ.തറമേൽ ശശി |
| 34/14<br>2013-14 | കൂത്താളി | 300000/-<br>(വികസന ഫണ്ട്) | 10,00,000 | 9,43,962/- (DDno-822057/22.04.2013)<br>നികുതികൾ - 56038/-<br>ശ്രീ.വി.ജെ.ലൂക്കോസ്. |
| 235/14<br>2013-14 | പുതുപ്പാടി | 4,48,069/-<br>(മെയിന്റനൻസ് ഗ്രാന്റ്) | 4,48,069 | 4,25,530/-<br>(Ddno-746055/23.10.13)<br>നികുതികൾ-22539/-<br>ശ്രീ.വി. അരുൺകുമാർ |
| 237/14<br>2013-14 | കൂത്താളി | 928616/-<br>(മെയിന്റനൻസ് ഗ്രാന്റ്) | 9,28,616 | 8,81,904/-(DDno-625400/7.12.13)<br>നികുതികൾ-46712/- |
| 241/14<br>2013-14 | | 20,00,000/-(വികസനഫണ്ട്) | 19,56,289 | 18,57,887/-<br>(DDനം-872035/11.4.14)<br>നികുതികൾ-98402/- |
| 2/15 2014-15 | കൂത്താളി | 1850000 | 16,38,073 | 1602875/-<br>(DD-650686/30.3.15)<br>നികുതികൾ-1,02,311/-<br>ശ്രീ.തറമേൽ ശശി. |
| 8/15<br>2014-15 | പേരാമ്പ്ര | 470000/- | 4,69,042 | 440900/-<br>നികുതികൾ-28142/-<br>ശ്രീവി. അരുൺകുമാർ |
| 875/15<br>2014-15 | കൂത്താളി | 20,00,000/-<br>വികസനഫണ്ട് | 20,00,000 | 19,05,138/- (DDno-043684/31.12.14)<br>നികുതികൾ-94862/-<br>ശ്രീ.വി.ജെ.ലൂക്കോസ് |
| 733/16<br>2014-15 | | 4,40,000/- | 4,27,758 | 402092/- (Ddno-205714/4.4.2016)<br>നികുതികൾ-25666/- |
| ആകെ | | | 83,78,494 | |

ജില്ലപഞ്ചായത്തിന് കൈമാറിക്കിട്ടിയ തിക്കോടി, പേരാമ്പ്ര, പുതുപ്പാടി, കൂത്താളി എന്നീ ഫാമുകളിൽ കൃഷി ചെയ്തു വരുന്ന ഭൂമിയുടെ വിസ്തീർണം, തരിശായികിടക്കുന്ന ഭൂമിയുടെ വിസ്തീർണം, വനഭൂമി ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിസ്തീർണം എന്നീ വിവരങ്ങൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്ററിൽ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സൂക്ഷിയ്ക്കുന്നില്ല. നാളിതുവരെ ഓരോ ഫാമുകളിലും നിർമ്മിച്ചിട്ടുള്ള ഫെൻസിംഗ്, ചുറ്റുമതിൽ എന്നിവയുടെ നീളം, വിസ്തീർണം വർഷം തിരിച്ച് ലഭ്യമാക്കുന്നതിനും, നിർമ്മിയ്ക്കാൻ ബാക്കി നില്ക്കുന്ന ഫെൻസിംഗ്, ചുറ്റുമതിലിന്റെ അളവ് എത്രയെന്നുമുള്ള വിവരവും ഓഡിറ്റിൽ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

സർക്കാരിൽ നിന്നും പ്രസ്തുത ഫാമുകൾ നടത്തുന്നതിന് കൃഷി വകുപ്പിന് ഭൂമി കൈമാറിക്കിട്ടിയതിന്റെ ഉത്തരവ്, വർഷം

എന്നിവയുടെ രേഖകൾ, കൃഷി വകുപ്പ് ജില്ലാപഞ്ചായത്തിന് കൈമാറി നല്കിയതിന്റെ രേഖകൾ, ഓരോ ഫാമിലേയും നിലവിലെ സ്ഥിരം ജീവനക്കാരുടെയും, താല്ക്കാലിക ജീവനക്കാരുടെയും വിശദാംശങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കുനാനാവശ്യപ്പെട്ടിരുന്നെങ്കിലും ആയതും പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. ആയതിനു വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം.13/15-16, 15/15-16) മറുപടി ലഭ്യമാക്കിയിട്ടില്ല. ഒരേ വർഷം ഒരേ ഫാമിന് വിവിധഫണ്ട് ഉപയോഗിച്ച് പദ്ധതികൾ നടപ്പിലാക്കിയതായും കാണുന്നു. 2012-13മുതൽ ഫാമുകളിൽ ഫെൻസിംഗ്/ ചുറ്റുമതിൽ നിർമ്മാണം നടത്തുന്നതിന് ഇത്രയധികം തുക ചെലവഴിച്ചിട്ടും ഒരു ഫാമിലെ ഫെൻസിംഗ് പോലും പൂർത്തികരിച്ചതായി കാണുന്നില്ല. പ്രസ്തുത വിഷയത്തിലേക്കു ഭരണസമിതിയുടെ ശ്രദ്ധക്ഷണിയ്ക്കുന്നു.

## 3-39 <u>അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ (കൃഷി)-കാഷ് ബുക്കിലെ അപാകതകൾ.</u>

അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ(കൃഷി) നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികളുടെ പരിശോധനയിൽ കാഷ്ബുക്കിൽ 2015-16സാമ്പത്തിക വർഷത്തെ ചെലവുകൾ 2016-17ൽ രേഖപ്പെടുത്തിയതായി കാണുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം. | 2015-16ലെ ചെലവ് വിവരം | തുക | കാഷ്ബുക്കിൽ രേഖപ്പെടുത്തിയ തീയ്യതി |
|---|---|---|---|
| 1 | ബിൽ നം.26/31.03.2016 | 5,58,6,76രൂപ | 11.04.2016 |
| 2 | ബിൽ നം.21/02.03.2016 | 38,047രൂപ | 3.05.2016 |
| 3 | ബിൽ നം.29/31.03.2016 | 1,32,661രൂപ | 12.05.2016 |
| 4 | ബിൽ നം.34/31.03.2016 | 16,44,292രൂപ | 30.05.2016 |
| 5 | ബിൽ നം.28/31.03.2016 | 14,89,052രൂപ | 01.06.2016 |
| 6 | ബിൽ നം.27/31.03.2016 | 8,55,436രൂപ | 01.06.2016 |
| 7 | ബിൽ നം.35/31.03.2016 | 2,42,826രൂപ | 06.06.2016 |
| 8 | ബിൽ നം.30/31.03.2016 | 69,787രൂപ | 07.06.2016 |
| 9 | ബിൽ നം.32/31.03.2016 | 4,02,092രൂപ | 15.06.2016 |
| 10 | ബിൽ നം.36/31.03.2016 | 4,31,903രൂപ | 29.06.2016 |
| 11 | ബിൽ നം.33/31.03.2016 | 7,35,092രൂപ | 21.04.2016 |

തുക ലഭിക്കുന്നവർ കൈപ്പറ്റ് രശീതി ഹാജരാക്കുന്ന തീയതി കാഷ്ബുക്കിൽ രേഖപ്പെടുത്തിയ താണ് ഇതിന് കാരണമെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം16/17.3.17)മറുപടി നൽകിയിട്ടുണ്ട്. അതാത് സാമ്പത്തിക വർഷത്തെ ചെലവുകൾ കാഷ്ബുക്കിൽ രേഖപ്പെടുത്തി വർഷാവസാനം ട്രഷറി/ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരിപ്പും കാഷ്ബുക്കിലെ നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുത്തിയതിന്റെ സാക്ഷ്യപത്രം കാഷ്ബുക്കിൽ രേഖപ്പെടുത്തുകയാണ് ചെയ്യേണ്ടത്.

## 3-40 <u>കസ്റ്റം ഹയറിംഗ് സെന്ററിലെ കാർഷിക യന്ത്രോപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ.</u>

പേരാമ്പ്രയിലെ കസ്റ്റം ഹയർസെന്ററിലെ കാർഷിക ഉപകരണങ്ങളുടെ വാടക, അറ്റകുറ്റപ്പണികൾക്കുള്ള ചെലവ് എന്നിവ സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

ഫാമിൽ പ്രവർത്തിയ്ക്കുന്ന കസ്റ്റമർ ഹയർസെന്ററിൽ സൂക്ഷിച്ചിരിയ്ക്കുന്ന 2ട്രാക്ടർ, 1ടില്ലർ, 1കമ്പയിൻഡ് ഹാർവെസ്റ്റർ എന്നിവയുടെ അറ്റകുറ്റപ്പണികൾക്കായി തുക ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത ഉപകരണങ്ങളുടെ വാടക നിരക്ക് ജില്ലാപഞ്ചായത്ത് നിശ്ചയിയ്ക്കുകയും ആയതിൽ ഒരുവിഹിതം ജില്ലാപഞ്ചായത്തിൽ ഒടുക്കിവരുന്നതായും ഹാജരാക്കിയ ഫയൽ പ്രകാരം

കാണുന്നു. 16.11.2013 ലെ സ.ഉ.(എം.എസ്)362/13/ത.സ്വ.ഭ.വ. ക്രമ നം.8 പ്രകാരം ഉപകരണങ്ങളും യന്ത്രങ്ങളും, കൂടാതെ കമ്പയിൻഡ് ഹാർവെസ്റ്റർ, സ്റ്റോബലർ എന്നിവയും ഗ്രാമപഞ്ചായത്തുകൾ/നഗരഭരണ സ്ഥാപനങ്ങൾക്ക് വാങ്ങാവുന്നതാണ്. ഇങ്ങനെ വാങ്ങുന്നവയുടെ നിയന്ത്രണം, മേൽനോട്ടം നടത്തിപ്പ് എന്നിവയ്ക്കായി ഗ്രാമപഞ്ചായത്തുതലത്തിൽ ഒരുസമിതി രൂപീകരിയ്ക്കണം. ഈസമിതിയിൽ ക്രമ നം.8, കോളം 5 പ്രകാരം കർഷകർ മാത്രം അംഗങ്ങളായിട്ടുള്ള സഹകരണ സംഘങ്ങൾ, രജിസ്റ്റർ ചെയ്ത പാടശേഖര സമിതികൾ പ്രാദേശിക തൊഴിലാളികളുടെ രജിസ്റ്റർ ചെയ്ത ഗ്രൂപ്പുകൾ, കൃഷിഭവന്റെ നേതൃത്വത്തിൽ പ്രവർത്തിയ്ക്കുന്ന രജിസ്റ്റർ ചെയ്ത കാർഷിക കർമ്മസേനകൾ, രജിസ്റ്റർ ചെയ്ത കർഷക ഗ്രൂപ്പുകൾ, കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ രൂപീകരിച്ചതും രജിസ്റ്റർ ചെയ്തതുമായ വനിതാ കർഷക ഗ്രൂപ്പുകൾ, കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ രൂപീകരിച്ചതും രജിസ്റ്റർ ചെയ്തതുമായ വനിത കർഷകസംഘങ്ങൾ എന്നിവയ്ക്കു നല്കാം.

ഇവയുടെ ഉടമസ്ഥത തദ്ദേശഭരണ സ്ഥാപനത്തിനായിരിക്കുന്നതും, വില്ക്കാനോ, കൈമാറ്റം ചെയ്യാനോ പാടില്ലാത്തതുമാകുന്നു. യന്ത്രങ്ങൾ ശരിയായി സംരക്ഷിയ്ക്കുമെന്നും പൊതുകാർഷിക ആവശ്യത്തിനു മാത്രമേ ഉപയോഗിക്കു എന്നും അവ നൽകപ്പെടുന്ന സ്ഥാപനവുമായി ഒരുകരാർ ഉടമ്പടിയിൽ ഏർപ്പെടണം. കൂടാതെ സ്വകാര്യ വ്യക്തികൾ ഈടാക്കുന്നതിനെക്കാൾ 25% കുറഞ്ഞ വാടക നിരക്കിൽ കർഷകർക്ക് ലഭ്യമായേക്കാം എന്നും കരാർ വ്യവസ്ഥ വേണം. സമിതികൾക്ക്/ സംഘങ്ങൾക്ക് നല്കുന്ന യന്ത്രോപകരണങ്ങളുടെ സംരക്ഷണ ചെലവ്, അറ്റകുറ്റപ്പണികൾക്കുള്ള ചെലവ് എന്നിവ അവ ഏറ്റെടുക്കുന്ന സമിതികൾ തന്നെ വഹിക്കണം എന്നും ഈ ഉത്തരവിൽ നിഷ്കർഷിക്കുന്നു. ആയതു പ്രകാരം യന്ത്രോപകരണങ്ങളുടെ സൂക്ഷിപ്പ് ഗ്രാമപഞ്ചായത്തുകളുടെ ചുമതലയിൽ പെട്ടതാണ്.

ഫാമിന്റെ പരിധിയിൽ കസ്റ്റമർ ഹയർസെന്ററിൽ സൂക്ഷിച്ചിരിയ്ക്കുന്ന കാർഷിക യന്ത്രോപകരണങ്ങൾ വാടകയ്ക്കു നല്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ജില്ലാപഞ്ചായത്തിനെ ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ അനുമതിയോ,പ്രസ്തുത കെട്ടിടവും, ഉപകരണങ്ങളും, ജില്ലപഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററിൽ പെടുത്തിയതായി സാധൂകരിയ്ക്കുന്നരേഖകളോ ഓഡിറ്റിൽ ഹാജരാക്കിയ ഫയലിൽ നിന്നും ലഭ്യമല്ല. കാർഷിക യന്ത്രോപകരണങ്ങൾ വാടകയ്ക്കു എടുക്കുന്ന വ്യക്തികൾ എഗ്രിമെന്റ് വയ്ക്കുന്നതിന്റെ രേഖകൾ, മേൽ വാഹനങ്ങൾ ഉപയോഗിയ്ക്കുന്നതിന് നാളിതുവരെ എത്ര പേർക്ക് പരിശീലനം നല്കിയെന്നതിന്റെ രേഖകൾ, കസ്റ്റമർഹയർ സെന്റർ ആരംഭിച്ചതുമുതൽ നാളിതുവരെ ലഭ്യമായ വാടക,അറ്റകുറ്റപ്പണികൾക്ക് ചെലവായതുക എന്നിവയുടെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനും , ജില്ലാപഞ്ചായത്ത് നിശ്ചയിച്ച നല്കിയിട്ടുള്ള വാടക നിരക്ക് ഏത് ഉത്തരവിനെ അടിസ്ഥാനമാക്കിയുള്ളതാണ് എന്ന്ആരാഞ്ഞുകൊണ്ടും,ജില്ലാ പഞ്ചായത്തിന്റെ ചുമതലകളിൽ നിന്നും വ്യതിചലിച്ച് പ്രവർത്തിച്ചതിനു വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിനം-14നു മറുപടി ലഭ്യമാക്കിയിട്ടില്ല. 2015-16 വർഷം ഓരോ യന്ത്രോപകരണങ്ങൾക്കുമായി ഇൻഷ്വറൻസ്, അറ്റകുറ്റപ്പണികൾ എന്നിയ്ക്കായി ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉപകരണങ്ങളുടെ പേര് | ഇൻഷ്വറൻസ് തുക | അറ്റകുറ്റപ്പണികൾക്കായി ചെലവഴിച്ച തുക | ബാറ്ററിയ്ക്കു ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | ട്രാക്ടർ നം-kl-11-AM1172 | 3202 | 4600+3336=7936/- | 5650/- |
| 2 | KL-11-AL-9970 | 3169 | | 5650/- |
| 3 | KL-11-AE-8211 | 3155 | | |
| 4 | KL-11-AD-6917 | 3183 | | |
| 5 | KL-11AH-9360 | | 5860/- | 6456/- |
| 6 | KL-11-AL-9970 | | | 5650/- |

| | | | | |
|---|---|---|---|---|
| 7 | ടില്ലർ | | 7913+11699=19612/- | |
| 8 | കമ്പയിൻഡ് ഹാർവെസ്റ്റർ | | 1870+6668=8538/- | |
| | | 12709/- | 41946/- | 23046/- |

കൂടാതെ വിവിധ കൈപ്പറ്റു രസീതുകളിലായി 6,797/- രൂപ ശ്രീ.കെ.റ്റി.രാമചന്ദ്രൻ, മെക്കാനിക്കിന് ക്യാഷ് നൽകിയതായിട്ടുണ്ട്. 12.4.2006 ലെ ജി.ഒ. (പി)177/06ധനം, 21.3.2015ലെ ജി.ഒ(പി)119/2015ധനം എന്നീ ഉത്തരവുകളിലെ ഖണ്ഡിക8.1, 8.2എന്നിവ പ്രകാരം വ്യക്തി/സ്ഥാപനം/കോൺട്രാക്റ്റർ/ സപ്ലൈയർക്കുള്ള 1000/- രൂപയിൽ താഴെയുള്ള തുക പണമായി ലഭ്യമാക്കാവുന്നതാണ് എന്നും, 1000/- രൂപയിൽ അധികമുള്ള ചെലവ് ബാങ്കിംഗ് ട്രഷറിയിൽ ഡി.ഡി.യായി നല്കണം എന്ന് നിഷ്കർഷിക്കുന്നു. ആയത് ഇവിടെ പാലിച്ചിട്ടില്ല. വാഹനങ്ങൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിനു ഗവൺമെന്റ് അപ്രൂവ്ഡ് വർക്ക് ഷോപ്പുകളിൽ നല്കുന്നതായി കാണുന്നില്ല. പി.ഡബ്ല്യു.ഡി മെക്കാനിക്കൽ വിഭാഗത്തിന്റെ പക്കൽ നിന്നും എസ്സെൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് വാങ്ങുന്നതായും കാണുന്നില്ല. 84,498/- രൂപ ഈ ഇനത്തിൽ ചെലവുണ്ടെങ്കിലും 10.01.2000ലെ 4676/പി3/99/ത.സ്വ.ഭ.വ. സർക്കുലർ പ്രകാരം ജില്ലാപഞ്ചായത്തുകൾക്ക് അടിയന്തിര ഘട്ടത്തിൽ 25,000/- രൂപ വരേയുള്ള പെറ്റി വർക്കുകളാണ് തനതുഫണ്ട് ഉപയോഗിച്ച് ജില്ലാ ആസൂത്രണ സമിതി മുൻകൂർ അനുമതിയില്ലാതെ എറ്റെടുക്കാവുന്നത്. ഈ രീതിയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികൾ തുടർന്നു ജില്ലാ ആസൂത്രണ സമിതിയ്ക്ക് റിപ്പോർട്ട് ചെയ്തു സാധൂകരണം വാങ്ങി നടപടി ഉത്തരവിൽ ഉൾപ്പെടുത്തണം. (ഗവ.ലെറ്റർ നം-39957/ഡിബി/09/ത.സ്വ.ഭ.വ, 08.08.2009) ആയത് ജില്ലാ പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്നാണ് ചെലവഴിച്ചിട്ടുള്ളത്. അപാകതകൾ ചൂണ്ടിക്കാട്ടി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും സർക്കാർ നിശ്ചയിച്ച പരിധിയിൽ പെറ്റിവർക്കുകൾ ക്രമീകരിക്കേണ്ടതാണ്.

## **3-41** <u>ഫാം പരിധിയിലെ കാട് വെട്ടുന്നതിനായി സ്വകാര്യ വ്യക്തിയെ ചുമതലപ്പെടുത്തി.</u>

ഫയൽ നം - എ/114/15

പദ്ധതി പേര്, - കൂത്താളി ഫാം - കാട് വെട്ടൽ, 724/16
നിർവ്വഹണ ഉദ്യോഗസ്ഥൻ - ഫാം സൂപ്രണ്ട്
അടങ്കൽ തുക – 3,10,000/- (വി.ഫ. 3,00,000/-, തനത് ഫണ്ട് - 10,000/-)
ചെലവ് - 2,80,400/- [ബിൽ നം.1/15-16, 26.08.2015, (2,10,400/-) 4/15-16, 23.12.2015- (70,000/-)]

കൂത്താളി ഫാമിലെ 30 ഏക്കർ സ്ഥലം കാടുവെട്ടി കൃഷി നടത്തുന്നതിനായിട്ടാണ് മേൽ പദ്ധതി രൂപീകരിച്ചിട്ടുള്ളത്. ഇതിനായി ടെണ്ടർ ക്ഷണിക്കുകയും, ലഭ്യമായ 6 ടെണ്ടറിൽ നിന്നും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ.ടി.പി.രവീന്ദ്രൻ എന്നവരെ തെരഞ്ഞെടുത്ത് പ്രവൃത്തിയേൽപ്പിച്ചു. (ഏക്കറിന് 900/- രൂപ നിരക്കിൽ). പ്രവൃത്തി പൂർത്തിയാക്കിയതിന്റെ അടിസ്ഥാനത്തിൽ 2,70,000/- രൂപ മേൽ വിവരിച്ച ബിൽ മുഖാന്തിരം ട്രഷറിയിൽ നിന്നും പിൻവലിച്ച് നൽകി. ടെണ്ടർ പ്രസിദ്ധപ്പെടുത്തുന്നതിന് പത്രപരസ്യത്തിനായി 10,400/- രൂപ ചെലവഴിച്ചിട്ടുണ്ട്.

08.10.1996ലെ (എം.എസ്) നം.310/96/കൃഷി ഉത്തരവിലൂടെ കൃഷി വകുപ്പിൽ നിന്ന് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലേക്ക് കൈമാറുന്ന അധികാരങ്ങൾ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറികിട്ടിയ കൃഷി വകുപ്പിന്റെ മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനായി പ്രസ്തുത വകുപ്പിലെ തന്നെ എഞ്ചിനീയറിംഗ് വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കോഴിക്കോട് ജില്ല പഞ്ചായത്തിന് കൈമാറികിട്ടിയ കൃഷിവകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന് ജില്ല പഞ്ചായത്ത്, കൃഷിവകുപ്പ്, മറ്റ് ഏജൻസികൾ കാർഷിക ആവശ്യത്തിനുള്ള വിവിധ ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. മേൽ ഉപകരണങ്ങളുടെ പരിപാലനം നിലവിലും പ്രസ്തുത വിഭാഗം തന്നെയാണ് നടത്തുന്നത്. പ്രസ്തുത

വിഭാഗത്തിൽ കാട് വെട്ടുന്ന യന്ത്രവും, പ്രവർത്തിപ്പിക്കാൻ ജീവനക്കാരും ഉണ്ടായിരിക്കേ ടെണ്ടർ നടപടികൾ സ്വീകരിച്ച് വികസന ഫണ്ട് ചെലഴിച്ചത് വിശദീകരിക്കേണ്ടതാണ്. ചെലവ് തുക 2,80,400/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-42 കുടുംബശ്രീ ജില്ലാ മിഷൻ കോഡിനേറ്റർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

| |
|---|
| പദ്ധതി പേര്, നം - ജൈവവാഴകൃഷി, 807/16<br>അടങ്കൽ തുക – 10,51,875 രൂപ (6,86,250/- വികസന ഫണ്ട്, 3,65,625/- ഗുണഭോക്തൃ വിഹിതം )<br>ചെലവ് തുക – 10,51,875 രൂപ (6,86,250/- വികസന ഫണ്ട്, 3,65,625/- ഗുണഭോക്തൃ വിഹിതം )<br>(ബിൽ നം.1/15-16, 31.03.2016) |
| പദ്ധതി പേര്, നം - ജൈവഗ്രാമം-വിത്ത് മുതൽ വിപണി വരെ, 952/16<br>അടങ്കൽ തുക – 21,36,000/- (10,00,000/- വികസന ഫണ്ട്, 3,55,000/-ഗുണഭോക്തൃവിഹിതം സ്ഥാപനത്തിൽഅടയ്ക്കുന്നത്, 7,81,000/- ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കൽ))<br>ചെലവ് തുക – 9,89,170/- (ബിൽ നം. 02/15-16, 31.03.2016) |

കുടുംബശ്രീ ഗ്രൂപ്പിൽ രജിസ്റ്റർ ചെയ്ത സംഘകൃഷി ഗ്രൂപ്പുകൾക്ക് ജൈവ വാഴകൃഷി/പച്ചക്കറി കൃഷി ചെയ്യുന്നതിനുള്ള പദ്ധതികളിലെ ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തിട്ടുള്ളത് ഗ്രാമസഭവഴിയല്ല. സി.ഡി.എസ്. ചെയർപേഴ്സൺ നല്കുന്ന ലെറ്റർ പാഡിൽ ശുപർശ ചെയ്തിട്ടുള്ള ഗ്രൂപ്പുകൾക്ക് ആണ് നല്കിയിട്ടുള്ളത്. എന്നാൽ പ്രസ്തുത ഗ്രൂപ്പുകൾ പ്രവർത്തിയ്ക്കുന്നുണ്ട് എന്ന് തെളിയിക്കുന്ന രേഖകൾ, ഗ്രൂപ്പുകളുടെ അപേക്ഷകൾ, കൃഷിചെയ്യുന്ന ഭൂമിയുടെ അളവ്, തരം, സ്വന്തമാണോ, പാട്ടത്തിനുള്ള ഭൂമിയാണോ, എന്ന വിവരങ്ങൾ, വാഴക്കന്നുകൾ/പച്ചക്കറി വിത്തുകൾ എന്നിവ ഗ്രൂപ്പുകൾ കൈപ്പറ്റിയതിന്റെ രേഖകൾ എന്നിവ ഫയലിനോടോപ്പം ഹാജരാക്കിയിട്ടില്ല. ഗ്രൂപ്പുകളുടെ ബാങ്ക് പാസ്സ്ബുക്കുകളുടെ പകർപ്പ്, ഓരോ ഗ്രൂപ്പുകളിലെയും അംഗസംഖ്യ എന്നിവ സംബന്ധിച്ച വിവരങ്ങളും ഫയലിൽ ഹാജരാക്കിയിട്ടില്ല. വികസന ഫണ്ട് ഉപയോഗിച്ച് ഇത്തരം പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത് കൃഷി മേഖലയിലെ ഉദ്യോഗസ്ഥരെയാണ്. ഇവിടെ കൃഷിമേഖലയിലെ വിദഗ്ധരുടെ മേൽനോട്ടത്തിലോ, നിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ടോ അല്ല പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതി നടപ്പിലാക്കിയതിന്റെ ഉദ്ദേശ്യലക്ഷ്യം സാക്ഷാത്കരിച്ചതായി തെളിയിക്കുന്ന രേഖകളോ, സക്ഷ്യപ്പെടുത്തലുകളോ, ഫയലിനോടോപ്പം ഹാജരാക്കിയിട്ടില്ല. മേലപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

കൂടാതെ രസീതു ബുക്ക് നം-712/1/22.01.2016-ലെ ഗുണഭോക്തൃവിഹിതം 8,105/-രൂപ പിരിച്ചത് അടവാക്കിയിരിയ്ക്കുന്നത് 11.02.2016 ലാണ്. 712/53 മുതൽ 100വരെയും 17.2.2016, 715/1-മുതൽ 7വരെ 18.2.2016തീയതികളിലെ രസീതുകൾ പ്രകാരം ആകെ വരവ് 1,37,500/- രൂപയാണ്. ഈ തുകയിൽ 18.2.2016 ൽ അടവാക്കിയിരിയ്ക്കുന്നത് 1,35,000/- രൂപയാണ്. കുറവ് വന്ന 2,500/- രൂപ അടവാക്കിയിരിയ്ക്കുന്നത് 23.2.2016 നാണ്. യഥാക്രമം 21, 5 എന്നീ ദിവസങ്ങൾ താമസിച്ച് തുക അടവാക്കാനുണ്ടായ കാരണം വ്യക്തമാക്കേണ്ടതാണ്.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ചു കൊണ്ട് നല്കിയ എൻക്വയറി നം- 8നു മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ജൈവ വാഴകൃഷിയ്ക്കു ചെലവഴിച്ച 6,86,250/- രൂപയും, വിത്തു മുതൽ വിപണി വരെ എന്ന പദ്ധതിയ്ക്കു ചെലവഴിച്ച 9,89,170/-രൂപയും ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-43 ജൈവഗ്രാമം - ശുചിത്വഗ്രാമം (സമ്പൂർണ്ണ ശുചിത്വ പദ്ധതി) ചെലവ് രേഖകൾ ഹാജരാക്കിയില്ല.

നിർവ്വഹണം - അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ

പ്രോജക്റ്റ് നം - 845/16

അടങ്കൽ തുക – 6,452,500/-(നിർമ്മൽ പുരസ്കാരവിഹിതം- 14,58,125/-,സംസ്ഥാന വിഹിതം- 29,96,250/-,

ഗുണഭോക്തൃ വിഹിതം-14,98,125/-തനതു ഫണ്ട് - 500000/-)

ചെലവ് തുക - 44,050/- ( നിർമ്മൽ പുരസ്കാരം ചെക്ക് നമ്പർ- 1705355/30.03.2016)

1. പെരുവയൽ ഗ്രാമപഞ്ചായത്തിൽ ഉറവിട മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വിതരണം ചെയ്ത പൈപ്പ് കംപോസ്റ്റിന്റെ വിലയിൽ ജില്ലാ പഞ്ചായത്തിന്റെ വിഹിതമായി 44,050/-നല്കിയിട്ടുണ്ട്. 2014-15 വർഷം പ്രസ്തുത പദ്ധതിയ്ക്കായി കുന്നമംഗലം ബ്ലോക്കിൽ 9പഞ്ചായത്തുകൾക്ക് പരിശീലനം നല്കിയതിനായി 30,800/- രൂപയും ചെലവഴിച്ചിട്ടുണ്ട്. അടങ്കൽ തുക 64,52,500/-രൂപ വകയിരുത്തിയിരുന്നെങ്കിലും രണ്ടു വർഷങ്ങളിലായി ആകെ ചെലവഴിച്ച തുക – 74850/-രൂപ മാത്രമാണ്. ഒൻപതു പഞ്ചായത്തുകൾക്കായി തുക വകയിരുത്തിയിരുന്നെങ്കിലും ഒരു പഞ്ചായത്ത് മാത്രമാണ് പദ്ധതി നിർവ്വഹിക്കാൻ തയ്യാറായിട്ടുള്ളതായി കാണുന്നുള്ളൂ. നിർവ്വഹണം നടത്തിയ ഗ്രാമപഞ്ചായത്തിലെ പൈപ്പ് കംപോസ്റ്റിന്റെ വിതരണം സംബന്ധിച്ച വിവരങ്ങൾ, മോണിറ്ററിംഗ് റിപ്പോർട്ട് ശുചിത്വമിഷന്റെ സ്റ്റിക്കർ പതിച്ചിട്ടുണ്ട് എന്ന്സാക്ഷ്യ പത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവയും ഹാജരാക്കിയിട്ടില്ല.
2. നിർമ്മൽ പദ്ധതി സമ്പൂർണ്ണ ശുചിത്വം

പ്രോജക്റ്റ് നം- 844/16

അടങ്കൽ തുക - 82,819/-

ചെലവ് തുക - 32,250/-

പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റ് വൈദ്യുതി കണക്ഷൻ-ഒ വൈ ഇ സി തുക അടയ്ക്കുന്നതിനു വേണ്ടി 32250/-, കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എഞ്ചിനീയർ, മാവൂർ-ന് തുക നല്കിയിട്ടുണ്ട്.പ്രസ്തുത തുകയുടെ കൈപ്പറ്റ് രസീത്,പദ്ധതിയുടെ നിലവിലെ സ്ഥിതി എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. മേലപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം-30/15-16നല്കിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മേലപാകതകൾ നിലനിൽക്കുന്നതിനാൽ ജൈവഗ്രാമം -ശുചിത്വഗ്രാമം എന്ന പദ്ധതിയ്ക്കായി ചെലവഴിച്ച 44,050/- രൂപയും,നിർമ്മൽ പദ്ധതിയുടെ സമ്പൂർണ്ണ ശുചിത്വം പദ്ധതിയ്ക്ക് ചെലവഴിച്ച 32,250/-രൂപയും ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-44 ഭൗതിക സൗകര്യം ഒരുക്കൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

പദ്ധതി പേര്, നം - ജില്ലപഞ്ചായത്തിന് ഭൗതിക സൗകര്യം ഒരുക്കൽ, 746/16(സ്പിൽ ഓവർ)

നിർവ്വഹണം - സെക്രട്ടറി

അടങ്കൽ തുക – 18,44,056/- (തനത് ഫണ്ട്)

ചെലവ് തുക - 6,86,905/-

ജില്ലപഞ്ചായത്ത് ഓഫീസിലേക്ക് ക്യാമറ, അലമാര, മേശ, പ്രസിഡണ്ടിന് ലാപ്ടോപ്പ് തുടങ്ങിയ സാധന സാമഗ്രികൾ വാങ്ങിക്കുന്നതിനും,ഓഫീസിൽ കയർമാറ്റ് വിരിക്കുന്നതിനും, എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലേക്ക് ലാപ്ടോപ്പ് വാങ്ങിക്കുന്നതിനുമാണ് തുക വകയിരുത്തിയിരിക്കുന്നതും, ചെലവഴിച്ചിരിക്കുന്നതും. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | അളവ്/ എണ്ണം | വിതരണം നടത്തിയ സ്ഥാപനം | തുക | പ്രൊസീഡിംഗ്സ് നം, തീയ്യതി |
|---|---|---|---|---|
| കയർമാറ്റ് വിരിക്കൽ | 321.46 m2 | സിഡ്കോ | 3,70,191 | P7. 4260/14 തീ. 27.11.15 |

| | | | | |
|---|---|---|---|---|
| പബ്ലിക് അഡ്രസ്സ് സിസ്റ്റം | - | Lalsons Electronics | 38,926/- (33996 + Vat 4929) | P7. 4260/14 തീ. 23.03.16 |
| സ്റ്റീൽ അലമാര (4 fixed Shelves 78x36x19" (20G)) | 6 | കാഡ്കോ | 54,733 | P7.4260/14 തീ. 28.03.2016 |
| ക്യാമറ - Canon SX710 HS | 1 | Galaxy Digital Imaging | 21,500 | P7. 4260/14 തീ. 28.03.2016 |
| ലാപ്പ്ടോപ്പ് HP – 250G3-Laptop with Intel Celeron Processor - 4GB RAM-500GB HDD | 2 | കെൽട്രോൺ | 54,400/- (51,809+ vat 2590) | P7.4260/14 തീ. 16.06.2015 |
| Steel Table with one side drawer and cupboard Novopan top(3x2 (20G)) | 21 x 3,249 =78,122 (68,229 + 9893) | കാഡ്കോ | 1,47,155 | P7.4260/14 തീ. 26.03.2016 |
| Steel Chair with Arm | 21x2,871 =69,033 (60,291 +Vat8,742) | | | |
| ആകെ | | | 6,86,905/- | |

ഫയൽ പരിശോധിച്ചതിൽ, താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. സ.ഉ(എം.എസ്) 362/2013/തസ്വഭവ. തീ. 16.11.2013 ഖണ്ഡിക 11.9.ഡി പ്രകാരം സമഗ്ര പരിപാടിയുടെ ഓരോ പ്രവർത്തനങ്ങളും ഓരോ പ്രൊജക്ടുകളായി തയ്യാറാക്കണം. മേൽ പദ്ധതി പ്രകാരം ഫർണ്ണിച്ചർ, ലാപ്ടോപ്പ് തുടങ്ങി പല ഇനങ്ങളിലുള്ള വാങ്ങലുകളാണ് നടത്തിയിരിക്കുന്നത്. ഇതിൽ ഇലക്ട്രോണിക് ഉപകരണങ്ങൾ, ഫർണ്ണിച്ചർ തുടങ്ങി ഇനം തിരിച്ച് പദ്ധതി രൂപീകരിക്കാമായിരുന്നിട്ടും, എല്ലാ ഇനങ്ങളും ഒരു സ്ഥാപനത്തിൽ നിന്നും ലഭ്യമല്ലെന്നിരിക്കേ എല്ലാവിധ വാങ്ങലുകളും ഒരു പദ്ധതിയിലൂടെ നടപ്പാക്കി. സാധനങ്ങൾ പ്രത്യേക ഗ്രൂപ്പുകളായി തരം തിരിച്ച് ഓരോ ഗ്രൂപ്പിനും പ്രത്യേക ടെണ്ടർ/ക്വട്ടേഷൻ ക്ഷണിക്കാതിരുന്നത് മേൽ വിവരിച്ച സർക്കാർ ഉത്തരവിന്റേയും, 8.11.2010 ലെ (പി)259/2010/ത.സ്വ.ഭ.വ. നം ഉത്തരവിന്റേയും ലംഘനമാണ്. (ത.സ്വ.ഭ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ)
2. ജില്ലപഞ്ചായത്ത് ഓഫീസിൽ കയർമാറ്റ് വിരിക്കുന്നതിന് സിഡ്കോയ്ക്ക് 3,70,191/- രൂപ നൽകിയിട്ടുണ്ട്. 13.11.2015 ലെ ഡി1/ ജനറൽ/2015 പ്രകാരം കയർമാറ്റ് വിരിച്ചതിന്റെ അളവ് 321.46m2 ആയി എക്സിക്യൂട്ടീവ് എഞ്ചിനീയർ തിട്ടപ്പെടുത്തി നൽകിയിട്ടുണ്ട്. എന്നാൽ, കയർമാറ്റ് വിരിക്കുന്നതിനു മുന്നോടിയായി റഫ് എസ്റ്റിമേറ്റ് തയ്യാറാക്കിയില്ല. കൂടാതെ ഏതൊക്കെ സ്ഥലങ്ങളിൽ എത്ര വിസ്തൃതിയിൽ കയർമാറ്റ് വിരിക്കണമെന്നത് സംബന്ധിച്ച് ആവശ്യകത സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ക്വട്ടേഷൻ നടപടി സ്വീകരിക്കാതെ, കയർമാറ്റ് വിരിക്കുന്നതിനായി സിഡ്കോയെ ചുമതലപ്പെടുത്തിയതിന്റെ സാഹചര്യം വ്യക്തമായില്ല. സിഡ്കോയ്ക്ക് കയർമാറ്റ് വിരിക്കുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ജില്ലപഞ്ചായത്തിൽ ഒരു എൽ.എസ്.ജി.ഡി വിഭാഗം ഉണ്ടായിരിക്കേ ഇത്തരത്തിലുള്ള പ്രവൃത്തി നടത്തുന്നതിനു മുമ്പായി നിയമപ്രകാരമുള്ള നടപടി സ്വീകരിച്ചില്ല.
3. ക്യാമറ വാങ്ങുന്നതിനായിട്ടുള്ള 30.02.2014 ലെ പി7. 4260/14 പ്രകാരം ക്വട്ടേഷൻ നോട്ടീസ് ഫയലിലുണ്ട്. എന്നാൽ ക്വട്ടേഷൻ നടപടി സ്വീകരിച്ചതിന്റെ രേഖകൾ ഫയലിൽ ഇല്ല.
4. കാഡ്കോയ്ക്ക് നൽകിയ 1,47,155/- രൂപയുടേതിന് ഒഴികെയുള്ളവയുടെ സംഗതിയിൽ, തുക കൈമാറിയതിന്റെയോ, തുക കൈപ്പറ്റിയതിന്റെയോ രേഖകൾ ഫയലിൽ ഇല്ല.
5. പദ്ധതിയുടെ ചെലവ് സംബന്ധമായ വൗച്ചറുകൾ/ബിൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (33/29.03.2017) മറുപടി

ലഭ്യമാക്കിയിട്ടില്ല. 686905/- രൂപയിൽ 147155/- രൂപ ഒഴികെയുള്ള 539750/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-45 കായക്കൊടി ഗ്രാമപഞ്ചായത്തിലെ പൂളക്കണ്ടി അംഗനവാടിയ്ക്കു കെട്ടിട നിർമ്മാണം- ജില്ലപഞ്ചയത്ത് വിഹിതം നൽകൽ.

പ്രോജക്ട് നം - എസ്.ഒ/75/16

അടങ്കൽ തുക -5,00,000/- (2,00,000/- ഗ്രാമപഞ്ചായത്ത് വിഹിതം 3,00,000/- ജില്ലപഞ്ചായത്ത് വിഹിതം)

ചെലവ് തുക – 2,85,979/- ബിൽ നം1/15-16, 31.03.2016

നിർവ്വഹണ ഉദ്യോഗസ്ഥ – ഐ.സി.ഡി.എസ്. പ്രോജക്റ്റ് ഓഫീസർ

പ്രസ്തുത പദ്ധതിക്കായി ജില്ലാപഞ്ചായത്ത് വിഹിതം നിർവ്വഹണ ഉദ്യോഗസ്ഥ സെക്രട്ടറി, കായക്കൊടി ഗ്രാമപഞ്ചായത്ത് എന്ന പേരിൽ ഡി.ഡി.എടുത്ത് നല്കിയെങ്കിലും ആയത് കൺവീനർക്ക് നല്കുവാൻ സാധിയ്ക്കില്ല എന്നും, കൺവീനറുടെ പേരിൽ ഡി.ഡി. മാറ്റിനല്കണമെന്നുമറിയിച്ചുകൊണ്ട് സെക്രട്ടറി പ്രോഗ്രാം ഓഫീസർക്ക് നല്കിയ കത്ത് ഹാജരാക്കിയ ഫയലിൽ കാണുന്നു. 31.03.2016 ന മാറിയ ഡി.ഡി. ഓഡിറ്റ് കാലയളവ് വരെയും കൈമാറാത്ത സാഹചര്യത്തിൽ ഡി.ഡി.യുടെ വാലിഡിറ്റി നഷ്ടപ്പെട്ടതായും ഫയൽ പരിശോധിച്ചതിൽ നിന്നും മനസ്സിലാക്കുവാൻ സാധിച്ചു. തുക മാറുന്നതിനുവേണ്ടി സ്വീകരിച്ച നടപടികളുടെ വിവരങ്ങളും മേലപാകതകൾക്കുള്ള വിശദീകരണങ്ങളും ലഭ്യമാക്കണമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പിൻവലിച്ച തുക നാളിതുവരെ ചെലവഴിയ്ക്കാതിരുന്നത്/തിരിച്ചടയ്ക്കാതിരുന്നത് 12.04.2006ലെ (പി)177/2006 ധനം, 21.03.2015 ലെ (പി)119/2015/ധനം എന്നീ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കു വിരുദ്ധമാണ്. പിൻവലിച്ച തുക 2,85,979/- രൂപ തിരികെ അടവാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 3-46 കമ്പ്യൂട്ടർ എ.എം.സി. - സർക്കാർ നിർദ്ദേശവും വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല സമിതിയുടെ നിർദ്ദേശവും പാലിച്ചില്ല.

വൌച്ചർ നം. 21501026, 27.01.2016 – 53,200/-

ജില്ലപഞ്ചായത്ത് കാര്യാലയത്തിൽ ഉപയോഗിക്കുന്ന കമ്പ്യൂട്ടറുകളുടേയും അനുബന്ധ സാധനങ്ങളുടേയും വാർഷിക അറ്റകുറ്റപണി നടത്തുന്നതിന് സ്വകാര്യ ഏജൻസിയായ മൊണാർക്ക് സിസ്റ്റം, കോഴിക്കോട് എന്ന സ്ഥാപനത്തിന് അനുവദിച്ചതാണ് മേൽ വിവരിച്ച ചെലവ് തുക. പഞ്ചായത്ത് കാര്യാലയത്തിലെ കമ്പ്യൂട്ടറുകളുടെ പ്രവർത്തനം അവലോകനം നടത്തിയതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപെടുകയുണ്ടായി.

1. കമ്പ്യൂട്ടറുകളിൽ ആന്റിവൈറസ് സംവിധാനങ്ങൾ ഇൻസ്റ്റാൾ ചെയ്തിട്ടില്ല.
2. പൈറേറ്റഡ് സോഫ്റ്റ് വെയറുകൾ, തേഡ് പാർട്ടി യൂട്ടിലികൾ (ഫേസ് ബുക്ക്, യൂടൂബ് തുടങ്ങിയവ) എന്നിവ ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നില്ല.
3. കമ്പ്യൂട്ടർ വയറിംഗിന്റെ എർത്തിംഗ് 6 മാസത്തിലൊരിക്കൽ പരിശോധിച്ച് ഉറപ്പ് വരുത്തുന്നില്ല.
4. കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവക്ക് ഹാർഡ് വെയർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
5. പരാതി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

മേൽ അപാകതകൾ നിലനിൽക്കെയാണ് പഞ്ചായത്ത് കാര്യാലയത്തിലെ കമ്പ്യൂട്ടറുകളുടേയും, അനുബന്ധ ഉപകരണങ്ങളുടേയും എ.എം.എസി ക്കായി സ്വകാര്യ ഏജൻസിക്കായി തുക നൽകിയത്.

- 24.06.2011 ലെ (ആർ.റ്റി)നമ്പർ 1509/11/ ത.സ്വ.ഭ.വ നം ഉത്തരവിലൂടെ പഞ്ചായത്തുകളിൽ വിന്യസിച്ച കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ എ.എം.സി. ക്ക് കരാറുകാരുടെ ജില്ല തല പട്ടിക സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ പട്ടികയിൽ ഉൾപ്പെട്ട സ്ഥാപനമല്ല മൊണാർക്ക് സിസ്റ്റം, കോഴിക്കോട് എന്നവർ. പ്രസ്തുത

സ്ഥാപനം പഞ്ചായത്തിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾ പരാതി രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ പരിശോധിക്കുവാൻ സാധിച്ചില്ല.

- 10.01.2000 ലെ 4676/പി.3/99/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം ജില്ലപഞ്ചായത്തുകൾക്ക് അടിയന്തിര ഘട്ടത്തിൽ 25,000/- രൂപ വരേയുള്ള പെറ്റി വർക്കുകളാണ് തനത് ഫണ്ട് വിനിയോഗിച്ച് ജില്ല ആസൂത്രണ സമിതിയുടെ മുൻകൂർ അനുമതി ഇല്ലാതെ ഏറ്റെടുക്കാവുന്നത്. ഈ രീതിയിൽ ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ തുടർന്നു ജില്ല ആസൂത്രണ സമിതിക്ക് റിപ്പോർട്ട് ചെയ്ത് സാധൂകരണം വാങ്ങി നടപടി ഉത്തരവിൽ ഉൾപ്പെടുത്തണം. (ഗവ. ലെററർ നം.39957/ ഡി.ബി/09/ ത.സ്വ.ഭ.വ. 08.08.2009, വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല സമിതിയുടെ 23.07.2009 ലെ തീരുമാനം. 23) എന്നാൽ ഓഡിറ്റ് വർഷത്തിൽ തനത് ഫണ്ട് വിനിയോഗിച്ച് 28 കമ്പ്യൂട്ടറുകളുടെ വാർഷിക അറ്റകുറ്റപണി (എ.എം.സി) നടത്തുന്നതിനായി മൊണാർക്ക് സിസ്റ്റം, കോഴിക്കോട് എന്ന സ്ഥാപനത്തിന് 53,200/- രൂപ അനുവദിച്ചെങ്കിലും മേൽ വിവരങ്ങൾ ഉൾപ്പെടുത്തി ജില്ലാ ആസൂത്രണ സമിതിക്ക് റിപ്പോർട്ട് ചെയ്യുകയോ, സാധൂകരണത്തിനു വാങ്ങി നടപടി ഉത്തരവിൽ ഉൾപ്പെടുത്തുകയോ ചെയ്തില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

## **3-47** സർക്കാർ അനുമതിയില്ലാതെ എസ്.പി.സി. പ്രവർത്തനങ്ങൾക്ക് സംഭാവന നൽകി.

ഫയൽ നം - പി.6/2237/15

ചെലവ് - 1,00,000/- [വൌച്ചർ നം.21500038, തീയ്യതി .21.04.2015]

കോഴിക്കോട് റൂറൽ ജില്ലയിൽ സ്റ്റുഡന്റസ് പോലീസ് സീനിയർ കേഡറ്റുകളുടെ വാർഷിക ക്യാമ്പ് നടത്തുന്നതിനായി ജില്ല പഞ്ചായത്ത് വിഹിതമിനത്തിൽ 1,00,000/- രൂപ എസ്.പി.സി. ജില്ല നോഡൽ ഓഫീസർക്ക് അനുവദിച്ചിട്ടുണ്ട്. 02.01.2012ലെ (സാധാരണ)03/2012/ത.സ്വ.ഭ.വ. നം ഉത്തരവിലൂടെ സംസ്ഥാനത്തെ നഗരസഭ, ഗ്രാമപഞ്ചായത്ത് സ്ഥാപനങ്ങൾക്കാണ് അവരുടെ തനത് ഫണ്ടിൽ നിന്നും പ്രതിവർഷം 50,000/- രൂപയിൽ അധികരിക്കാത്ത തുക സ്റ്റുഡന്റസ് പോലീസ് കേഡറ്റ് പദ്ധതി നടപ്പാക്കുന്ന വിദ്യാലയങ്ങൾക്ക് ധനസഹായം നൽകുവാൻ സർക്കാർ അനുമതി നൽകിയിട്ടുള്ളത്. എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമായിട്ടാണ് ജില്ലാ പഞ്ചായത്തിന്റെ തനത് ഫണ്ടുപയോഗിച്ച് സംഭാവന നൽകിയത്. മേൽ സർക്കാർ നിർദ്ദേശം പാലിക്കാതെ തുക ചെലവഴിച്ചത് അടിസ്ഥാനമാക്കിയ അനുമതി വിവരം ലഭ്യമാക്കാത്തതിനാൽ ചെലവ് തടസ്സം ചെയ്യുന്നു.

## **3-48** നിയമവിരുദ്ധമായി തസ്തികകൾ സൃഷ്ടിച്ച് നിയമനങ്ങൾ നടത്തുന്നു.

1997 ലെ കേരള പഞ്ചായത്ത് രാജ് (ഉദ്യോഗസ്ഥൻമാരുടെ മേൽ നിയന്ത്രണം)ചട്ടങ്ങളിലെ ചട്ടം.3 (8) പ്രകാരം പഞ്ചായത്തിന് സേവനം വിട്ടു കൊടുക്കപ്പെട്ട സർക്കാർ ഉദ്യോഗസ്ഥർ സ്ഥലം മാറ്റം മൂലമോ, അവധിമൂലമോ, മറ്റേതെങ്കിലും കാരണം കൊണ്ടോ പഞ്ചായത്തിന് സേവനം വിട്ടുകൊടുക്കപ്പെട്ട ഒരു സർക്കാർ ഉദ്യോഗസ്ഥന്റേയോ ജീവനക്കാരന്റേയോ തസ്തികയിൽ ഒഴിവുണ്ടായാൽ പ്രസ്തുത ഒഴിവ് നികത്തുന്നതിന് മറ്റൊരു സർക്കാർ ഉദ്യോഗസ്ഥന്റേയോ, ജീവനക്കാരന്റേയോ സേവനം ഉടനെ വിട്ടു കിട്ടാത്ത സാഹചര്യത്തിൽ, സർക്കാരിന്റെ പൊതുമാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി ബന്ധപ്പെട്ട നിയമനാധികാരിയെ മുൻകൂട്ടി അറിയിച്ചു കൊണ്ട്, ആ ഒഴിവിൽ

(എ) എംപ്ലോയ്മെന്റ് എക്സ് ചേഞ്ച് മുഖേനയോ

(ബി) എംപ്ലോയ്മെന്റ് എക്സ് ചേഞ്ച് മുഖേന ഒരു ഉദ്യോർഗാർത്ഥിയെ ലഭിക്കാതിരിക്കുന്ന സാഹചര്യത്തിൽ

സർക്കാർ പ്രത്യേകം നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരം കരാർ അടിസ്ഥാനത്തിലോ മറ്റൊരാളെ 6 മാസത്തിൽ കൂടുതലല്ലാത്ത കാലയളവിലേക്കോ ഒരു സർക്കാർ ഉദ്യോഗസ്ഥനോ, ജീവനക്കാരനോ പ്രസ്തുത ഒഴിവിലേക്ക് നിയമിക്കപ്പെടുകയോ ഇതിൽ ഏതാണോ ആദ്യം അതുവരേയ്ക്കായി താൽകാലികമായി നിയമിക്കാവുന്നതാണ്.

സർക്കാർ അനുവദിച്ച തസ്തികകൾ, പ്രത്യേക ഉത്തരവുകൾ മുഖാന്തിരമുള്ള നിയമനങ്ങൾ എന്നിവ കൂടാതെയും പഞ്ചായത്ത് ഭരണസമിതി സ്വയം തീരുമാനമെടുത്ത് തസ്തികകൾ സൃഷ്ടിച്ച് ഫാമുകളിൽ വാച്ച് മാൻ, എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഡാറ്റ എൻട്രി ഓപ്പറേറ്റർ തുടങ്ങിയ നിയമനങ്ങൾ നടത്തി തനത് ഫണ്ടിൽ നിന്നും വേതനമിനത്തിൽ 2,16,301/- രൂപയും, യാത്രബത്തയിനത്തിൽ 13,864/- രൂപയും നൽകിയിട്ടുണ്ട്. സർക്കാരിന്റെ അനുമതിയില്ലാതെ നിയമനങ്ങൾ നടത്തി പഞ്ചായത്ത് ഫണ്ടിൽ നിന്നും വേതനം നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പഞ്ചായത്ത് കാര്യാലയത്തിലെ തസ്തികകളിൽ ജീവനക്കാരെ നിയമിക്കുമ്പോൾ നിയമനാധികാരിയുടെ അംഗീകാരവും ലഭ്യമാക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

തൻവർഷം സംയുക്ത പദ്ധതിക്കായി 26,00,000/- രൂപ ലഭിച്ചിട്ടുണ്ട്

| പദ്ധതിയുടെ പേര്, നം | വിഹിതം നൽകിയ സ്ഥാപനം | തുക | ഡി.ഡി.നം, തീയ്യതി | ചെലവ് |
|---|---|---|---|---|
| ജില്ല പഞ്ചായത്ത് തെരുവ് നായ നിയന്ത്രണ പദ്ധതി, 906/16 | ചാത്തമംഗലം ഗ്രാമപഞ്ചായത്ത് | 2,00,000 | 049988, 02.02.2016 | --- |
| | തിരുവമ്പാടി ഗ്രാമപഞ്ചായത്ത് | 2,00,000 | 052658, 25.02.2016 | --- |
| | പെരുവയൽ ഗ്രാമപഞ്ചായത്ത് | 2,00,000 | 482836, 14.03.2016 | -- |
| | ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് | 2,00,000 | 251853, 22.03.2016 | --- |
| | പെരുമണ്ണ ഗ്രാമപഞ്ചായത്ത് | 25,000 | 783274, 21.03.2016 | ---- |
| | | 25,000 | 783273, 21.03.2016 | |
| | | 37,993 | 483905, 24.03.2016 | |
| | | 1,12,007 | 483929, 24.03.2016 | |
| | കാരശ്ശേരി ഗ്രാമപഞ്ചായത്ത് | 2,00,000 | 14909, 28.03.2016 | ---- |
| | വേളം ഗ്രാമപഞ്ചായത്ത് | 2,00,000 | 253311, 28.03.2016 | ---- |
| | അരിക്കുളം ഗ്രാമപഞ്ചായത്ത് | 2,00,000 | 253310, 28.03.2016 | ---- |
| | കായണ്ണ ഗ്രാമപഞ്ചായത്ത് | 2,00,000 | 253412, 30.03.2016 | ---- |
| | കുന്നമ്മൽ ഗ്രാമപഞ്ചായത്ത് | 2,00,000 | 514366, 23.03.2016 | ---- |
| | ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത് | 2,00,000 | 253329, 28.03.2016 | ---- |
| | പുറമേരി ഗ്രാമപഞ്ചായത്ത് | 2,00,000 | 979723, 28.03.2016 | ---- |
| | എടച്ചേരി ഗ്രാമപഞ്ചായത്ത് | 2,00,000 | 807353, 08.01.2016 | |
| | | 26,00,000 | | |

### 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭ്യമായ വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്.ഭവന പദ്ധതി, സ.ഉ.(സാധാ)2540/ 2010/ത.സ്വ.ഭ.വ, 03.08.2010 | 28,21,95,000 | 1,13,65,903 | ---- | ---- | ---- | 1,13,65,903 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി.

ഇല്ല

## 4-7 ചാർജ്ജ് -സർചാർജജ് നടപടികൾ സ്വീകരിച്ചതിന്റെ വിവരം

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 16 പ്രകാരം ചാർജ്ജ് / സർചാർജ്ജ് നടപടികൾ സ്വീകരിച്ചതിന്റേയും തുക ഈടാക്കിയതിന്റേയും പുരോഗതി വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ഓഡിറ്റ് റിപ്പോർട്ട് വർഷം ഖണ്ഡിക-നം | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ, ഉദ്യോഗപ്പേര് | ചാർജ്ജ്/സർചാർജ്ജ് നോട്ടീസ്/സർട്ടിഫിക്കറ്റ് നമ്പർ, തീയതി | തുക | അടവിന്റെ വിശദാംശം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|---|
| 1 | 1997-98<br>43, 51 | ശ്രീ. എസ്. രാധാകൃഷ്ണൻ നായർ<br>എ.ഡി.സി, എസ്.ഐ.ആർ.ഡി | എൽ.എഫ്.9695/ സ്പെ.സെൽ/എസ്.സി. 4, 01.11.2002 | 13,895 | ------ | ലഭ്യമല്ല |
| 2 | 1990-00<br>26<br>65(3),(4),(6) | ശ്രീ.ഇ.കൃഷ്ണൻ<br>സെക്രട്ടറി<br>ശ്രീ.കെ.പി.പ്രേമൻ, ഡയറക്ടർ, ഫുഡ് പ്രോസസ്സിംഗ് ട്രെയിനിംഗ് സെന്റർ | എൽ.എഫ്.16197/ സ്പെ.സെൽ/എസ്.സി. 5(a)/03, 26.12.2006<br>എൽ.എഫ്.16197/ സ്പെ.സെൽ/എസ്.സി. 5/03, 25.11.2005 | 9,310<br>1,30,672 | ------ | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, വകുപ്പ് 23 പ്രകാരം സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടതും, നിയമസഭാസമിതിയുടെ പരിഗണനയിലുള്ളതുമായ ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ അനുബന്ധം 3 ആയി റിപ്പോർട്ടിനോടൊപ്പം കൊടുത്തിട്ടുണ്ട്.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 41,24,90,509 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 81,42,97,395 |
| വരവിനങ്ങളിലുള്ള നഷ്ടം | 6,77,183 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 73,60,708 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,53,85,181 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 (i) | 2,105 | | ശ്രീ.മുഹമ്മദ് അഷ്‌റഫ്. എ, എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 2-3 (ii) | 1,278 | | ശ്രീ.ഡാനിയൽ മാത്യൂ, സൂപ്രണ്ട്, കൂത്താളി കൃഷി ഫാം |
| 2-3 (iii) | 2,025 | | ഡോ.പി.പി. കണാരൻ, ഡപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം |
| 2-6 | 6,71,775 | | ശ്രീമതി. ജലജാമണി.വി.ഡി, എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-18 | | 68,56,807 | ശ്രീ.മുഹമ്മദ് അഷ്‌റഫ്. എ, എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-19 | | 14,858<br>14,858<br>14,859 | ശ്രീമതി. ഉഷാകുമാരി. പി.പി, അസി. എഞ്ചിനീയർ<br>ശ്രീ. കെ.ദിലീപ് കുമാർ, അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ<br>ശ്രീ.മുഹമ്മദ് അഷ്‌റഫ്. എ, എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-20(എ) | | 32,494 | ശ്രീ.മുഹമ്മദ് അഷ്‌റഫ്. എ, എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-20(ബി) | | 80,975 | ശ്രീ.മുഹമ്മദ് അഷ്‌റഫ്. എ, എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-24 | | 55,650 | ശ്രീ.മുഹമ്മദ് അഷ്‌റഫ്. എ, എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-26 | | 1,72,267 | ശ്രീ.മുഹമ്മദ് അഷ്‌റഫ്. എ, എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-35 | | 1,17,940 | ശ്രീ.ടി.അഹമ്മദ് കബീർ, അസി. എക്സി. എഞ്ചിനിയർ (കൃഷി) |
| ആകെ | 6,77,183 | 73,60708 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 3,29,300 | ശ്രീ.ഗിരീഷ് ചോലയിൽ, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ |
| 3-3 | 30,80,785 | ശ്രീ.ഗിരീഷ് ചോലയിൽ, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ |
| 3-4 | 1,12043 | ശ്രീ.ഗിരീഷ് ചോലയിൽ, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ |
